

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2023 മാർച്ച്
വില ₹25

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ




**1947 ആഗസ്റ്റ് 15 ന്റെ കഥ**
സന്ധ്യാ റാവു
(വൈജ്ഞാനികം)
തർജമ: ജി മോഹനകുമാരി
വില ₹50



**ദാണ്ഡിയാത്രയുടെ കഥ**
സന്ധ്യാ റാവു
(വൈജ്ഞാനികം)
തർജമ: ജി മോഹനകുമാരി
വില ₹50



**ടിപ്പുസുൽത്താന്റെ കഥ**
സന്ധ്യാ റാവു
(വൈജ്ഞാനികം)
തർജമ: മീനു ജോസ്
വില ₹50



**ഝാൻസി റാണിയുടെ കഥ**
സന്ധ്യാ റാവു
(വൈജ്ഞാനികം)
തർജമ: ആൻസി സിറിയക്
വില ₹50




**വി ടി നന്ദകുമാർ**
(മുസിരിസ് ജീവചരിത്രപരമ്പര)
അതുൽ ജുബറ്റ്
വില ₹80




**ഫേസ്ബുക്ക്**
(ചിത്രപുസ്തകം)
സൈജ എസ്
വില ₹100



**നമ്മുടെ ദേശീയപതാകയും ദേശീയഗാനവും**
(വൈജ്ഞാനികം)
നേശൻ ടി മാത്യു
വില ₹90

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

## കോപ്പികൾക്ക്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക്
രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക. MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയയ്ക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയയ്ക്കാവുന്നതാണ്.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മാർച്ച് 2023
വില ₹25
വാർഷികവരിസംഖ്യ ₹250

## ഉള്ളടക്കം



## കുറുക്കൻ

6

**സച്ചിദാനന്ദൻ**

ആരെയും ഞാൻ ചതിച്ചിട്ടില്ലിതേ വരെ
ആരെയും കൊന്നിട്ടുമില്ലാ.
മാളങ്ങളിൽ പോയൊളിപ്പതു നിങ്ങളെ-
പ്പേടിക്കയാൽ മാത്രമല്ലോ.

## ദൈവക്കിളി

**റഫീക്ക് അഹമ്മദ്**



8

കവികളാ ഗാനരസം നുകർന്നു
കവിതകളെത്ര രചിച്ചതല്ലോ
അതിനാർദ്രമധുരമാം മൂളൽപോലും
അനുകരിച്ചില്ലയോ ഗായകന്മാർ.

## കല്ലിൽനിന്നു കലയിലേക്ക്

28

**ഡോ. അജിത്കുമാർ ജി**



ഹംപിയിലും അജന്തയിലും എല്ലോറയിലുമെല്ലാം കല്ലിൽ തീർത്ത ശില്പങ്ങൾ കണ്ട് കലാസ്വാദകരായി നടക്കുമ്പോൾ ആ പാറകൾക്ക് നമ്മോടു പറയാൻ കുറെ കഥകളുണ്ട്. കാലമേറെ മുൻപ് ദിനോസോറുകളും മറ്റു ജീവനുകളുമെല്ലാം പൊലിഞ്ഞു പോയ ഒരു ദുരന്തകാലത്തെ കഥ.

**ഹോർത്തൂസ് മലബാറിക്കൂസിലൂടെ**.....................5
ഡോ. ബി ഇക്ബാൽ

**കുളത്തിലൊരു മീമിക്കുഞ്ഞ്**.......7
പാർവതി

**കാ... കാ... നയതന്ത്രം**.................10
അരുൺ രവി

**ഫോസിലുകൾ പറഞ്ഞ കഥ**.......14
ഡോ. രതീഷ് കൃഷ്ണൻ

**നെപ്പോളിയനെ മുയലുകൾ ആക്രമിച്ചപ്പോൾ**............................18
ജൂലിയസ് മാനുവൽ

**കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ**...................................20
സുഭാഷ് ഒട്ടുംപുറം

**വവ്വാലും നിശാശലഭവും**............ 24
വിജയകുമാർ ബ്ലാത്തൂർ

**കടപയാദി**..................................27
പള്ളിയറ ശ്രീധരൻ

**പരോപകാരം**................................33
ബിൻസി ജെയിംസ്

**പവിത്രൻ മാഷും കുട്ടികളും**......34
അഗസ്റ്റിൻ കുട്ടനെല്ലൂർ

**നല്ല പാട്ടു വിരിയാൻ**....................37
സുരേന്ദ്രൻ കാടങ്കോട്

**പ്രൈം വോളിലീഗ്**......................38
ഡോ. അജീഷ് പി ടി

**ഇളംതളിര്**..................................42

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**വിഷ്ണു എസ്**

കവർ
**രശ്മി രാഘവൻ**

ആർട്ട്
**അരുൺ ജി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

**e-mail : thaliru@ksicl.org,
director@ksicl.org**

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**



വര: അരുൺ ഗോകുൽ

# ദിനങ്ങളുടെ പ്രാധാന്യം



പരീക്ഷകളുടെ മാസമാണ് മാർച്ച്. എല്ലാവരും പരീക്ഷകളുടെ തിരക്കിലായിരിക്കും എന്നറിയാം.

ലോകജലദിനം, ലോകവനിതാദിനം, ലോകവന്യജീവിദിനം, ലോകകാലാവസ്ഥാദിനം, പൈ ദിനം, അന്താരാഷ്ട്ര സന്തോഷദിനം, വർണ്ണവിവേചനത്തിന് എതിരെയുള്ള അന്താരാഷ്ട്രദിനം, ലോകഗണിതദിനം തുടങ്ങി ഒട്ടനവധി ആചരണങ്ങളും മാർച്ചിൽ തന്നെയാണ്. പകലും രാത്രിയും തുല്യദൈർഘ്യമാകുന്ന സമരാത്രദിനവും മാർച്ചിലാണ്. ഇത്തരം ദിനങ്ങളെക്കുറിച്ചു മനസ്സിലാക്കുന്നതും ആചരിക്കുന്നതും ഒട്ടേറെ പുതിയ അറിവുകൾ നേടാൻ നിങ്ങളെ സഹായിക്കും. പുതിയ ലോകവീക്ഷണം കെട്ടിപ്പടുക്കാനും ലോകത്തു നടക്കുന്ന മാറ്റങ്ങളെക്കുറിച്ചറിയാനും ഇത്തരം ദിനാചരണങ്ങളിൽ പങ്കെടുക്കുന്നത് ഏറെ ഗുണകരമാണ്.

ഓരോ വർഷവും ഓരോ തീമായിരിക്കും ഇത്തരം ദിനാചരണങ്ങൾക്ക് ഉള്ളത്. ഇങ്ങനെ വരുന്ന പുതിയ തീമുകളെ അടുത്തറിയാൻ ശ്രമിച്ചാൽ ഓരോ വിഷയത്തെ സംബന്ധിച്ചുമുള്ള ലോകകാഴ്ചപ്പാടുകൾ എങ്ങനെ മാറിവരുന്നു എന്നറിയാനാവും.

ലോകവന്യജീവിദിനമാണ് മാർച്ച് മൂന്ന്. ആവാസവ്യവസ്ഥയെ നിലനിർത്തുന്ന പ്രത്യേക സ്പീഷീസ് ജീവികളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടായിരുന്നു കഴിഞ്ഞ വർഷത്തെ ലോകവന്യജീവിദിനത്തിന്റെ തീം. വന്യജീവിസംരക്ഷണത്തിനായുള്ള പങ്കാളിത്തം എന്നതാണ് ഇത്തവണത്തെ തീം. വന്യജീവിസംരക്ഷണവുമായി

ബന്ധപ്പെട്ട പുതിയ പുതിയ ആശയങ്ങളെ ഓരോ വർഷവും മനസ്സിലാക്കാനാവുന്നു എന്നതാണ് ഇതുകൊണ്ടുള്ള ഗുണം. ലോകവനിതാദിനത്തിന്റെ തീമുകൾ ശ്രദ്ധിച്ചാലും കാലികമായ മാറ്റം നമുക്കു ബോധ്യപ്പെടും. സമൂഹം വളരുന്നതിന് അനുസരിച്ച് തീമുകളും വികസിക്കുന്നു.

സ്കൂളിലും വീട്ടിലും വായനശാലയിലും ക്ലബ്ബിലുമെല്ലാം ഇത്തരം ദിനാചരണങ്ങൾ നടത്താവുന്നതാണ്. ദിനത്തിന്റെ പ്രത്യേകതയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാം ചെറുപ്രഭാഷണങ്ങളും മറ്റു പ്രവർത്തനങ്ങളും ആവാം. അധ്യാപകരെയും രക്ഷിതാക്കളെയുമെല്ലാം കൂടെച്ചേർത്തുവേണം ഇത്തരം ദിനാചരണങ്ങളിൽ പങ്കാളികളാവാൻ. ലോകത്തെ വിവിധ ഭാഗങ്ങളിലുള്ളവർ എങ്ങനെയാണ് ഇത്തരം ദിനാചരണങ്ങൾ നടത്തുന്നതെന്ന് അറിയാൻ ഇന്റർനെറ്റിന്റെ ഇക്കാലത്ത് ഒരു ബുദ്ധിമുട്ടുമില്ല. അങ്ങനെയുള്ള വ്യത്യസ്തങ്ങളായ ആചരണങ്ങളും ആശയപ്രചരണരീതികളും പ്രവർത്തനങ്ങളും നമുക്കും സ്വീകരിക്കാവുന്നതാണ്.

പുതിയ പുതിയ അറിവുകൾ നേടി, പരീക്ഷകളെഴുതി, കൂടുതൽ അറിവുകളിലേക്ക് നിങ്ങൾക്കു മുന്നേറാനാകട്ടേ,

ആശംസകൾ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**'കാലാവസ്ഥ, ദിനാവസ്ഥ, ജലം എന്നിവയുടെ ഭാവി വരുംതലമുറകളിലൂടെ' എന്ന ആശയത്തിലൂന്നിയാണ് ഇത്തവണത്തെ കാലാവസ്ഥാദിനം ആചരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലെ തീമുകളുമായി താരതമ്യപ്പെടുത്തി എന്തെല്ലാം മാറ്റങ്ങളാണ് ഓരോ വർഷവും ഈ തീമുകളിൽ ഉണ്ടായിട്ടുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കും എന്നു കരുതട്ടേ.**

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ





# മാങ്ങ

**ശാസ്ത്രീയനാമം :**
**മാഞ്ചിഫെറാ ഇൻഡിക്ക**
(Mangifera indica)
മാള, മാവൂ എന്നീ പേരുകളും നൽകിയിരിക്കുന്നു.

**ഔഷധഗുണങ്ങൾ**

മാവിലയുടെ ഞെട്ടി വറുത്തുപൊടിച്ച് അരിമ്പാറ കളയാൻ അതിന്മേൽ പുരട്ടുന്നു. മാവിൻതൊലിയും ആവണക്കിന്റെ തൊലിയും പൊടിച്ച് കോഴിസൂപ്പിൽ ചേർത്തു കൊടുത്താൽ രക്തധമനികൾക്കുള്ളിൽ പൊട്ടി കട്ടപിടിച്ച രക്തം അലിയിച്ചു കളയുന്നു. മാന്തൊലി ചതച്ചുപിഴിഞ്ഞെടുത്ത നീരും മുട്ടയുടെ വെള്ളയും തുല്യ അളവിൽ കറുപ്പും ചേർത്തു കഴിക്കാൻ കൊടുക്കുന്നത് വയറിളക്കത്തിനും മലബന്ധത്തിനും പ്രതിവിധിയാണ്. വയറിളക്കത്തിനു മാമ്പശയും സ്വല്പം കറുപ്പും കുരുമുളകും കൂട്ടിച്ചേർത്തു ഗുളികയായി കൊടുക്കാറുണ്ട്. മാമ്പഴം തണുപ്പും ഈർപ്പമുള്ളതുമായതിനാൽ കുടലിനെ ദ്രവിപ്പിക്കാൻ സാധ്യതയുള്ളതുകൊണ്ട് കടുകും ഇഞ്ചിയും വറുത്തിട്ടു ചൂടാക്കി കഴിക്കുന്നു.

*ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ് എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്*

കവിത

# കുറുക്കൻ

സച്ചിദാനന്ദൻ



വര: ഒങ്കി

എല്ലാ കഥയിലും എങ്ങിനെ വില്ലനായ്
എന്നെപ്പോൽ സാധുവൊരുത്തൻ?
എന്നെപ്പകലൊന്നും കാണാത്തതു കൊണ്ടോ,
അല്ല, രാവിൻ കൂവൽ കൊണ്ടോ?

ആരെയും ഞാൻ ചതിച്ചിട്ടില്ലിതേ വരെ
ആരെയും കൊന്നിട്ടുമില്ലാ.
മാളങ്ങളിൽ പോയൊളിപ്പതു നിങ്ങളെ-
പ്പേടിക്കയാൽ മാത്രമല്ലോ.
നായയെപ്പോലെ ഇണങ്ങുന്നതില്ലെങ്കിൽ
സ്വാതന്ത്ര്യപ്രേമത്താലല്ലോ.

നാട്ടിൽ ഞാൻ സുന്ദരനല്ലായിരുന്നിടാം
കാട്ടിൽ എല്ലാവരും തുല്യർ
കൊല്ലുന്നുവെങ്കിലോ കേവലം തിന്നുവാൻ;
കൊല്ലും രസത്തിനായല്ല.

വില്ലനെന്നെന്നെ വിളിക്കാതെ, സുന്ദരൻ
ചന്ദ്രന്റെ ചങ്ങാതിയല്ലോ
ഞാനേ വിളിച്ചുണർത്തുന്നതു തിങ്കളെ,
ഞാനേ നിലാവിന്നു കാവൽ.

# കുളത്തിലൊരു മീമിക്കുഞ്ഞ്

**പാർവതി**

കുഞ്ഞുങ്ങൾക്കു വായിച്ചുകൊടുക്കാനൊരു കഥ



വര: അരുൺ ഗോകുൽ

അല്പം വളഞ്ഞൊരു വര; ഇടത്തുനിന്ന് വലത്തോട്ട്.

മാനംനോക്കി വളഞ്ഞുകിടക്കുന്ന മറ്റൊരു വര; വലത്തുനിന്ന് ഇടത്തോട്ട്.

വരകൾ കൂട്ടിമുട്ടുന്നിടത്തുനിന്ന് കുഞ്ഞൊരു വാൽ.

മുകളിലും താഴെയുമായി ഈരണ്ടു ചിറകുകൾ.

ഇനിയെന്തെല്ലാമാണു ബാക്കി;

ചെകിളപ്പൂക്കൾ, വട്ടത്തിലുള്ള ചെറിയ കണ്ണ്, ചിരിക്കുന്നൊരു ചുണ്ട്.

കുഞ്ഞൻ വരച്ചുതീർത്തു. സ്ലേറ്റ് എല്ലാവരെയും കാണിച്ചു.

"എങ്ങനീണ്ട് എന്റെ ചിത്രം? നല്ല ഭംഗീല്ലേ?"

"ഹായ്, ഇത് നല്ല ചന്തത്തിലൊരു മീനാണല്ലോ കുഞ്ഞാ." അമ്മ പറഞ്ഞു.

"അതേല്ലോ, ഇതെന്റെ സ്വന്തം മീമിക്കുഞ്ഞാണ്." അവളൊരു തെല്ലു ഗമയോടെ പറഞ്ഞു.

"ആഹാ ഇത് കൊള്ളാല്ലോ, ഞാനിപ്പോ എന്റെ ചൂണ്ടയെടുത്തിട്ടു വരാം, കുഞ്ഞന്റെ മീനിനെയങ്ങു പൊരിക്കാം." മാമൻ പറഞ്ഞു.

അവളുടെ മുഖം വാടി. കുപ്പായത്തിന്റെ അറ്റം ചുരുട്ടിപ്പിടിച്ച് സ്ലേറ്റ് തുടച്ചു.

"മീനേയ്, കുളത്തിന്റെ ഏറ്റോം ഏറ്റോം അടീല്, നീല നീല വെള്ളത്തില്, അതിന്റെ കൂട്ടുകാര്ടെ കൂടെ നീന്തിക്കളിക്കാൻ പോയിരിക്ക്യാണ്."

ഒഴിഞ്ഞ സ്ലേറ്റ് മാമനു കൊടുത്ത് കുഞ്ഞൻ കളിക്കാനോടി.





# ദൈവക്കിളി

**റഫീക്ക് അഹമ്മദ്**

ചിറകു നഷ്ടപ്പെട്ട പക്ഷിയൊന്നീ
അരയാലിൻ കൊമ്പത്തു വന്നിരുന്നു.
അതുവരെ പാടിപ്പറന്ന വാനം
അകലെയായകലെയായെന്നു കണ്ടു.
അതുവരെ കൂടെപ്പറന്ന കൂട്ടർ
അതിനെ കൈവിട്ടു പറന്നകന്നു.
അലയുന്ന കുഞ്ഞുങ്ങളതിനെ നോക്കി
കളിയാക്കി, ചിലരങ്ങു കല്ലെറിഞ്ഞു.
നിറയും വിഷാദവുമായി പാവം
മറയുന്ന സന്ധ്യയെ നോക്കിനിന്നു.

പുലരികൾ തോറുമതിന്റെ ഗാനം
പുതുപൂക്കളിൽ തേൻ നിറച്ചതല്ലോ
നിശയിലതിന്റെ മധുരനാദം
നിറനിലാവോളം പരന്നതല്ലോ
കവികളാ ഗാനരസം നുകർന്നു
കവിതകളെത്ര രചിച്ചതല്ലോ
അതിനാർദ്രമധുരമാം മൂളൽപോലും
അനുകരിച്ചില്ലയോ ഗായകന്മാർ.

ചിറകുപോയ്, ഉയരുവാനായിടാതെ
വെറുതെ കൂവാനും കഴിഞ്ഞിടാതെ
കിളിയതു പാരവശ്യത്തിനാലെ
തലചുറ്റി മണ്ണിൽ തളർന്നുവീണു.

വര: ബാസി മറിയം



ഒരുപാടു നേരം കഴിഞ്ഞുപോയി
ഒരുവിധം കിളിയൊന്നു കൺതുറന്നു.
തെളിനിലാവേറ്റു തിളക്കമാർന്നും
വെളുവെളെ കാറ്റത്തിളക്കമാർന്നും
കഴുകിയുണക്കുവാനിട്ടപോലെ
അഴകാർന്ന ചിറകുകൾ പക്ഷി കണ്ടു.

അതിശയത്തോടെയിഴഞ്ഞിഴഞ്ഞു
പതംഗമാ ചിറകുകൾ ചെന്നെടുത്തു.
പുതുചിറകേറിയാ കിളി പറന്നു
മധുരമാം പാട്ടൊന്നു ചുണ്ടിൽ വന്നു.
ജനമതുകണ്ടമ്പരന്നു നിന്നു
മനമലിഞ്ഞതിനെ കൈകൂപ്പി നിന്നു.
അവരൊരു ദേവാലയം പണിഞ്ഞു
അതിനെപ്പിടിച്ചതിൽ പൂട്ടി വെച്ചു.
പഴവും പവിഴവും പാലുമെല്ലാം
പലവിധം നൽകി പരിചരിച്ചു.

ചിറകുകൾ കിട്ടി,യെന്നാലുമില്ല
പറവയ്ക്കു പാറുവാനുള്ള യോഗം.
അറിയാതെ കിളിചെന്നെടുത്തണിഞ്ഞ-
തൊരു പുരോഹിതവസ്ത്രമായിരുന്നു
അയലത്തു താമസിക്കുമായാൾ
അയലിൽ ഉണങ്ങാൻ വിരിച്ച വസ്ത്രം!

# കാ... കാ... നയതന്ത്രം

**അരുൺ രവി**





വര: രശ്മി രാഘവൻ

അമ്പിളിച്ചന്തയിൽ ഗംഭീര കലഹം!

മീൻ വിൽക്കാൻ വന്ന മീന ച്ചേച്ചി വീട്ടിൽ പോകാൻ നേരത്ത്, കുട്ടയിൽനിന്നെ ടുത്ത് ഇഷ്ടദാനം നൽകിയ ഒരു നെയ്മത്തിയുടെ പേരി ലുള്ള അവകാശത്തർക്കമാണ് സംഭവം.

ഒന്നാം കക്ഷി : ഗിർഗിർ ഗൗരപ്പൻ.

രണ്ടാം കക്ഷി : ലിയോ ദ ലാബ്രഡോർ.

ഗിർഗിർ ഗൗരപ്പൻ മലക്കറി ക്കുട്ടന്റെ പച്ചക്കറിക്കടയുടെ ചുമതലയുള്ള ഒരു സുരക്ഷാ ഉദ്യോഗസ്ഥനാണ്. നല്ല ചുവന്നുമെലിഞ്ഞ് ആറുചാക്ക് വയറൊക്കെയായി പൊടി മീശയൊക്കെ ഫിറ്റ് ചെയ്ത് ഗമയുള്ള ഒരു സിമ്പ്ലൻ നാടൻ പട്ടി. അദ്ദേഹത്തിന്റെ ഇടത്തേച്ചെവി എപ്പഴും 'ഡിം' ന്ന് ഒടിഞ്ഞു തൂങ്ങിക്കിടക്കും. വലത്തേച്ചെവി 'ശൂർ' ന്ന് എഴുന്നേറ്റും നിൽക്കും.

മലക്കറിക്കുട്ടനാണ് പുള്ളീ ടെ കൺകണ്ട ദൈവം. എന്നാലും പൊതുവേ അമ്പി ളിച്ചന്തയിൽ മീൻ വിൽക്കാൻ വരുന്ന എല്ലാ ചേട്ടന്മാരും ചേച്ചിമാരും അദ്ദേഹത്തിനെ സംബന്ധിച്ച് ചെറുകിട ദൈവ ങ്ങൾ തന്നെയാണ്. പച്ചക്കറി ക്കടയുടെ സുരക്ഷാച്ചുമതല യാണ് പ്രധാനമെങ്കിലും അമ്പിളിച്ചന്ത മുഴുവൻ അധി കാരപരിധിയിൽ ഉണ്ട് എന്നാണ് അദ്ദേഹത്തിന്റെ പൊതുവേയുള്ള ധാരണ. ആള് വീരനാണ്. ധീരശൂരൻ!

രാവിലെയുള്ള ചന്ത കൂടു മ്പോൾ അദ്ദേഹം ഒന്ന് റോന്തു ചുറ്റും. ചന്തയിൽ കച്ചവടാവ ശ്യത്തിന് എത്തുന്ന കാക്ക-പൂച്ച-പരുന്തു-പ്രാവുകളൊക്കെ ആ സമയത്ത്, അദ്ദേഹത്തെ കാണുമ്പോൾ ബഹുമാന പുരസ്സരം മാറിനിൽക്കും.

"അവർക്കെന്തേലും കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടെ, പാവങ്ങൾ..." എന്നാണ് പുള്ളിയുടെയും ഭാവം.

പക്ഷേ, നായവർഗത്തിലെ സന്ദർശകർക്ക് ചില നിയന്ത്ര

ണങ്ങളൊക്കെയുണ്ട്. ഗിർഗിർ ഗൗരപ്പന്റെ കുര-പാസ് എടുത്തു മാത്രമേ അവർക്ക് ചന്തയിലേക്ക് പ്രവേശനമുള്ളൂ. അതും, കൂടിപ്പോയാൽ ഒരു പത്തുമിനിറ്റ്. അതുകഴിഞ്ഞാൽ ആ പരിസരത്ത് കണ്ടേക്കരുത്.

ഗൗരപ്പൻ ആളൊരു മെലിഞ്ഞു ചുള്ളനായ ചെറുപ്പക്കാരനാണെങ്കിലും, പുള്ളിയോട് നേരിട്ടുമുട്ടാൻ ധൈര്യമുള്ള പട്ടികളൊന്നും ആ നാട്ടിൽ വേറെയുണ്ടായിരുന്നില്ല. അതുകൊണ്ട് നാട്ടിലെ പ്രമുഖരായ ടോമി-ജിമ്മി-കൈസർ ത്രയങ്ങളും ജില്ലിക്കുട്ടിയും ബോക്സർ പൂഡിലും കുരഹൻ പഗ്ഗും ഒന്നും അങ്ങനെയിങ്ങനെയൊന്നും ചന്തയിലേക്കു വരില്ല. ഗൗരപ്പന്റെ ചില നാടൻ ചങ്ങാതിമാർ മാത്രം ചിലപ്പോഴൊക്കെ വന്നുപോവും. അത്രതന്നെ!

പക്ഷേ കാര്യങ്ങൾ ആകെത്തകരാറിലായത് നമ്മുടെ രണ്ടാം കക്ഷിയുടെ വരവോടെയാണ്.

അവനാണ് *ലിയോ ദ ലാബ്രഡോർ.*

അമ്പിളിച്ചന്തയുടെ മതിലിനോടു ചേർന്ന് പുതുതായി താമസം തുടങ്ങിയ ഇൻഷുറൻസ് മാനേജർ ഹരീഷിന്റെ പുന്നാരപ്പട്ടിയായിരുന്നു ലിയോ. കഴുത്തിൽ നല്ല രസമുള്ള നെക്ലേസ് ഒക്കെയിട്ട് ദേഹം മുഴുവൻ സ്വർണ്ണനിറത്തിലെ രോമം നിറഞ്ഞ്, തടിച്ചുകൊഴുത്ത് ഗമയിൽ നടക്കുന്ന അവനെ ആദ്യം കണ്ടപ്പോൾത്തന്നെ നമ്മുടെ ഗിർഗിർ ഗൗരപ്പന് പിടിച്ചില്ല.

ശുനകഭാഷയിലെ ഏറ്റവും വലിയ ഒരു തെറിക്കുരയായിരുന്നു അവന്റെ സ്വാഗതവചനം. പിന്നീട് എപ്പോഴൊക്കെ 'ലിയോമോനേ' എന്ന് ഹരീഷിന്റെ പുന്നാരം കേൾക്കുന്നുവോ, അപ്പോഴൊക്കെ ഗൗരപ്പൻ 'ഗിർഗിർ'ന്ന് മണ്ണ് മാന്താൻ തുടങ്ങും.

“പിന്നേ... ഒരു ലിയോ! ചിങ്ങൻ. അതാ പേര്. പരിഷത്തുകാര് ക്ലാസ്സെടുക്കുന്നതൊക്കെ കേട്ട് ഞാനും കുറേ വാനശാസ്ത്രമൊക്കെ പഠിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പറഞ്ഞാ വലിയ ഗമയാന്നാ വിചാരം.”

ഗൗരപ്പൻ മലക്കറിക്കുട്ടനോട് കുശുമ്പ് പറയും. മലക്കറിക്കുട്ടൻ 'ക്കിക്കിക്കീ'ന്ന് ചിരിക്കും.

വൈകുന്നേരങ്ങളിൽ ചങ്ങലയൊക്കെയിട്ട് നടക്കാൻ കൊണ്ടുപോകുന്നതല്ലാതെ, പൊതുവേ, ഹരീഷ് ലിയോയെ വീടിനു പുറത്തേക്ക് കൊണ്ടുപോകാറില്ല. അങ്ങനെ നടന്നു നടന്ന് മലക്കറിക്കുട്ടന്റെ കടയുടെ മുന്നിലെത്തുമ്പോ ഗൗരപ്പൻ ലിയോയെ എന്നും വെല്ലുവിളിക്കുകയും ലിയോ തിരിച്ചു തെറിപറയുകയും ചെയ്യും.

ആദ്യമൊക്കെ ഹരീഷും മലക്കറിക്കുട്ടനും ഇടനില നിൽക്കാൻ ശ്രമിച്ചിരുന്നു, പക്ഷേ, ഇത് സ്ഥിരം കലാപരിപാടിയാക്കിയപ്പോൾ അവര് ശ്രദ്ധിക്കാതായി. അവരെന്നല്ല ആവശ്യത്തിനും അനാവശ്യത്തിനും “കാ... കാ...” ന്ന് കാറിക്കൂവുന്ന അമ്പിളിച്ചന്തയുടെ സ്വന്തം നയതന്ത്രവിശാരദൻ കൽമഷൻ കാക്കപോലും ഈ കോപ്രായം കണ്ട് മിണ്ടാതായി.

പക്ഷേ, ഒരു ദിവസം കാര്യങ്ങളാകെ മാറി. ചന്ത കൂടുന്ന സമയത്ത്, ലിയോ എങ്ങനെയോ തുടലഴിച്ച് ചന്തയ്ക്കുള്ളിലെത്തി. മീൻമണം നിറഞ്ഞ ആ പുണ്യഭൂമിയിൽ ലിയോയുടെ കാലുപതിഞ്ഞ നേരം, ഗൗരപ്പൻ ചാടിയെണീറ്റു. ആൾക്കൂട്ടമാകെ വിറച്ചുപോയ ഒരു കുരയായിരുന്നു പിന്നെ. തിരക്കിനിടയിലൂടെ, കിരീടം സിനിമയിൽ കീരിക്കാടൻ ജോസിനെ തല്ലാൻ കുതിച്ചുവരുന്ന സേതുവിനെപ്പോലെ, ഗൗരപ്പൻ ലിയോയുടെ നേരേ പാഞ്ഞുചെന്നു. ഒരുനിമിഷം... ഗൗരപ്പനും ലിയോയും മുഖാമുഖമെത്തി. ചന്തയാകെ സ്തബ്ധമായി. കടിവീണു എന്ന് എല്ലാവരും വിചാരിച്ച നേരം ഹരീഷ് എങ്ങനെയോ ഓടിവന്ന് ലിയോയെ തിരികെപ്പിടിച്ചു കൊണ്ടുപോയി.

അന്നുതൊട്ട് തുടങ്ങിയതാണ് പ്രശ്നങ്ങൾ. തക്കം കിട്ടുമ്പോ, ലിയോ തുടലുപൊട്ടിച്ച് ചന്തയിലെത്തും; ഗൗരപ്പൻ കടിക്കാനായും ലിയോ തിരിച്ചും! കടിക്കു മുന്നേ, എങ്ങനെയൊക്കെയോ കാര്യങ്ങൾ പരിഹരിക്കപ്പെടും.

**മീൻമണം നിറഞ്ഞ ആ പുണ്യഭൂമിയിൽ ലിയോയുടെ കാലുപതിഞ്ഞ നേരം, ഗൗരപ്പൻ ചാടിയെണീറ്റു. ആൾക്കൂട്ടമാകെ വിറച്ചുപോയ ഒരു കുരയായിരുന്നു പിന്നെ. തിരക്കിനിടയിലൂടെ, കിരീടം സിനിമയിൽ കീരിക്കാടൻ ജോസിനെ തല്ലാൻ കുതിച്ചുവരുന്ന സേതുവിനെപ്പോലെ, ഗൗരപ്പൻ ലിയോയുടെ നേരേ പാഞ്ഞുചെന്നു.**

പക്ഷേ, അന്ന് സംഗതി കൈവിട്ടുപോയി. അല്ലെങ്കിൽ ആ മീനച്ചേച്ചിക്ക് വല്ല കാര്യവുമുണ്ടായിരുന്നോ, ലിയോ വരുന്ന നേരത്ത് ആ നെയ്മത്തി പുറത്തെടുക്കാൻ. വയറുപൊട്ടി ചീഞ്ഞുതുടങ്ങിയ നല്ല സ്വയമ്പൻ നെയ്മത്തി കണ്ടപ്പോത്തന്നെ ലിയോയുടെ സമനില തെറ്റി. ഹരീഷ് അവനുവേണ്ടി വീട്ടിൽ റെഡിയാക്കിക്കൊണ്ടിരിക്കുന്ന ഇറച്ചിച്ചോറിനോട് അവനു പുച്ഛം തോന്നി.

'എന്റെ പുന്നാര നെയ്മത്തീ'ന്ന് കുരച്ചു ചാടിക്കൊണ്ട് അവനെത്തിയത്, പല്ലുകൾ പുറത്തുകാട്ടി രോഷാകുലനായി നിൽക്കുന്ന ഗിർഗിർ ഗൗരപ്പന്റെ മുന്നിലേക്കാണ്. ഗീർ വനത്തിലെ സിംഹങ്ങൾക്കുപോലും അവന്റെ അപ്പോഴത്തെ ഗൗരവം ഉണ്ടായിക്കാണാൻ വഴിയില്ല.

"മാറിനിൽക്കെടാ... ഇത് എന്റെ നെയ്മത്തി!" ഗിർഗിർ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

"ഓ, പിന്നേ... നെയ്മത്തിയിൽ നിന്റെ പേരെഴുതി വച്ചിട്ടുണ്ടോ? ഇത് എനിക്കു വേണം." ലിയോയും വിട്ടുകൊടുക്കാൻ ഭാവമുണ്ടായില്ല.

"നീ എന്റെ ശവത്തിൽ ചവിട്ടിയിട്ടേ ഈ നെയ്മത്തിയിൽ തൊടൂ." ഗൗരപ്പൻ രണ്ടും കല്പിച്ചു പറഞ്ഞു.

"എന്നാൽ അങ്ങനെ തന്നെയാവട്ടെ. ഇന്ന് നിന്റെ അന്ത്യം!" ലിയോയ്ക്കും സംശയമുണ്ടായില്ല.

ധൈര്യത്തിലും പ്രതിഭയിലും അതിഘോരഖ്യാതിയുള്ള ആ രണ്ടു ചേകവന്മാരും പടയ്ക്കൊരുങ്ങി. ഭയചകിതരായ ആളുകൾ അങ്കത്തട്ടിൽനിന്ന് ദൂരേയ്ക്കു മാറിനിന്നു. ആസന്നമായ ദുരന്തം അന്തരീക്ഷത്തിൽ ഒരു സ്റ്റൂൾ എടുത്തിട്ട് കാലിന്മേൽ കാലുകേറ്റിവച്ച് ഇരിപ്പുതുടങ്ങി.

കൽമഷൻ കാക്ക, കാ...ന്ന് കരയാൻ പോയിട്ട് വായ തുറക്കാൻ പോലുമൊക്കാതെ അമ്പിളിച്ചന്തയുടെ നെടുന്തൂണായ പുളിമരത്തിൽ പറ്റിപ്പിടിച്ചിരുന്നു. മറു കൊമ്പുകളിൽ പ്രാവുകളും പരുന്തുകളും തിങ്ങിക്കൂടിയിരുന്നു. ഗൗരപ്പനെപ്പറ്റി പറഞ്ഞുകേട്ട വീരകഥകളെപ്പറ്റിയും ലിയോയുടെ പല്ലിന്റെ മൂർച്ചയെപ്പറ്റിയുമൊക്കെ അവർ അടക്കം പറയുന്നുണ്ടായിരുന്നു.



'ബൗ ബ്വാ' വിളികളും മുരൾച്ചകളും കേട്ട് മറ്റുള്ളവരോടൊപ്പംതന്നെ മലക്കറിക്കുട്ടനും ഹരീഷും അവിടെ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. പക്ഷേ, അവർക്കും ആ യുദ്ധക്കളത്തിലേക്ക് കയറിച്ചെല്ലാൻ ഭയം തോന്നി.

കൊടുംഭീകരരായ ആ രണ്ടു ശുനകന്മാരെ സമാധാനിപ്പിക്കാൻ, അല്പദൂരം മാറിനിന്ന് അവർ പലതും പറഞ്ഞുനോക്കി. ഒരു കാര്യവുമുണ്ടായില്ല!

രംഗം കൂടുതൽ വഷളാവുകയായിരുന്നു.

'ഇപ്പോ കടിക്കും, ഇപ്പോ കടിക്കും...' എന്ന് മുരൾച്ച മുറുകിമുറുകി വന്നു.

മീൻചോരയല്ലാതെ മറ്റൊരു ചോരയും ഇവിടെ വീഴല്ലേയെന്ന് മീനച്ചേച്ചിയും സഹമീൻകാരും പ്രാർത്ഥന തുടങ്ങി.

നിമിഷങ്ങൾ കടന്നുപോയി. ഇരുപോരാളികളും നെയ്മത്തിക്കു ചുറ്റും വലംവച്ചു നടക്കുകയാണ്.

'ഇപ്പോ കടിക്കും, ഇപ്പോ കടിക്കും...' വീണ്ടും സമയം കടന്നുപോയി.

'ഇപ്പോ... ഇപ്പോ...' വീണ്ടും സമയം പൊയ്ക്കോണ്ടിരുന്നു.

'ഇപ്പോ... ഇപ്പോ... ഇപ്പൊത്തന്നെ കടിക്കും.'

കണ്ടുനിൽക്കുന്നവർ ടെൻഷൻ കൂടി അവിടെയും ഇവി

ടെയുമൊക്കെ ഇരിക്കാൻ തുടങ്ങി. മീനച്ചേച്ചി പ്രാർത്ഥന നിർത്തി ഒരു സോഡാസർബത്ത് വാങ്ങിക്കുടിച്ചു.

'ഇപ്പോ... ഇപ്പോ...'

ഹരീഷും മലക്കറിക്കുട്ടനും തക്കാളിയുടെ വിലക്കയറ്റത്തിനെപ്പറ്റിയും ഉരുളക്കിഴങ്ങിന്റെ ആഗോളവിപണിയെപ്പറ്റിയുമെല്ലാം സംസാരിച്ചുതുടങ്ങി.

"ഇപ്പോത്തന്നെ കടിക്കും... നീ വാടാ..."

"നീ ആദ്യം വാടാ..."

ആളുകൾ പതിയെ സാധനമൊക്കെ വാങ്ങി അവരുടെ പണിക്കു പോവാൻ തുടങ്ങി.

"ഇപ്പോ നിന്നെ തട്ടും."

"നായയാണെങ്കിൽ കേറി വാടാ."

കൽമഷൻ കാക്കയ്ക്ക് ബോറടിച്ചു. അവൻ "കാ..." ന്ന് കോട്ടുവായിട്ടു.

പ്രാവുകൾ അരിമണികളുടെ ലോഡിങ് അൺലോഡിങ് പണിക്കു പോയി. പരുന്തുകൾ ആകാശത്ത് റോന്തു ചുറ്റാൻ തിരിച്ചുപോയി.

"ഇപ്പോ കടിക്കുമെടാ..."

"ഞാനും ഇപ്പോ കടിക്കുമെടാ..."

കൽമഷൻ കാക്ക പതിയെ പറന്നുചെന്ന് മീനച്ചേച്ചിയുടെ മീന്തട്ടിൽ ഇരുന്നു. എന്നിട്ട് ഗിർഗിറിനോടും ലിയോയോടും പതിയെ ചോദിച്ചു:

"വല്ലോം നടക്കുവോ?"

"ഇവനെ ഇപ്പോ ഞാൻ തിന്നും."

"പിന്നേ... അതിനിച്ചിരിക്കൂടെ നീ കുരയ്ക്കേണ്ടി വരും."

കൽമഷൻ കാക്ക അവർക്കിടയിലേക്ക് നടന്നുചെന്നു. എന്നിട്ട് പുളിമരത്തിലുരച്ച് പോളീഷ് ചെയ്ത തന്റെ ചുണ്ടുകൾകൊണ്ട് ആ നെയ്മത്തി പതിയെ കൊത്തിയെടുത്തു. എന്നിട്ട് ഒരു തിരക്കും കൂട്ടാതെ, മെല്ലെമെല്ലെ തിരികെപ്പറന്നു!

ഒരു നിമിഷം! അവിടെ വീണ്ടും നിശ്ശബ്ദത നിറഞ്ഞു!

അടുത്ത നിമിഷം അമ്പിളിച്ചന്തയിൽ കൂട്ടച്ചിരി മുഴങ്ങി! ആരൊക്കെയോ എവിടെയൊക്കെയോനിന്ന് കൂവുന്നുമുണ്ടായിരുന്നു.

ലാബ്രഡോർ വീരനും ഗിർഗിർ ശൂരനും 'പണിപാളി' എന്നു മനസ്സിലായി. അവർ അവിടെത്തന്നെ അല്പനേരമിരുന്നു. എന്നിട്ട് മുഖത്തോടു

**കൽമഷൻ കാക്ക പതിയെ പറന്നുചെന്ന് മീനച്ചേച്ചിയുടെ മീന്തട്ടിൽ ഇരുന്നു. എന്നിട്ട് ഗിർഗിറിനോടും ലിയോയോടും പതിയെ ചോദിച്ചു:**
**"വല്ലോം നടക്കുവോ?"**
**"ഇവനെ ഇപ്പോ ഞാൻ തിന്നും."**
**"പിന്നേ... അതിനിച്ചിരിക്കൂടെ നീ കുരയ്ക്കേണ്ടി വരും."**

മുഖം നോക്കി ഒരു ചമ്മിയ ചിരിചിരിച്ചു!

വട്ടംചുറ്റി ക്ഷീണിച്ച പോരാളികൾക്ക് ഹരീഷ് വീട്ടിൽനിന്ന് ഇറച്ചിച്ചോറ് കൊണ്ടുവന്നു കൊടുത്തു. ഒന്നും മിണ്ടാതെ രണ്ടുപേരും ഒരു പാത്രത്തിൽനിന്നുതന്നെ അത് നക്കിത്തിന്നു.

എന്നിട്ട് ഒന്നും മിണ്ടാതെ, രണ്ടുപേരും രണ്ടുവഴിക്കു തിരിഞ്ഞുനടന്നു.

അന്നുമുതൽ അമ്പിളിച്ചന്തയിൽ ആർക്കും ഗൗരപ്പന്റെ കുരപ്പാസ് എടുക്കേണ്ടിവന്നിട്ടില്ല.

ലിയോയെ ഹരീഷ് 'ചിങ്ങൻകുഞ്ഞാ' ന്ന് പേരു മാറ്റി വിളിക്കാൻ തുടങ്ങി... അവന്റെ കഴുത്തിലെ നെക്ലേസും ഊരിക്കളഞ്ഞു.

പക്ഷേ എന്നും ചന്തസമയത്ത് മലക്കറിക്കുട്ടന്റെ കടയുടെ മുന്നിൽ ബഹുമാന്യരായ രണ്ടു പട്ടികളും ഒത്തുകൂടും. എന്നിട്ട് അവർക്കു മാത്രമറിയാവുന്ന ഭാഷയിൽ എന്തൊക്കെയോ ലോകകാര്യങ്ങൾ പറഞ്ഞിരിക്കും. ഇടയ്ക്കൊക്കെ 'ബൗ ബൊ ഊൗൗ..' ന്ന് ഗീർവാണവും പറയും.

പക്ഷേ, അന്നത്തെ ആ ഗംഭീരപോരാട്ടത്തിനു ശേഷം ആരോ ചാർത്തിക്കൊടുത്ത 'ബഡായി ബ്രദേഴ്സ്' എന്ന പേര് ആരെങ്കിലും അവരെ വിളിക്കുമ്പോ മാത്രം, രണ്ട് രണവീരന്മാരും എഴുന്നേറ്റു നിൽക്കും. പ്രതിഷേധസൂചകമായി രണ്ട് കുരകുരയ്ക്കുമ്പോഴേക്കുംതന്നെ ആരെങ്കിലും കൂവുകയും ചെയ്യും. അഭിമാനക്ഷതം കാരണം രണ്ടു പേരും കുറച്ചുനേരം ഒന്നും മിണ്ടില്ല. എന്നിട്ട് വീണ്ടും.. 'ബൗ... ബൊഊൗൗ...'

പണ്ട് അമ്പിളിയമ്മാവൻ മീൻ വാങ്ങാൻ വന്നിരുന്നു എന്നു പറയപ്പെട്ടിരുന്ന ചരിത്രാതീതകാലചന്തയായ അമ്പിളിച്ചന്തയിൽ അങ്ങനെയാണ് സമാധാനം വീണ്ടും കൊടികുത്തിവാഴാൻ തുടങ്ങിയത്.

കൽമഷൻ കാക്കയുടെ നയതന്ത്രവിരുതേ... സമ്മതിക്കണം!



Illustration: NASA/JPL

# ഫോസിലുകൾ പറഞ്ഞ കഥ

ഡോ. രതീഷ് കൃഷ്ണൻ



പ്രപഞ്ചോത്പത്തി മുതൽ നമ്മുടെ സ്വന്തം ഗ്രഹമായ ഭൂമിയുടെ ഉത്പത്തി വരെയുള്ള കാര്യങ്ങളെക്കുറിച്ചു ശാസ്ത്രലോകത്തിന് നല്ല ധാരണയുണ്ട്. അതുപോലെ ഭൂമിയിൽ ദൃശ്യമാവുന്ന ജൈവവൈവിധ്യത്തെ വിശദീകരിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യരുടെ ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും മിക്കവാറും കൃത്യമായുള്ള ഉത്തരം ഇന്ന് നമ്മുടെ പക്കലുണ്ട്.

ആഫ്രിക്കയിൽനിന്നാണ് ആധുനിക മനുഷ്യകുലത്തിന്റെ കഥ തുടങ്ങുന്നത് എന്നതിൽ ഇന്ന് സംശയമില്ല. എന്നാൽ, പ്രപഞ്ചത്തിലെ ഏറ്റവും വലിയ രഹസ്യങ്ങളിലൊന്നും നമ്മുടെ ജിജ്ഞാസയെ ഏറ്റവും കൂടുതൽ ഉത്തേജിപ്പിക്കുന്നതുമായ ചോദ്യമാണ് ജീവന്റെ ഉത്ഭവത്തെക്കുറിച്ചുള്ളത്.

എങ്ങനെയാണ് ഭൂമിയിൽ ജീവൻ ഉത്ഭവിച്ചത്? എപ്പോഴാണ് അതു സംഭവിച്ചത്? എവിടെയാണ് ജീവൻ ഉത്ഭവിച്ചത്? ഒരു പ്രാവശ്യം മാത്രം നടന്ന അപൂർവ സംഭവമായിരുന്നോ ജീവന്റെ ഉത്ഭവം? അതോ ഭൂമിയിൽത്തന്നെ പല പ്രാവശ്യം ജീവൻ ഉത്ഭവിച്ചോ? അങ്ങനെയങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ.

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനായി അനേകം രീതികളിൽ പഠനങ്ങൾ നടക്കുന്നുണ്ട്. ചില ശാസ്ത്രജ്ഞർ നമ്മുടെ സ്വന്തം ഗ്രഹത്തിലെ ജീവന്റെ സവിശേഷതകളെക്കുറിച്ചു പഠിക്കുമ്പോൾ ചിലർ നമ്മുടെ സൗരയൂഥത്തിലെ മറ്റ് ഗ്രഹങ്ങളിലോ ഉപഗ്രഹങ്ങളിലോ ജീവനുണ്ടോ എന്ന് അന്വേഷിക്കുന്നു.

വിദൂരഗ്രഹങ്ങളുടെ അന്തരീക്ഷത്തിൽ ജീവന്റെ സ്വാധീനം ഉണ്ടാക്കാൻ സാധ്യതയുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതുപോലെ തന്നെ ആവേശമുണർത്തുന്ന പഠനമാണ് നമ്മുടെ ഗ്രഹത്തിലെ കഴിഞ്ഞ കാലങ്ങളിലെ ജീവന്റെ തുടിപ്പിനെ അടയാളപ്പെടുത്തിയ ഫോസിലുകൾ അന്വേഷിക്കുക എന്നതും. ഇതുവരെയുള്ള ശ്രമങ്ങളിൽ ഏറ്റവും ഫലപ്രദമായ സമീപനമാണിതെങ്കിലും നമ്മുടെ സ്വന്തം ഗ്രഹത്തിലെ ജീവന്റെ ഉത്ഭവം നിർണ്ണയിക്കാൻ പ്രയാസമാണ്. എന്തുകൊണ്ടാണങ്ങനെ?

460 കോടി വർഷങ്ങൾക്കു മുമ്പ് വിവിധ വലിപ്പത്തിലുള്ള പ്ലാനറ്റെസിമലുകൾ (Planetesimals *(പ്രോട്ടോപ്ലാനറ്ററി (Proplanetary) ഡിസ്കുകളിൽ ഉണ്ടെന്ന് കരുതപ്പെടുന്ന ഖരവസ്തുക്കൾ)* അല്ലെങ്കിൽ ചെറിയ പാറക്കഷണങ്ങൾ, ശീതീകരണത്താൽ ഘനീഭവിച്ച വാതകങ്ങൾ എന്നിവയിൽനിന്ന്

## റേഡിയോ ആക്ടീവ് ഡേറ്റിങ്

പല റേഡിയോ ആക്റ്റീവ് ഐസോടോപ്പുകളുടെയും ശോഷണത്തിന്റെ തോത് അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് കാലക്രമേണ മാറുന്ന ഒന്നല്ല. ഓരോ റേഡിയോ ആക്റ്റീവ് ഐസോടോപ്പും രൂപപ്പെട്ടതുമുതൽ ഒരേ നിരക്കിലാണ് ക്ഷയിച്ചുകൊണ്ടിരിക്കുന്നത്. ഈ വസ്തുതയാണ്, പ്രായനിർണ്ണയത്തിൽ നമ്മൾ ഉപയോഗപ്പെടുത്തുന്നത്. ഐസോടോപ്പ് സ്ഥിരതയുടെ ഭൗതികശാസ്ത്രത്തെയും ആറ്റോമിക് ഇന്ററാക്ഷനുകളുടെ രസതന്ത്രത്തെയും അടിസ്ഥാനമാക്കിയുള്ളതാണ് പാറകളുടെ ഡേറ്റിംഗ്.

704 ദശലക്ഷം വർഷങ്ങളുടെ അർധായുസ്സുള്ള യുറേനിയം 235, 4.47 ബില്യൺ വർഷങ്ങളുടെ അർധായുസ്സുള്ള യുറേനിയം 238 എന്നിങ്ങനെയുള്ള ഐസോടോപ്പുകളുള്ള മൂലകങ്ങളുടെ റേഡിയോ ആക്റ്റീവ് ക്ഷയം ഉപയോഗപ്പെടുത്തുകയാണ് നമ്മൾ ചെയ്യുന്നത്. ഇങ്ങനെ പ്രായം നിർണ്ണയിച്ച പാറകളിലാണ് ആദ്യ ജീവന്റെ ഫോസിലുകൾ നമ്മൾ അന്വേഷിക്കുന്നത്.

രൂപംകൊണ്ട ആദിമഭൂമിയിൽ, 456 കോടി വർഷങ്ങൾക്കുമുമ്പ് ചൊവ്വയുടെ വലിപ്പത്തിലുള്ള ഒരു വസ്തു പതിച്ചതായി കരുതപ്പെടുന്നു. ഇത് നമ്മുടെ ഗ്രഹത്തിന്റെ നിക്കൽ-ഇരുമ്പ് കോറുകൾ ലയിക്കാനും ചന്ദ്രൻ ഉണ്ടാവാനും കാരണമായതായാണ് ഇന്ന് ശാസ്ത്രലോകം വിലയിരുത്തുന്നത്. ഇങ്ങനെ ഉണ്ടായ ഭൂമിയുടെ ആദ്യത്തെ നൂറുകണക്കിന് ദശലക്ഷം വർഷക്കാലം, തുടർച്ചയായ ഉൽക്കാവർഷങ്ങളുടെ കാലഘട്ടത്തിലൂടെ കടന്നുപോയതായി ഇന്ന് നമുക്കറിയാം എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഭൂമിയുടെ രൂപവത്കരണ സമയത്തെ ഉപരിതലത്തിലെ ലാവയും ഈ കനത്ത ഉൽക്കാവർഷവും പുറത്തുവിട്ട ഊർജവും തീർച്ചയായും ജീവിതത്തിന് ആവാസയോഗ്യമല്ലാത്ത സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ടാവണം. ഏകദേശം 440 കോടി വർഷങ്ങൾക്കുമുമ്പുവരെ ഭൂമിയുടെ ഉപരിതലത്തിലെ പാറകളും ഉരുകിയ അവസ്ഥയിൽ ആയിരിക്കാനാണ് സാധ്യത.

പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ നാരിയർ ഗ്നെയ്സ് ടെറേനിലെ (Narryer Gneiss Terrane) ജാക്ക് ഹിൽസിൽ നിന്നു ലഭിച്ച മണൽക്കല്ലുകളുടെ കൂട്ടത്തിൽനിന്ന് ഒരു സിർക്കോൺ ധാതു നമുക്കു ലഭിച്ചിരുന്നു. ഏകദേശം 440 കോടി വർഷങ്ങൾ പഴക്കമുള്ള ഇതാണ് ഭൂമിയിൽനിന്നു ലഭിച്ച ഏറ്റവും പഴക്കമുള്ള വസ്തു എന്നതും ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉപരിതലത്തിൽ വെള്ളം ദ്രാവകമായി രൂപപ്പെടാൻ സാധ്യതയില്ല എന്നതിനാൽ ഈ കാലഘട്ടത്തിലായിരിക്കില്ല ജീവൻ ഉത്ഭവിച്ചത് എന്നാണ് പൊതുധാരണ. ഈ കാലഘട്ടത്തെ ഭൗമശാസ്ത്രജ്ഞർ Hadean കാലഘട്ടം എന്നാണ് വിളിക്കുന്നത്. കാണാൻ സാധിക്കാത്തത് എന്നർത്ഥം വരുന്ന വാക്കിൽ നിന്നാണ് ഇതിന്റെ ഉല്പത്തി. വാക്ക് സൂചിപ്പിക്കുന്നതുപോലെ ഈ കാലഘട്ടം അധികം തെളിവുകളൊന്നും അവശേഷിപ്പിച്ചിട്ടില്ല. പക്ഷേ ജീവനെക്കുറിച്ചറിയാൻ നമ്മൾ എന്തിനാണ് ഈ പാറകളുടെ പുറകെ പോകുന്നത് ?

നിർദിഷ്ടതരത്തിലുള്ള ഫോസിലുകൾ നിർദിഷ്ടപ്രായത്തിലുള്ള പാറകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ജിയോളജിസ്റ്റുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. എന്താണ് ഈ നിർദിഷ്ടതരത്തിലുള്ള ഫോസിലുകൾ? ഭൂമിയിൽ ജീവൻ ഉത്ഭവിച്ച സമയത്ത് ആദ്യം ഉണ്ടായത് ഏകകോശ



ഡിവോണിയൻ കാലഘട്ടത്തിലെ ഒരു ട്രേസ് ഫോസിൽ

*Narryer Gneiss Terrane

ജീവികൾ ആയിരിക്കണമല്ലോ. അപ്പോൾ നമ്മൾ അന്വേഷിക്കേണ്ടത് ഏകകോശജീവികളുടെ ഫോസിലുകളാണ്. എന്നാൽ ഏകകോശജീവികളുടെ ഫോസിലുകൾ തിരിച്ചറിയുക എളുപ്പമല്ല. ഒരു കോശം മാത്രമുള്ള ജീവി എങ്ങനെയാണ് ഫോസിൽ അവശേഷിപ്പിക്കുക? ഇനി അഥവാ അവശേഷിപ്പിച്ചിട്ടുണ്ടെങ്കിൽത്തന്നെ, ജീവൻ എവിടെ ഉത്ഭവിച്ചു എന്നറിയാതെ എങ്ങനെയാണ് അത് കണ്ടെത്തുക?


സ്ട്രോമാറ്റോലൈറ്റ് Photo: Didier Descouens

അവിടെയാണ് നേരത്തേ പറഞ്ഞ നിർദിഷ്ട ഫോസിലുകളും നിർദിഷ്ട പ്രായത്തിലുള്ള പാറകളും തമ്മിലുള്ള ബന്ധം ദൃഢമാവുക. എങ്ങനെയെന്നല്ലേ? അതിനാദ്യം ഫോസിലുകൾ ഉണ്ടാവുന്നതെങ്ങനെ എന്നറിയണം.

ചെളി, മണൽ അല്ലെങ്കിൽ പൊടി എന്നിവയുടെ സൂക്ഷ്മ കണികകൾ ചേർന്ന് രൂപപ്പെടുന്ന പാറകളാണ് സെഡിമെന്ററി പാറകൾ. ഈ പ്രക്രിയ നടക്കുമ്പോൾ ചിലപ്പോഴെല്ലാം ഒരു ജീവിയുടെ ശരീരത്തെ, ചെളിയും മണ്ണും ചേർന്ന മിശ്രിതം ആവരണം ചെയ്യപ്പെടുന്ന അവസ്ഥയിലാണ് ഫോസിലുകൾ രൂപപ്പെട്ടു തുടങ്ങുന്നത്. ഇങ്ങനെ ആവരണം ചെയ്യപ്പെട്ട ജീവി അടക്കമുള്ള പാറകൾ കണ്ടെത്തലാണ് ഫോസിലുകൾ അന്വേഷിക്കുന്നവർ അഥവാ പാലിയന്റോളജിസ്റ്റുകൾ അന്വേഷിക്കുന്നതും കണ്ടെത്തുന്നതും. ഏറ്റവും ആദ്യമുണ്ടായ ജീവിയെ കാണാൻ ഏറ്റവും സാധ്യത ഏറ്റവും പഴയ പാറകളിലായിരിക്കുമല്ലോ. അതിനാണ് നമ്മൾ പാറകളുടെ പുറകേ പോകുന്നത്. എന്നാൽ എങ്ങനെയാണ് പാറകളുടെ പ്രായം നിർണ്ണയിക്കുന്നത്?

ഒരു പാറയുടെ പ്രായം നിർണ്ണയിക്കുന്നത് അതിൽ കാണപ്പെടുന്ന ചില ഐസോടോപ്പുകളുടെ റേഡിയോ ആക്റ്റീവ് ക്ഷയത്തെ അടിസ്ഥാനമാക്കിയാണ്. റേഡിയോ ആക്റ്റീവ് മൂലകങ്ങൾ ആൽഫാ, ബീറ്റ കണങ്ങളും അതുപോലെ ഗാമ കിരണങ്ങളും പുറപ്പെടുവിക്കുന്നു. അതിനാൽ അവയുടെ പിണ്ഡം കാലക്രമേണ കുറയുകയും ഒടുവിൽ സ്ഥിരതയുള്ള ഐസോടോപ്പുകളിലേക്ക് ഈ മൂലകങ്ങൾ മാറുകയും ചെയ്യുന്നു. അന്തിമസ്ഥിരതയുള്ള ഐസോടോപ്പിന്റെ അളവ് യഥാർത്ഥ റേഡിയോ ആക്റ്റീവ് മൂലകവുമായി താരതമ്യപ്പെടുത്തിയാൽ എത്ര കാലം കൊണ്ടാണ് അവയുടെ ഇന്നത്തെ അളവുണ്ടായത് എന്ന് നിർണ്ണയിക്കാൻ കഴിയും. ഒരു പാറയുടെ പ്രായം വിലയിരുത്തുന്നതിന് ഇത് ഉപയോഗിക്കാനാവും.

ഫോസിലുകൾ പല തരത്തിലുണ്ട്. കെമിക്കൽ ഫോസിലുകൾ തന്മാത്രകളാണ്. നമുക്കറിയാവുന്നിടത്തോളം, ജൈവപ്രക്രിയകളിലൂടെ മാത്രം സ്വാഭാവികമായി ഉത്പാദിപ്പിക്കപ്പെടുന്ന തന്മാത്രകളെ ഫോസിലുകളായി കണക്കാക്കി പഴയ പാറകളിൽ അന്വേഷിക്കുന്നവരുണ്ട്. പുരാതനപാറകളിലെ അവയുടെ സാന്നിധ്യം സൂചിപ്പിക്കുന്നത് പാറ രൂപപ്പെടുന്ന സമയത്ത് ജീവജാലങ്ങൾ ഉണ്ടായിരുന്നു എന്നാണ്. 380 കോടി വർഷങ്ങൾ തൊട്ടിങ്ങോട്ടാണ് രാസഫോസിലുകൾ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ജൈവികമല്ലാത്തതും നിലവിൽ കണ്ടെത്താത്തതോ തിരിച്ചറിയാത്തതോ ആയ സംവിധാനങ്ങൾ വഴി ഈ തന്മാത്രകൾ ഉണ്ടാവാനുള്ള സാധ്യതയുമുണ്ട്. അതിനാൽ ഇവയെ മാത്രം ആശ്രയിച്ച് ജീവന്റെ ഉത്ഭവത്തെക്കുറിച്ചു പഠിക്കുന്നത് ചിലപ്പോൾ അബദ്ധമായേക്കാം.

മറ്റൊരു തരം ഫോസിലുകളാണ് ട്രെയ്സ് ഫോസിലുകൾ. ഇവ വ്യക്തമോ അവ്യക്തമോ ആവാം. ചെളിയിലോ മണലിലോ ജീവികൾ നടക്കുമ്പോൾ പതിയുന്ന കാൽപ്പാടുകൾ മുതൽ

അവ ഉണ്ടാക്കിയ തുരങ്കങ്ങളോ, ഇഴഞ്ഞു നീങ്ങിയപ്പോൾ ഉണ്ടായ പാടുകളോ ഒക്കെ ഫോസിലുകളായി തീരാറുണ്ട്. ഇവയാണ് ട്രെയ്സ് ഫോസിലുകൾ എന്നറിയപ്പെടുന്നത്. ഉദാഹരണത്തിന്, കൊളറാഡോയിലെ മോറിസണിനടുത്തുള്ള ദിനോസർ റിഡ്ജ് എന്നറിയപ്പെടുന്ന പാറമടകൾ സന്ദർശിച്ചാൽ നിങ്ങൾക്ക് ദിനോസർ കാൽപ്പാടുകൾ (ഫോസിൽ) കാണാനും കഴിയും. ട്രെയ്സ് ഫോസിലുകളിൽനിന്ന് നമുക്ക് പലതും മനസ്സിലാക്കാനാകും. ജീവിയുടെ പൊതുവായ ആകൃതി, പ്രത്യേക രീതിയിൽ ചലിക്കാനുള്ള കഴിവ് തുടങ്ങിയവ ഇങ്ങനെ മനസ്സിലാക്കാം.

ജീവികളുടെ പല്ലുകൾ, ചെതുമ്പലുകൾ, ഷെല്ലുകൾ, അസ്ഥികൾപോലുള്ള കഠിനമായ ഭാഗങ്ങളുടെ ധാതുവൽക്കരിച്ച അവശിഷ്ടങ്ങൾ തുടങ്ങിയവ ഫോസിലുകളാവാറുണ്ട്. അവയെ ഘടനാപരമായ ഫോസിലുകൾ എന്നാണ് വിളിക്കുന്നത്. എന്നാൽ ഇത് ഏകകോശജീവികളുടെ കാര്യത്തിൽ ഉണ്ടാവില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അപ്പോൾപ്പിന്നെ ഏകകോശ ജീവികളുടെ ഫോസിലുകൾ എങ്ങനെയാണ് തിരിച്ചറിയുന്നത്?

ചില സൂക്ഷ്മജീവികളുടെ, പ്രത്യേകിച്ച് സയനോബാക്ടീരിയയുടെ പ്രവർത്തനഫലമായി മണൽത്തട്ടുകൾ രൂപപ്പെടാറുണ്ട്. ആഴം കുറഞ്ഞ വെള്ളത്തിൽ രൂപപ്പെടുന്ന, പാളികളുള്ള ഇത്തരം ബയോകെമിക്കൽ ഘടനകളെ സ്ട്രോമാറ്റോലൈറ്റുകൾ എന്നാണു വിളിക്കുന്നത്. സൂക്ഷ്മാണുക്കൾ പശസംയുക്തങ്ങൾ ഉത്പാദിപ്പിക്കുകയും അവയുപയോഗിച്ച് മണലും മറ്റു പാറവസ്തുക്കളും ഒട്ടിച്ചുചേർത്ത് ധാതുക്കളുടെ 'മൈക്രോബിയൽ മാറ്റുകൾ' ഉണ്ടാക്കുകയും ചെയ്യുന്നു. ഈ മാറ്റുകളുടെ ഓരോ പാളിയും കാലക്രമേണ വളരുകയും, പല പാളികളുള്ള ഘടനകളായി മാറുകയും ചെയ്യുന്നു. ഇങ്ങനെയുണ്ടാവുന്ന സ്ട്രോമാറ്റോലൈറ്റുകൾ ഒരു മീറ്ററോ അതിൽ കൂടുതലോ വളരാം. ഫോസിലൈസ് ചെയ്ത സ്ട്രോമാറ്റോലൈറ്റുകൾ ഭൂമിയിലെ പുരാതനജീവിതത്തിന്റെ ഏറ്റവും നല്ല തെളിവുകളാണ്.

ജീവനുള്ള സ്ട്രോമാറ്റോലൈറ്റുകൾ ഭൂമിയിലെ ഏതാനും ലഗൂണുകളിലോ ഉൾക്കടലുകളിലോ മാത്രമേ കാണപ്പെടുന്നുള്ളൂ. വെസ്റ്റേൺ ഓസ്ട്രേലിയയുടെ ചില ഭാഗങ്ങളിൽ ജീവനുള്ളതും ഫോസിലൈസ് ചെയ്തതുമായ വൈവിധ്യമാർന്ന സ്ട്രോമാറ്റോലൈറ്റ് സൈറ്റുകൾ കാണാൻ കഴിയും. ഏകദേശം 350 കോടി വർഷം പഴക്കമുള്ള, ആദ്യകാല സ്ട്രോമാറ്റോലൈറ്റുകളുടെ ഫോസിലുകൾ നമ്മൾ കണ്ടെത്തിയത് വെസ്റ്റേൺ ഓസ്ട്രേലിയയുടെ പിൽബറ മേഖലയിലെ മാർബിൾ ബാറിന് സമീപത്തുനിന്നാണ്.

നിലവിൽ ലഭിച്ചിരിക്കുന്ന ഫോസിലുകളുടെ സഹായത്തോടെ നമുക്ക് നിർണ്ണയിക്കാൻ കഴിയുന്നത് കുറഞ്ഞത് 350 കോടി വർഷങ്ങൾക്കു മുമ്പാണ് ഭൂമിയിൽ ജീവൻ ഉത്ഭവിച്ചതെന്നാണ്. കാരണം ഭൂമിയിലെ ജീവന്റെ ഫോസിൽ തെളിവുകളുള്ള ഏറ്റവും പഴയ പാറകളുടെ പ്രായമാണിത്. അപ്പോൾ ജീവൻ ഉത്ഭവിച്ചത് 350 കോടി വർഷങ്ങൾക്കു മുമ്പാണെന്ന് ഉറപ്പിക്കാമോ? കഴിയില്ല.

എന്താണു കാരണമെന്നല്ലേ. ഭൂമി ഉണ്ടായിട്ട് 450 കോടി വർഷങ്ങളായി. എന്നാൽ ഇന്ന് നമുക്കു ലഭിക്കുന്ന ഫോസിലുകളുള്ള ഏറ്റവും പഴയ പാറകളുടെ പ്രായമാണ് 350 കോടി വർഷം. അതായത് ഭൂമി ഉണ്ടായി 100 കോടി വർഷങ്ങൾക്കുശേഷം മാത്രമുണ്ടായ പാറകളാണ് ഇവ. ഇതിനു മുമ്പുണ്ടായ പാറകൾ പലതും ഫോസിലുകൾ അവശേഷിപ്പിക്കുന്നില്ല. അല്ലെങ്കിൽ ഭൂമിയിൽ സംഭവിച്ച പാറകളുടെ പുനഃചംക്രമണ പ്രക്രിയയിൽ അവ നഷ്ടപ്പെട്ടുപോയി.


പാറകളിൽ കാണപ്പെടുന്ന ഫോസിൽ Photo: Dcrjsr

ഏതായാലും 350 കോടി വർഷങ്ങൾക്കു മുമ്പുതൊട്ടെങ്കിലും ജീവനുണ്ടായിരുന്നു എന്നതിന് ഇപ്പോൾ തെളിവുണ്ട്. ഭാവിയിൽ കൂടുതൽ പഴയ ഫോസിലുകൾ കണ്ടെത്തിയേക്കാം, അല്ലെങ്കിൽ മറ്റു മാർഗങ്ങളിലൂടെ ജീവന്റെ ഉത്ഭവം നടന്ന കാലഘട്ടം കണ്ടെത്തിയേക്കാം.

ഏതായാലും ഇനിയുള്ള കാലം ഇത്തരം ആവേശമുണർത്തുന്ന കണ്ടെത്തലുകളുടേതായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.



വര: ആതിര സജീവ് ടി

# നെപ്പോളിയനെ മുയലുകൾ ആക്രമിച്ചപ്പോൾ!



**ജൂലിയസ് മാനുവൽ**

ലോകത്തിന്നുവരെ ജീവിച്ചിരുന്ന മിലിട്ടറി ലീഡേഴ്സിൽ അഗ്രഗണ്യനായിരുന്നു നെപ്പോളിയൻ എന്നതിൽ ആർക്കും സംശയമില്ല. അദ്ദേഹത്തിന്റ യുദ്ധതന്ത്രങ്ങളും നയങ്ങളും മൂർച്ചയുള്ള സ്വഭാവരീതികളും സമാനതയില്ലാത്തതു തന്നെയാണ്. അവസാനം അദ്ദേഹം ഫ്രാൻസിന്റെ ചക്രവർത്തിയാകുകയും നീണ്ട 12 വർഷങ്ങൾ അധികാരത്തിലിരിക്കുകയും ചെയ്തു.

ഈ കാലയളവിൽ അദ്ദേഹം ഫ്രഞ്ച് ജനതയ്ക്കും സർക്കാരിനും ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഫ്രഞ്ച് ഗവൺമെന്റിനെ ഏകീകൃതമാക്കിയതും വിദ്യാഭ്യാസനയങ്ങളിൽ മാറ്റം വരുത്തിയതും സയൻസിനും കലകൾക്കും കൂടുതൽ പണം അനുവദിച്ചതുമെല്ലാം അദ്ദേഹത്തിന്റെ ഭരണകാലനേട്ടങ്ങളാണ്.

നെപ്പോളിയന്റെ യുദ്ധതന്ത്രങ്ങൾ ഇന്നും സൈനിക ക്ലാസുകളിൽ ചർച്ചാവിഷയമാണ്. പക്ഷേ ഇങ്ങനെയൊക്കെയുള്ള സാക്ഷാൽ നെപ്പോളിയനെ ഒരു കൂട്ടം മുയലുകൾ തുരത്തിയോടിച്ചു എന്നു പറഞ്ഞാൽ നമുക്ക് വിശ്വസിക്കുവാൻ പ്രയാസം തോന്നും.

1807 ലാണ് സംഭവം. ആ വർഷമാണ് ഫ്രഞ്ച് ഭരണകൂടം, റഷ്യൻ സാമ്രാജ്യവുമായി ഒരു സമാധാനക്കരാർ (Treaty of Tilsit) ഒപ്പുവെച്ചത്. അതോടുകൂടി ഫ്രാൻസും റഷ്യയും തമ്മിൽ വർഷങ്ങളായി നിലനിന്നിരുന്ന സംഘർഷത്തിന് അവസാനമുണ്ടാവുകയും ചെയ്തു. അത് തന്റെ ഭരണകാലത്തെ വലിയൊരു നേട്ടമായിട്ടാണ് നെപ്പോളിയൻ വിലയിരുത്തിയത്.

ഈ വിജയം ആഘോഷിക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ഒരു കാട്ടുമുയൽ വേട്ടയാണ് നെപ്പോളിയൻ പ്ലാൻ ചെയ്തത്. ഹണ്ടിങ് അദ്ദേഹം എന്നും ആസ്വദിച്ചിരുന്നു. താൻ

എപ്പോഴും ഊർജസ്വലനായി ഇരിക്കുവാൻ വേട്ട സഹായിക്കും എന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

കാര്യം വലിയൊരു സൈന്യത്തിന്റെ തലവനാണ്, തന്ത്രങ്ങളുടെ രാജാവാണ്; പക്ഷേ നെപ്പോളിയന്റെ ഉന്നം അത്ര പോരായിരുന്നു എന്നാണു തെളിവുകൾ നമ്മോട് പറയുന്നത്. എങ്കിലും വേട്ട അദ്ദേഹം നന്നായിത്തന്നെ ആസ്വദിക്കുമായിരുന്നു.

ചക്രവർത്തിക്ക് മുയലുകളെ അന്വേഷിച്ച് കാടായകാടു മുഴുവനും അലഞ്ഞുതിരിയുവാനൊന്നും സമയമില്ല. അതിനാൽ മറ്റുള്ളവർ കെണിവെച്ച് കാട്ടുമുയലുകളെ പിടികൂടി നെപ്പോളിയൻ വേട്ടയാടുന്ന പരിസരങ്ങളിൽ കൊണ്ടുവിടണം. എങ്കിൽ ചക്രവർത്തിക്ക് എളുപ്പം വേട്ട നടത്തുവാനും പണി കഴിഞ്ഞു തിരിച്ചുപോകുവാനും സാധിക്കും. ഇതിനായി മുയലുകളെ പിടികൂടി കാട്ടിൽ വിടേണ്ട ചുമതല ഏൽപ്പിച്ചത് ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്ന അലക്സാൻഡ്രേ ബെർച്ചിയെയെ (Alexandre Berthier) ആയിരുന്നു.

ബെർച്ചിയെ ആവട്ടെ തന്നെ ഏൽപ്പിച്ച പണി കൂടുതൽ ഭംഗിയാക്കിയേക്കാം എന്നങ്ങ് തീരുമാനിച്ചു. ലോകം ഇതുവരെ കണ്ട ഏറ്റവു മികച്ച മുയൽവേട്ട ആയിരിക്കണം ഇത്. വേട്ട കഴിയുമ്പോൾ ചക്രവർത്തിക്ക് തന്നോടുള്ള ഇഷ്ടം ഇരട്ടിയാകണം.

പക്ഷേ ചക്രവർത്തിയുടെ ഉന്നം അത്രപോരാ. അതുകൊണ്ട് കുറച്ചേറെ മുയലുകളെ വേട്ടയ്ക്ക് ആവശ്യമാണ്. കൂടുതൽ മുയലുകൾ ഉണ്ടെങ്കിൽ നെപ്പോളിയന്റെ വെടി ഒരെണ്ണത്തിനെങ്കിലും കൊള്ളും. പരിപാടി വൻവിജയമാകുകയും ചെയ്യും!

വേട്ടയ്ക്കായി കാട്ടുമുയലുകളെ കെണിവെച്ച് പിടികൂടാനൊന്നും ബെർച്ചിയെ സമയം കളഞ്ഞില്ല. അല്ലെങ്കിലും ഇത്രയേറെ കാട്ടുമുയലുകളെ എവിടെനിന്നു പിടികൂടാനാണ്? ഇവിടെയാണ് ബെർച്ചിയെ ഗുരുതരമായ ഒരു തെറ്റ് കാണിച്ചത്. കാട്ടുമുയലുകൾക്ക് പകരം മുന്നൂറോളം വളർത്തുമുയലുകളെയാണ് ബെർച്ചിയെ ആ ഭാഗത്തുള്ള ഫാമുകളിൽ നിന്നും വാങ്ങിക്കൂട്ടിയത്.

അങ്ങനെ അവസാനം വേട്ടയുടെ ദിവസമായി. നെപ്പോളിയനും അനുചരന്മാരും തോക്കുകളുമായി കാട്ടിൽ പ്രത്യേക സ്ഥലത്ത് എത്തിച്ചേർന്നു. ഇവിടെയാണ് പല സ്ഥലങ്ങളിലായി കൂടുകളിൽ വളർത്തുമുയലുകളെ ബെർച്ചിയെയുടെ ആളുകൾ ഒളിപ്പിച്ചുവെച്ചിരിക്കുന്നത്.

നെപ്പോളിയൻ വേട്ട തുടങ്ങിയതോടെ മറച്ചുവെച്ചിരുന്ന കൂടുകൾ ബെർച്ചിയെയുടെ ആളുകൾ തുറന്നുവിട്ടു. അതോടുകൂടി നൂറുകണക്കിന് മുയലുകൾ പുറത്തേക്കു ചാടി.

കാട്ടുമുയലുകൾക്ക് മനുഷ്യനെ ഭയമാണ്. അവയെ പിടികൂടി തുറന്നുവിട്ടാൽ അവറ്റകൾ കാട്ടിലേക്ക് ഓടിമറയും. ഇതു കാണുന്ന നെപ്പോളിയനും കൂട്ടരും അവരെ പിന്തുടർന്ന് വെടിവെച്ചു കൊല്ലും. ഇതാണ് പതിവ്. പക്ഷേ ഇവിടെ കൂടു തുറന്നു പുറത്തു ചാടിയിരിക്കുന്നത് മനുഷ്യനെ ഭയമില്ലാത്ത നാടൻ വളർത്തുമുയലുകളാണ്. രണ്ടു ദിവസമായിട്ട് അവറ്റകളെ കൂട്ടിൽ പട്ടിണിക്കിട്ടിരിക്കുകയാണ്.

കൂടു തുറന്നതോടെ മുയലുകൾ കാട്ടിലേക്ക് ഓടിമറയുന്നതിനു പകരം നെപ്പോളിയന്റെയും കൂട്ടരുടെയും ദേഹത്തേക്ക് ചാടിക്കയറുകയാണ് ഉണ്ടായത്. സത്യത്തിൽ ഫാമിലെപ്പോലെ തങ്ങൾക്ക് തീറ്റയും കൊണ്ടുവന്ന ആളുകളാണ് സാക്ഷാൽ നെപ്പോളിയനും കൂട്ടരും എന്നാണ് മുയലുകൾ വിചാരിച്ചത്.

ശരീരത്തിലേക്കു ചാടിക്കയറിയ മുയലുകളെക്കണ്ട് നെപ്പോളിയൻ ആദ്യമൊക്കെ ചിരിച്ചെങ്കിലും പിന്നീട് കളി കാര്യമായി. ദേഹത്തേക്ക് ചാടിക്കയറിയ മുയലുകൾ വസ്ത്രങ്ങൾ കടിച്ചുകീറാനും കൈയിലും കാലിലും കടിക്കാനും തുടങ്ങി. എവിടെയാണ് തീറ്റ വെച്ചിരിക്കുന്നത് എന്നാണ് അവർ തിരക്കിയത്. അവസാനം നെപ്പോളിയന് തന്റെ ദേഹത്തുനിന്ന് മുയലുകളെ വലിച്ചുപറിച്ചെടുത്ത് ദൂരെയെറിയേണ്ടി വന്നു. പക്ഷേ അപ്പോഴേക്കും കൂടുതൽ മുയലുകൾ അദ്ദേഹത്തിന്റെ ശരീരത്തിലേക്ക് പാഞ്ഞുകയറി.

അറിയാമല്ലോ, നെപ്പോളിയൻ ഒന്നാന്തരം തന്ത്രജ്ഞനാണ്. ഇത്തരം അവസരങ്ങളിൽ മാനം നോക്കാതെ പിന്തിരിയുകയാണ് നല്ലതെന്ന് അദ്ദേഹത്തിനു മനസ്സിലായി. നെപ്പോളിയൻ മുയലുകളെ വിട്ട് ഓടി തന്റെ കുതിരവണ്ടിയിലേക്ക് ചാടിക്കയറി. എന്നാൽ അതിനകത്തോട്ടും കുറച്ചു മുയലുകൾ ചാടിക്കയറി. നെപ്പോളിയനെയുംകൊണ്ട് കുതിരവണ്ടി അവിടെനിന്ന് ശരവേഗത്തിൽ പാഞ്ഞുപോകുന്ന സമയത്തും അകത്ത് ചക്രവർത്തി തന്റെകൂടെ വണ്ടിയിൽ കയറിയ മുയലുകളെ വെളിയിലേക്കെറിയുന്ന തിരക്കിലായിരുന്നു.

അങ്ങനെ, വേട്ടക്കിറങ്ങിയ സാക്ഷാൽ നെപ്പോളിയനെ ഒരുകൂട്ടം മുയലുകൾ തോൽപ്പിച്ചോടിച്ചു! ഫ്രഞ്ച് ചരിത്രത്തിലെ നർമ്മം നിറഞ്ഞ ഒരേടാണ് നെപ്പോളിയനും മുയലുകളും തമ്മിൽ നടന്ന ഈ യുദ്ധം!

# കുഞ്ഞിപ്പെതങ്ങളുടെ തിരുനാൾ

സുഭാഷ് ഒട്ടുംപുറം



വര: ടി ആർ രാജേഷ്



രാത്രിക്ക് കൂട്ടാൻ വെക്കാനൊന്നുമില്ല എന്ന് അമ്മ പറയുന്നതു കേട്ടാണ് പഞ്ചമി പഠിക്കാനിരുന്നത്. കടപ്പുറത്ത് വറുതിക്കാലമാണ്. അച്ഛന് പണിയില്ലാതായിട്ട് നാളുകളായി. ഉപ്പിട്ടുണക്കി സൂക്ഷിച്ചുവെച്ച ഒണക്കലും തീർന്നു. ഇനിയിപ്പോ അത്താഴത്തിന് ചോറിന്റെ കൂടെ ചമ്മന്തിയായിരിക്കുമെന്ന് പഞ്ചമി ഉറപ്പിച്ചു. അവൾ പാഠപുസ്തകം തുറന്ന് വായന തുടങ്ങി.

അടുക്കളയിലെ പരാതി കേട്ടിട്ടാവണം അച്ഛൻ ഇറയത്ത് തൂക്കിയിട്ടിരുന്ന വീശുവലയെടുത്ത് തട്ടിക്കുടയാൻ തുടങ്ങി. പഞ്ചമി ഇടംകണ്ണിട്ട് അച്ഛനെ നോക്കി. വറുതിക്കാലത്ത് അമ്മയുടെ പരാതി കേൾക്കുമ്പോൾ അച്ഛൻ വീശുവലയെടുത്ത് കടപ്പുറത്തേക്കിറങ്ങും. കൂട്ടിന് പഞ്ചമിയെയും

വിളിക്കും. ടോർച്ച് തെളിയിക്കുക, മീനുകൾ പെറുക്കി ബക്കറ്റിലിടുക എന്നതൊക്കെയാണ് പഞ്ചമിയുടെ പണി. അച്ഛനോടൊപ്പം രാത്രി കടലിൽ വല വീശാനിറങ്ങുന്നത് അവൾക്ക് ഏറെയിഷ്ടമാണ്. തണുത്ത കാറ്റും ആകാശത്തെ നക്ഷത്രങ്ങളും പുറങ്കടലിലെ ബോട്ടുകളുടെ വെളിച്ചവും എത്ര കണ്ടാലും അവൾക്ക് മതിയാകില്ല.

വീശുവല ശരിയാക്കിവെച്ച് അച്ഛൻ അകത്തുനിന്ന് ടോർച്ചെടുത്തു വന്നു. പിന്നെ കിണറ്റിൻകരയിൽനിന്ന് ബക്കറ്റെടുത്ത് ഉമ്മറത്തെ തിണ്ടിന്മേൽ വെച്ചു.

"മോള് പഠിച്ചു കഴിഞ്ഞോ?" അച്ഛൻ ചോദിച്ചു.

"ഇപ്പോ കഴിയും അച്ഛാ." അവൾ പറഞ്ഞു.

അച്ഛൻ അവൾക്കു വേണ്ടി കാത്തുനിന്നു. ചെയ്യുതീർക്കാനുള്ള ഹോംവർക്കുകളെല്ലാം പഞ്ചമി പെട്ടെന്നു ചെയ്തു തീർത്തു.

"രണ്ടാളും പോകുന്നതൊക്കെ കൊള്ളാം. ഒത്തിരി വൈകരുത്." അമ്മ പറഞ്ഞു.

പഞ്ചമിയും അച്ഛനും കടപ്പുറത്തേക്കു നടന്നു. തണുത്ത കാറ്റ്. നിലാവ്. നക്ഷത്രങ്ങൾ. പഞ്ചമിയുടെ കണ്ണും മനസ്സും നിറഞ്ഞുതുടുത്തു.

കടപ്പുറം വിജനമായിരുന്നു. പഞ്ചമി ടോർച്ച് തെളിയിച്ചു. കടലോരം നിറയെ ഞണ്ടുകൾ. വലിയൊരു സമ്മേളനം നടക്കുന്നപോലെ. കാലടിശബ്ദങ്ങൾ കേട്ടപ്പോൾ അവയിൽ പലരും ഭയപ്പെട്ട് കുഴികളിലൊളിച്ചു. ചിലത് അരിച്ചരിച്ച് കടലിലേക്കിറങ്ങിപ്പോയി.

അച്ഛൻ വീശുവല സാരി ഞൊറിയുമ്പോലെ കൈകളിൽ കൊരുത്തിട്ടു. പിന്നെ ഒന്നു വട്ടംകറങ്ങി വീശിയെറിഞ്ഞു. വെള്ളം ചിതറുന്ന ശബ്ദം പഞ്ചമി കേട്ടു. അച്ഛൻ വലയുടെ കയർ താഴ്ത്തിപ്പിടിച്ച് പതിയെ വലിച്ചു കയറ്റാൻ തുടങ്ങി.

കുറേ ചപ്പുചവറുകൾ മാത്രമേ വലയിലുണ്ടായിരുന്നുള്ളൂ. അതെല്ലാം തട്ടിക്കുടഞ്ഞ് അച്ഛൻ വല വീണ്ടും കൈകളിൽ ഞൊറിഞ്ഞിട്ടു. കുറച്ചൂടെ തെക്കോട്ട് മാറി അച്ഛൻ വല വീശിയെറിഞ്ഞു.

ഇത്തവണ ഒരു തിരുതയും രണ്ട് ശംഖുകളും അവർക്ക് കിട്ടി. പഞ്ചമി അതെല്ലാം ബക്കറ്റിലിട്ടു. അവൾക്ക് ശംഖുകളുടെയും ചിപ്പികളുടെയും വലിയൊരു ശേഖരം തന്നെയുണ്ട്. ക്ലാസിലെ കൂട്ടുകാർക്ക് അതൊക്കെ അവൾ സമ്മാനമായി കൊടുക്കാറുണ്ട്.

നാലഞ്ച് പ്രാവശ്യം വല വീശിയപ്പോഴേക്കും ആവശ്യത്തിനുള്ള മീൻ അവർക്ക് കിട്ടി. രണ്ട് തിരുത, മൂന്ന് ഏട്ട, ഒരു മാന്തൾ.

"നമുക്ക് ഇതു മതി അച്ഛാ." പഞ്ചമി പറഞ്ഞു.

അച്ഛൻ സമ്മതിച്ചു.

വല വൃത്തിയാക്കി അവർ തിരിച്ചുപോകാനൊരുങ്ങി. അപ്പോഴാണ് കുറച്ചപ്പുറത്തായി ഒരനക്കം കണ്ടത്. പഞ്ചമി ടോർച്ചടിച്ചു. അത്ഭുതപ്പെട്ടു പോയി അവൾ! ഒരു വലിയ കടലാമ.

കടലിൽനിന്ന് പതിയെ കരയിലേക്ക് ഇഴയുകയായിരുന്നു അത്. വെളിച്ചം കണ്ടപ്പോൾ കടലാമ മണലിൽ പതുങ്ങാൻ ശ്രമിച്ചു.

പഞ്ചമി ടോർച്ച് കെടുത്തി.

ആദ്യമായിട്ടാണ് അവൾ കടലാമയെ കാണുന്നത്.

"മുട്ടയിടാൻ വന്നതാണ്." അച്ഛൻ പറഞ്ഞു.

പണ്ടൊക്കെ സൂര്യനസ്തമിച്ചാൽ ധാരാളം കടലാമകൾ മുട്ടയിടാനായി വരാറുണ്ടെന്ന് അവൾ കേട്ടിട്ടുണ്ട്. മനുഷ്യരുടെ അതിക്രമം മൂലം കടലാമകൾ വംശനാശത്തിന്റെ വക്കിലാണത്രേ. കൊന്നും

**വല വൃത്തിയാക്കി അവർ തിരിച്ചുപോകാനൊരുങ്ങി. അപ്പോഴാണ് കുറച്ചപ്പുറത്തായി ഒരനക്കം കണ്ടത്. പഞ്ചമി ടോർച്ചടിച്ചു. അത്ഭുതപ്പെട്ടു പോയി അവൾ! ഒരു വലിയ കടലാമ. കടലിൽനിന്ന് പതിയെ കരയിലേക്ക് ഇഴയുകയായിരുന്നു അത്. വെളിച്ചം കണ്ടപ്പോൾ കടലാമ മണലിൽ പതുങ്ങാൻ ശ്രമിച്ചു.**

മുട്ടകൾ മോഷ്ടിച്ചും മനുഷ്യർ കടലാമകളെ ഇല്ലായ്മ ചെയ്തു കൊണ്ടിരിക്കുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും പഞ്ചമിക്ക് മനസ്സിലായതേയില്ല.

അവളങ്ങനെ ആലോചിച്ചു നിൽക്കുന്നതിനിടെ കടലാമ ഇഴഞ്ഞിഴഞ്ഞ് കരയ്ക്കു കയറി. ചുറ്റുപാടും നന്നായൊന്ന് നിരീക്ഷിച്ച് അത് മണലിൽ കുഴിയൊരുക്കാൻ തുടങ്ങി. അതിന്റെ ചേഷ്ടകളെല്ലാം പഞ്ചമി കൗതുകത്തോടെ നോക്കിനിന്നു.

കുഴിയുടെ പണി പെട്ടെന്നുതന്നെ പൂർത്തിയായി.

പടിഞ്ഞാറോട്ട് തിരിഞ്ഞിരുന്ന് കടലാമ മുട്ടയിടാൻ തുടങ്ങി.

"അതിനെ ശല്യപ്പെടുത്തേണ്ട. നമുക്കു പോകാം." അച്ഛൻ പറഞ്ഞു.

"അത് മുട്ടയിട്ട് കഴിഞ്ഞോട്ടേ അച്ഛാ. ആരുടെയെങ്കിലും കണ്ണിൽപ്പെട്ടാൽ അതിലൊന്നു പോലും ബാക്കിയുണ്ടാവില്ല." പഞ്ചമി പറഞ്ഞു.

അതു ശരിയാണെന്ന് അച്ഛനും തോന്നി. കടലാമ കരയ്ക്കു കയറിയതിന്റെ പാടുകൾ നോക്കി മുട്ട കണ്ടെത്തുന്ന മിടുക്കരുണ്ട്.

മുട്ട മോഷ്ടിക്കുന്നത് കുറ്റമാണെന്ന് അറിയാമെങ്കിലും അവർക്ക് യാതൊരു പേടിയുമില്ല. പുറത്തറിഞ്ഞാലല്ലേ പ്രശ്നം. ആരും അതൊന്നും പരസ്യമാക്കാറില്ല. കടലാമയുടെ മുട്ട പുഴുങ്ങിത്തിന്നാൻ എല്ലാവർക്കും കൊതിയാണ്.

കടലാമ മുട്ടയിട്ട് തീരാൻ ഇത്തിരി സമയമെടുത്തു. ഏകദേശം നൂറു മുട്ടകളുണ്ടാകുമെന്ന് പഞ്ചമി കണക്കുകൂട്ടി.

മുട്ടയിട്ടു കഴിഞ്ഞപ്പോൾ കടലാമ കുഴി ഭദ്രമായി മൂടി. പിന്നെ പതിയെ കടലിലേക്ക് ഇഴഞ്ഞു.

ഇനി അൻപതുദിവസങ്ങൾ കഴിഞ്ഞാൽ ആ മുട്ടകൾ വിരിയും. പഞ്ചമി ആലോചിച്ചു. അടയിരിക്കാതെ താനേ വിരിയുന്ന മുട്ടകൾ.

അത്ഭുതമുട്ടകൾ!

പഞ്ചമിയും അച്ഛനും കൂടി കടലാമ ഇഴഞ്ഞ അടയാളങ്ങളൊക്കെ മായ്ച്ചുകളഞ്ഞു. മുട്ടകളുടെ സ്ഥാനം അവൾ മനസ്സിൽ സൂക്ഷിച്ചു.

> **പണ്ടൊക്കെ സൂര്യനസ്തമിച്ചാൽ ധാരാളം കടലാമകൾ മുട്ടയിടാനായി വരാറുണ്ടെന്ന് അവൾ കേട്ടിട്ടുണ്ട്. മനുഷ്യരുടെ അതിക്രമം മൂലം കടലാമകൾ വംശനാശത്തിന്റെ വക്കിലാണത്രേ. കൊന്നും മുട്ടകൾ മോഷ്ടിച്ചും മനുഷ്യർ കടലാമകളെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും പഞ്ചമിക്ക് മനസ്സിലായതേയില്ല.**

വീട്ടിലെത്തിയപ്പോൾ അവൾ നേരെ കലണ്ടറെടുത്ത് അന്നത്തെ തീയതി അടയാളമിട്ടുവെച്ചു.

നവംബർ 3.

ഇനി അൻപതു ദിവസങ്ങൾ കഴിഞ്ഞാൽ ആ മുട്ടകൾ വിരിയും.

അന്നു മുതൽ പഞ്ചമിയുടെ കാത്തിരിപ്പ് ആ ദിവസത്തിനു വേണ്ടിയായിരുന്നു. എന്നും രാവിലെയും വൈകിട്ടും അവൾ അവിടെ ചെന്നുനോക്കും. ആരെങ്കിലും കുഴി തുറന്ന് മുട്ടയെടുത്തിട്ടുണ്ടാവുമോ എന്നവൾ ഭയപ്പെടും. ഇല്ല, ആരും അറിഞ്ഞിട്ടില്ല!

അതിനു മുകളിലൂടെ പല തവണ അങ്ങോട്ടുമിങ്ങോട്ടും നടന്നിട്ടും കാൽക്കീഴിൽ കുറേ മുട്ടകൾ പതുങ്ങിക്കിടക്കുന്ന കാര്യം ഒരാളും അറിഞ്ഞില്ല.

പഞ്ചമിക്കും അച്ഛനും മാത്രമറിയാവുന്ന രഹസ്യമായിരുന്നു അത്. മഹത്തായ നിധിയെന്നപോലെ അവരാ രഹസ്യം സൂക്ഷിച്ചു.

ചിലപ്പോൾ കടപ്പുറത്ത് ആരുമില്ലാത്ത നേരത്ത് പഞ്ചമി ആ കുഴിക്കു മീതെ ചെവിയമർത്തിക്കിടക്കും.

മണ്ണിനടിയിൽനിന്ന് അനക്കം വല്ലതും കേൾക്കാനുണ്ടോ?

ആരുമറിയാതെ കുറേ ജീവനുകൾ മണ്ണിനടിയിൽ വളരുന്നത് ആലോചിച്ചപ്പോൾ അവൾക്ക് വല്ലാത്ത അത്ഭുതം തോന്നി. കടലാമക്കുഞ്ഞുങ്ങൾ പുറത്തു വരുന്ന കാഴ്ച കാണാൻ അവൾക്ക് അങ്ങേയറ്റം ധൃതിയായി. ദിവസങ്ങൾ പെട്ടെന്ന് കഴിഞ്ഞിരുന്നെങ്കിൽ.

ദിവസങ്ങൾ പക്ഷേ, ആമകളെപ്പോലെ ഇഴഞ്ഞുനീങ്ങി. അല്ലെങ്കിലും എന്തിനുവേണ്ടിയെങ്കിലും കാത്തിരിക്കുമ്പോൾ ദിവസങ്ങൾക്ക് അങ്ങനെയൊരു വികൃതിയുണ്ട്. മനഃപൂർവം വൈകും.

കലണ്ടറിൽ അൻപതു ദിവസങ്ങൾ പിന്നിട്ടപ്പോൾ പഞ്ചമിയുടെ ആകാംക്ഷ ആകാശത്തോളമുയർന്നു. ഇനി ഏതു നിമിഷവും മുട്ടകൾ വിരിയും.

എപ്പോഴാവും അത്?

താൻ സ്കൂളിലായിരിക്കുമ്പോളാവുമോ?

തനിക്കത് കാണാൻ കഴിയില്ലേ?

ആ ഞായറാഴ്ച രാവിലെ ആ കുഴിക്കരികെ ഇരിക്കുമ്പോൾ അപ്രതീക്ഷിതമായി ഒരനക്കം അവൾ കണ്ടു. അവൾ ഞെട്ടിത്തരിച്ചു പോയി. കുഴിയാനയെപ്പോലെ ഒരു ആമക്കുഞ്ഞ് പുറത്തേക്കു വരുന്നു!

സന്തോഷംകൊണ്ട് അലറിവിളിക്കാൻ തോന്നി അവൾക്ക്. പക്ഷേ, അവളത് അടക്കിപ്പിടിച്ചു.

അവൾ കൗതുകത്തോടെ കുഞ്ഞനാമയെ നോക്കിനിന്നു.

കുഴിയിൽനിന്ന് പുറത്തെത്തിയ അത് വേഗം കടലിനു നേർക്ക് ഇഴഞ്ഞു. അതിനു പിന്നാലെ മറ്റൊന്ന്. അങ്ങനെ വരിയായ് കുഞ്ഞനാമകളുടെ ജാഥ.

അവസാനത്തെ ആമക്കുഞ്ഞും പുറത്തുവരുന്നതുവരെ ആ അത്ഭുതലോകത്തിൽ നിന്ന് പഞ്ചമി അനങ്ങിയതേയില്ല.

നൂറ്റിപ്പതിനഞ്ച് ആമക്കുഞ്ഞുങ്ങളുണ്ടായിരുന്നു.

പഞ്ചമി കലണ്ടറിൽ ആ

ദിവസം അടയാളപ്പെടുത്തി വെച്ചു.

ഡിസംബർ 28!

കൃത്യം അമ്പത്തിയഞ്ച് ദിവസങ്ങളെടുത്തിരിക്കുന്നു മുട്ടകൾ വിരിയാൻ.

ആ ദിവസത്തിന്റെ പ്രത്യേകതയെന്താണെന്ന് അവൾക്കറിയാം. ഡിസംബർ 28 ഹോളി ഇന്നസെന്റ്സ് ഡേ ആണത്രേ. അതായത് കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ. യൂദായിലെ നിരപരാധികളായ ശിശുക്കളെ ഹെറോദോസിന്റെ പട്ടാളക്കാർ വധിച്ചതിന്റെ ഓർമ്മ പുതുക്കുന്ന ദിനം.

പഞ്ചമിയെ സംബന്ധിച്ച് ആ ദിവസത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. അന്നവളുടെ പിറന്നാളായിരുന്നു.

വറുതിക്കാലമായിട്ടും അച്ഛൻ അവളോടു ചോദിച്ചു:

“മോൾക്ക് എന്തു സമ്മാനമാണ് വേണ്ടത്?”

“സമ്മാനം കിട്ടിയച്ഛാ!” അവൾ പറഞ്ഞു.





Photo: Dr. Guido Bohne

# ശബ്ദംകൊണ്ടു വവ്വാലിനെ തോൽപ്പിക്കുന്ന നിശാശലഭങ്ങൾ!

വിജയകുമാർ ബ്ലാത്തൂർ

അൾട്രാസോണിക് ശബ്ദവീചികൾ പുറപ്പെടുവിച്ച്, അവ എവിടെയെങ്കിലും തട്ടി പ്രതിധ്വനിച്ച് വരുമ്പോൾ പിടിച്ചെടുത്തു വിശകലനം ചെയ്താണ് മുന്നിലെ വളരെ ചെറിയ തടസ്സങ്ങളും ചലനങ്ങളും വവ്വാലുകൾ മനസ്സിലാക്കുന്നത്.

ബയോളജിക്കൽ സോണാർ അല്ലെങ്കിൽ എക്കോലൊക്കേഷൻ പരിപാടിയാണ് ഈ പറക്കുന്ന സസ്തനിയുടെ പ്രധാന കഴിവുകളിലൊന്ന്. മറ്റാർക്കും ഒന്നും കാണാൻ കഴിയാത്ത കൂരിരുളിലും ശബ്ദസഹായം കൊണ്ടു മാത്രം 'കണ്ട്' വേഗത്തിൽ പറക്കാനും ഇരപിടിക്കാനും ഇവർക്കു കഴിയും. അങ്ങിനെയാണിവർ രാത്രിയുടെ രാജാക്കന്മാരായത്.

വലകെട്ടി ഇരയെ കാത്തു നിൽക്കുന്ന ചിലന്തിയെ, ഇരുളിൽ, നിമിഷംകൊണ്ട്, നൂലുകളിൽ സ്വയം കുടുങ്ങാതെ, കൃത്യമായി റാഞ്ചിയെടുത്തു തിന്നാൻ ഇവർക്കു പറ്റും. നൂറായിരം തരം നിശാശലഭങ്ങളും, തേനും പൂമ്പൊടിയും അന്വേഷിച്ചു പറക്കുന്നതും രാത്രിയിലാണല്ലോ.

എന്നാൽ വവ്വാലുകൾക്കൊപ്പം പരിണമിച്ച ചില നിശാശലഭങ്ങളിൽ ഇതിനെ മറികടക്കാനുള്ള അതിജീവന സംവിധാനവും വികസിച്ചിട്ടുണ്ട്. ചില നിശാശലഭങ്ങൾക്ക് ഈ ശബ്ദങ്ങൾ തിരിച്ചറിയാനുള്ള കേൾവിസംവിധാനം ഉണ്ട്. ചിലയിനം ടൈഗർ മോത്തുകൾ വവ്വാലിനെപ്പോലെ തന്നെ അൾട്രാസോണിക് ശബ്ദമുണ്ടാക്കി, അതേ നാണയത്തിൽ തിരിച്ചടിക്കാനുള്ള കഴിവ് ആർജിച്ചവരാണ്.

ചിറകിൽ വർണ്ണവരയും കുറിയും ഒക്കെയുള്ളതിനാലാണ് അവയെ കടുവ നിശാശലഭങ്ങൾ എന്നു വിളിക്കുന്നത്. മുമ്പ് അർക്റ്റിഡെ (Arctiidae) എന്ന് വിളിച്ചിരുന്ന കുടുംബത്തിലെ അംഗങ്ങളാണിവർ. ഇവരെ ഇപ്പോൾ അർക്റ്റിനെ (Arctiinae) ഉപകുടുംബത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തിളങ്ങുന്ന കടുംവർണ്ണങ്ങളിൽ ഉള്ളവരാണ് ഇതിലെ പല നിശാശലഭങ്ങളും. പതിനൊന്നായിരത്തിലധികം ടൈഗർ ഇനങ്ങളെ ഇതുവരെയായി കണ്ടെത്തിയിട്ടുണ്ട്. മുട്ട വിരിഞ്ഞിറങ്ങി കാറ്റർപില്ലറുക




ളായി ജീവിക്കുന്ന കാലത്ത് വിഷസ്വഭാവമുള്ള ചെടികളുടെ ഇലകൾ തിന്നാണ് അവ വളരുക. അതിനാൽത്തന്നെ ഈ നിശാശലഭശരീരത്തിലും വിഷാംശം ഉണ്ടാകും. ഇവയെ തിന്നുന്ന പക്ഷികൾക്കും മറ്റും അസ്വസ്ഥതകൾ ഉണ്ടാകും എന്നതിനാൽ ഒരിക്കൽ തിന്നവ ഇവയെ പിന്നെക്കണ്ടാൽ ഒഴിവാക്കുകയാണു ചെയ്യുക.

'എന്നെ തിന്നണ്ട, തിന്നാൽ കുഴങ്ങും' എന്ന മുന്നറിയിപ്പു സിഗ്നലായും വേഗം തിരിച്ചറിയാനുമാണ് കടുംനിറങ്ങൾ ഇവയ്ക്കുള്ളത്. അപോസെമാറ്റിസം എന്നാണ് ഇത്തരം സ്വഭാവത്തിനു പറയുക. വിഷസ്വഭാവമുണ്ട് എന്നറിയിക്കാനാണ് ഇവ ശബ്ദം ഉണ്ടാക്കുന്നത്. നമുക്കു കേൾക്കാൻ പറ്റുന്നവയാണ് ടൈഗർമോത്ത് ഉണ്ടാക്കുന്ന ചില ശബ്ദങ്ങൾ.

പക്ഷേ അൾട്രാസോണിക് ശബ്ദവീചികൾ ഉണ്ടാക്കുന്നത് വവ്വാലുകളുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാനും കൂടിയാണെന്ന് പല പരീക്ഷണങ്ങളിൽ നിന്നും തെളിഞ്ഞിട്ടുണ്ട്.

രാത്രിയിൽ വവ്വാലുകൾ ഇര തേടി പറന്ന് തൊട്ടടുത്തെത്തുമ്പോൾ, ടൈഗർ മോത്ത് ഉണ്ടാക്കുന്ന ക്ലിക്ക് ശബ്ദങ്ങൾ എക്കോലൊക്കേഷൻ സംവിധാനത്തെ ജാമാക്കി, അലോസരപ്പെടുത്തി വവ്വാലിനെ പറ്റിക്കും. ഇര പറക്കുന്ന ദിശയും സ്ഥാനവും കൃത്യതയും എല്ലാം തെറ്റും. ഈ ആശയക്കുഴപ്പത്തിനിടയിൽ മോത്ത് രക്ഷപ്പെടുകയും ചെയ്യും.

നിശാശലഭങ്ങൾ ഇങ്ങനെ ശബ്ദമുണ്ടാക്കുന്നുണ്ടെന്നും ഇത് രക്ഷപ്പെടാനുള്ള അനുകൂലനമായി പരിണമിച്ച് കിട്ടിയ കഴിവാണെന്നും വർഷങ്ങൾക്കു മുമ്പുതന്നെ ശാസ്ത്രലോകത്തിന് അറിയാമായിരുന്നു. എങ്കിലും കൃത്യമായ തെളിവുകൾ കിട്ടിയത് നോർത്ത് കരോലിനയിലെ വേക് ഫോറസ്റ്റ് യൂണിവേഴ്സിറ്റി ഗവേഷകനായ ആരൺ കൊർകൊറാൻ (Aaron Corcoran) നടത്തിയ പരീക്ഷണങ്ങളായിരുന്നു.

**Bertholdia trigon** എന്നയിനം ടൈഗർ മോത്തുകളെ ഇട്ട വലിയ കൂടിൽ നാല് **Eptesicus fuscus** വവ്വാലുകളെ ഉപയോഗിച്ച് നടത്തിയ പരീക്ഷണങ്ങൾ ഇവ എങ്ങനെയാണ് സോണാർ സംവിധാനം തകർക്കുന്നതെന്ന് മനസ്സിലാക്കാൻ സഹായിച്ചു. ഹൈ സ്പീഡ് ഇൻഫ്രാറെഡ് ക്യാമറകളും അൾട്രാസോണിക്

**ടൈഗർ മോത്തുകളുടെ വയറിനടിയിലെ ടിംബൽ എന്ന അവയവമാണ് ശബ്ദം ഉണ്ടാക്കുന്നത്. ഒരു കുറ്റിയിൽ ഉറപ്പിച്ചിരുന്ന നിശാശലഭത്തെ അഞ്ച് വിഫലശ്രമങ്ങൾക്കു ശേഷം മാത്രമാണ് വവ്വാലിനു പിടിക്കാൻ പറ്റിയത്. തൊട്ടടുത്ത് എത്തുമ്പോൾ നിശാശലഭം ഉണ്ടാക്കുന്ന ശബ്ദം വവ്വാലിനെ കുഴക്കും. അങ്ങനെ അതിന്റെ ലക്ഷ്യം മാറിപ്പോവുകയും ചെയ്യും.**



Photo: Ajcoyote

മൈക്രോഫോണുകളും ഉപയോഗിച്ചായിരുന്നു പരീക്ഷണം.

ടൈഗർ മോത്തുകളുടെ വയറിനടിയിലെ ടിംബൽ എന്ന അവയവമാണ് ശബ്ദം ഉണ്ടാക്കുന്നത്. ഒരു കുറ്റിയിൽ ഉറപ്പിച്ചിരുന്ന നിശാശലഭത്തെ അഞ്ചു വിഫലശ്രമങ്ങൾക്കു ശേഷം മാത്രമാണ് വവ്വാലിനു പിടിക്കാൻ പറ്റിയത്. തൊട്ടടുത്ത് എത്തുമ്പോൾ നിശാശലഭം ഉണ്ടാക്കുന്ന ശബ്ദം വവ്വാലിനെ കുഴക്കും. അങ്ങനെ അതിന്റെ ലക്ഷ്യം മാറിപ്പോവുകയും ചെയ്യും. മോത്ത് ശബ്ദം ഉണ്ടാക്കുന്ന ടിംബൽ നീക്കം ചെയ്ത് പരീക്ഷണം നടത്തിയപ്പോൾ വവ്വാലിന് ഒരു കൺഫ്യൂഷനും ഉണ്ടായില്ല. വിഷസ്വഭാവമുള്ളതാണ് എന്ന 'വാണിങ് സിഗ്നലാ'യിക്കൂടിയാണ് പല നിശാശലഭങ്ങളും ഇത്തരത്തിൽ ശബ്ദമുണ്ടാക്കുന്നത്.



തമാശയെന്തെന്നാൽ വിഷമില്ലാത്ത, അരുചി ഇല്ലാത്ത ചില മോത്തുകളും ഇത്തരം ശബ്ദം മിമിക്ക് ചെയ്ത് വവ്വാലുകളെ പറ്റിക്കാറുണ്ട്. അരുചി സിഗ്നൽ എന്ന് കരുതി വവ്വാലുകൾ അവയെ ഒഴിവാക്കുകയും ചെയ്യും.

## ടൈഗർ മോത്ത്



Photo: Arian Suresh

രോമാവൃതമായ ശരീരത്തിൽ കടുംവർണ്ണത്തിലുള്ള വരകളോ കുത്തുകളോ ഉള്ളവരാണിവർ. വിശ്രമിക്കുമ്പോൾ പിൻചിറകുകൾ കാണാത്തവിധം മേൽച്ചിറകുകൊണ്ട് മൂടി, നടുഭാഗം പൊക്കി കൂനപോലെയാക്കിയാണ് അവയിൽ പലതിന്റെയും നിൽപ്പ്. വെള്ള, ഓറഞ്ച്, കറുപ്പ്, പച്ച തുടങ്ങിയ വർണ്ണങ്ങളിലുള്ള കുത്തുകളും അടയാളങ്ങളും വരകളും ചിറകിലും ദേഹത്തും ഉണ്ടാവാം. ചിലവ മനോഹര ചിത്രശലഭങ്ങളെപ്പോലെ തോന്നിക്കും.

ഇവയുടെ കുഞ്ഞുങ്ങളായ ലാർവപ്പുഴുക്കൾ ദേഹം മുഴുവൻ രോമങ്ങൾ ഉള്ളവയാണ്. അതിനാൽ അവയെ woolly bears എന്ന് വിളിക്കാറുണ്ട്. തൊട്ടാൽ അലർജിയും ചൊറിച്ചിലും വേദനയും ഒക്കെ അവ ഉണ്ടാക്കും.

ഭക്ഷണമാക്കുന്ന ചെടികളുടെ ഇലകളിൽനിന്നു പല തരം ഗ്ലൈക്കോസൈഡുകൾ, ആൽക്കലോയിഡുകൾ, ഹിസ്റ്റമിൻ തുടങ്ങിയവ കാറ്റർപില്ലറുകൾ ആർജിക്കും. അതിനാൽ അരുചിയും വിഷസ്വഭാവവും മൂലം ഇവയെ തിന്നാൻ ഇരപിടിയർ ഇഷ്ടപ്പെടുന്നില്ല.

ഈ വിഷവസ്തുക്കൾ മുട്ടകൾക്കും പ്രാണികൾക്കും സുരക്ഷ നൽകും. പകൽ പറക്കുന്ന സ്വഭാവമുള്ളവർ ഇവരുടെ കൂട്ടത്തിൽ ഏറെയുണ്ട്. കടുംവർണ്ണം ഇരപിടിയർക്ക് അപകടസിഗ്നലാണ്, വിഷമുണ്ട് എന്നെ ഒഴിവാക്കൂ എന്ന്.

വയറിനടിയിൽ ടിമ്പൽ എന്ന പ്രത്യേക സംവിധാനത്തിലെ പാളികൾ വിറപ്പിച്ചാണ് ഇവർ അൾട്രാസോണിക്ശബ്ദം ഉണ്ടാക്കുന്നത്. ഈ ശബ്ദങ്ങൾ കേൾക്കാൻ സഹായിക്കുന്ന ടിമ്പാനൽ ഓർഗനുകളും ഇവർക്കുണ്ട്. ■




വര: അരുൺ ഗോകുൽ

# ആവർത്തിക്കുന്ന കലണ്ടർ

**പള്ളിയറ ശ്രീധരൻ**

ഒരു സാധാരണ വർഷത്തിന് 365 ദിവസങ്ങളാണുള്ളതെന്ന് നമുക്കറിയാം. അധിവർഷമാകുമ്പോൾ 366 ദിവസങ്ങളും. ഒരു ആഴ്ചയ്ക്ക് ഏഴ് ദിവസങ്ങൾ. അപ്പോൾ 365 ദിവസമെന്നത് 52 ആഴ്ചയും ഒരു ദിവസവും. ഈ ഒരു ദിവസം കൂടുതൽ വരുന്നതുകൊണ്ട്, ഒരു വർഷം തുടങ്ങുന്നത് ഏത് ആഴ്ചയാണോ ആ ആഴ്ചയുടെ അടുത്ത ദിവസമായിരിക്കും അടുത്ത വർഷം ആരംഭിക്കുന്നത്. അതായത് 2017 ജനുവരി 1 ന് ഞായറാഴ്ചയാണെങ്കിൽ 2018 ജനുവരി 1 തിങ്കളാഴ്ചയായിരിക്കും. അധിവർഷമാകുമ്പോൾ ഒരു ദിവസം കൂടി വർദ്ധിക്കും.

ഇങ്ങനെ ഓരോ ദിവസം വർദ്ധിച്ചുകൊണ്ടിരുന്നാൽ ചില വർഷങ്ങൾ ആരംഭിക്കുന്നത് ഒരേ ദിവസത്തിലാണെന്നു കാണാം. ഇങ്ങനെ ആരംഭിക്കുന്ന വർഷങ്ങൾ അധിവർഷമല്ലെങ്കിൽ ഒരേ കലണ്ടർതന്നെ ആവർത്തിക്കുന്നത് കാണാം.

അധിവർഷമല്ലെങ്കിൽ 6, 11 വർഷങ്ങൾ കൂടുമ്പോഴാണ് വർഷങ്ങൾ ആവർത്തിച്ചു കാണാറുള്ളത്. ഉദാഹരണമായി ഇപ്പോഴത്തെ വർഷം 2023 അധിവർഷമല്ല. അതിനാൽ 6 വർഷം കഴിഞ്ഞ് 2029 ലാണ് ഈ വർഷം ആവർത്തിക്കുന്നത്.

അധിവർഷമാണെങ്കിൽ ആവർത്തനം കുറവാണെന്ന് കാണാം. സാധാരണയായി 28 വർഷം കൂടുമ്പോഴാണ് അധിവർഷങ്ങൾ ആവർത്തിക്കാറുള്ളത്. 2024 എന്നത് ഒരു അധിവർഷമാണല്ലോ. 2024 ആവർത്തിക്കുന്നത് 2052 ൽ ആയിരിക്കും. തുടർന്ന് 2080 ലും, 2108 ലും ആവർത്തിക്കും.

ഈ ആവർത്തനങ്ങൾ എല്ലായ്പ്പോഴും കൃത്യമായി ഉണ്ടാവണമെന്നില്ല. വർഷത്തെ സൂചിപ്പിക്കുന്ന സംഖ്യയെ 4 കൊണ്ട് ഹരിച്ചാൽ ശിഷ്ടം വരാത്ത വർഷങ്ങളാണല്ലോ അധിവർഷങ്ങൾ. പക്ഷേ നൂറ്റാണ്ടുകളെല്ലാം അധിവർഷങ്ങളല്ല. നൂറ്റാണ്ടുകൾ അധിവർഷമാകണമെങ്കിൽ 400 കൊണ്ട് ഹരിക്കാൻ സാധിക്കണം. 2000 അധിവർഷമാണെങ്കിലും 2100, 2200, 2300 എന്നിവയൊന്നും അധിവർഷങ്ങളല്ല. അപ്പോൾ ആവർത്തനക്കണക്കിൽ വ്യത്യാസം വരാം. പക്ഷേ നാം 2100 വരെയുള്ള കലണ്ടറുകൾ മാത്രമേ തൽക്കാലം പരിഗണിക്കേണ്ടതുള്ളൂ. അതുതന്നെ വരാൻ എൺപതോളം വർഷങ്ങൾ കാത്തിരിക്കണം.

വർഷങ്ങൾ മാത്രമല്ല മാസങ്ങളും കലണ്ടറുകളിൽ ആവർത്തിക്കാറുണ്ട്. ഉദാഹരണമായി 2023 ജനുവരി മാസം, 9 മാസത്തിനുശേഷം ഒക്ടോബറിൽ ആവർത്തിക്കും.

മറ്റു മാസങ്ങളും ഇതുപോലെ ആവർത്തിക്കുന്നതായി കണ്ടെത്താവുന്നതാണ്.

email: palliyarasreedharan@gmail.com





# കല്ലിൽനിന്നു കലയിലേക്ക്

**ഡോ. അജിത്കുമാർ ജി**

യാത്ര ചെയ്യാൻ ഇഷ്ടമില്ലാത്തവരായി ആരുമില്ല. സ്കൂൾടൂറെന്നു കേട്ടാൽ നമ്മളെല്ലാം ചാടി വീഴും. വീട്ടിൽനിന്ന് ടൂർ പോകാൻ ആലോചിച്ചാലും അങ്ങനെത്തന്നെ. കണ്ടിട്ടില്ലാത്ത സ്ഥലങ്ങൾ കാണണം. കണ്ട് ഇഷ്ടം കൂടിയ ഇടങ്ങളിലേക്ക് വീണ്ടും വീണ്ടും പോകണം. അങ്ങനെ കറങ്ങാൻ പോവുക എന്നത് കുട്ടികൾക്കു മാത്രമല്ല, മുതിർന്നവർക്കും പ്രിയപ്പെട്ടതു തന്നെയാണ്. തെക്കേ ഇന്ത്യയിലൂടെ യാത്ര ചെയ്യുകയാണെങ്കിൽ അനേകം രൂപത്തിലുള്ള പാറകൾ നമ്മൾ കണ്ടിട്ടുണ്ടാകും. പ്രത്യേകിച്ചും കർണ്ണാടകയിലെ ഹംപി എന്ന ജില്ലയിലേക്ക് ചെന്നാൽ ചെറുതും വലുതുമായ പാറകൾ മുതൽ പാറകൊണ്ട് തീർത്ത കൂറ്റൻ മലകൾതന്നെ കാണാം. ചില പാറകൾ കണ്ടാൽ അവയൊക്കെ ആരോ പ്രത്യേകമായ രീതിയിൽ എടുത്തുവച്ചിരിക്കുകയാണെന്നുപോലും തോന്നിയേക്കാം. കുറെ ശരിയാണ്. ഒരു കാലഘട്ടത്തിലെ പട്ടണം മുഴുവനും ഈ പാറക്കെട്ടുകളിൽനിന്നുമാണ് പണികഴിപ്പിച്ചത്. പട്ടണത്തിലെ കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, മാർക്കറ്റുകൾ, ആനപ്പന്തികൾ തുടങ്ങിയവയെല്ലാം ഹംപിയിലെ പാറമലകൾ കൊണ്ടുണ്ടാക്കിയതാണ്. കൂടാതെ കല്ലുകളിൽ തീർത്ത ആയിരക്കണക്കിനു മനോഹരമായ ശില്പങ്ങളും ഇവിടെയുണ്ട്.

കുറേക്കൂടി വടക്കുഭാഗത്ത് ഇന്നത്തെ മഹാരാഷ്ട്രയിലെ അജന്താ ഗുഹാക്ഷേത്രങ്ങളും എല്ലോറ ക്ഷേത്രങ്ങളുമെല്ലാം തന്നെ ഭീമാകാരമായ പാറമലകൾ തുരന്ന് നിർമ്മിച്ചവയാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കല്ലിൽ തീർത്ത കലാവസ്തുക്കളെക്കുറിച്ച് ആലോചിക്കുമ്പോൾ ഹംപിയും എല്ലോറയും അജന്തയുമെല്ലാം ആദ്യംതന്നെ ഓർമ്മയിൽ എത്തിച്ചേരും. കാരണം അത്ര വിശിഷ്ടമായ കൈവേല അവയിൽ കാണാം. ഇന്നത്തെ മഹാരാഷ്ട്രയിലെ അജന്ത-എല്ലോറയിലേതുപോലെ വിപുലമായ



ഹംപിയിലെ ശില്പലോകം

Photo: Harshap3001

ഗുഹാശില്പകൂമ്പാരം ലോകത്ത് മറ്റെവിടെയെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപ് ഉണ്ടാക്കിയ ഗുഹാക്ഷേത്രങ്ങളിലെ ചില ഭാഗങ്ങൾ പിന്നീട് ഇടിഞ്ഞും പൊളിഞ്ഞും പോയിരിക്കണം. അവയിലെ കേടുപാടുകൾ തീർത്ത് പുതുമ തോന്നുംവിധം മനോഹരമാക്കിയാണ് ഇപ്പോൾ അവ നിലനിർത്തിയിരിക്കുന്നത്.

ഏതാണ്ട് 2000 വർഷങ്ങൾക്കു മുൻപാണ് പാറമലകൾ തുരന്ന് ഗുഹാനിർമ്മിതി അജന്തയിൽ ആരംഭിക്കുന്നത്. ഗുഹയെന്നു കേട്ടാൽ നമുക്ക് ഓർമ്മവരുന്നത് മനുഷ്യൻ താമസിക്കാനായി ഉണ്ടാക്കിയ വീടുകളാണ് എന്നായിരിക്കാം. കാറ്റും മഴയും ഏൽക്കാതെ മനുഷ്യർക്ക് ഇരിക്കുവാനും രാത്രി ഉറങ്ങുവാനും ഉള്ള ഇടം. എന്നാൽ അജന്തയിലെ ഗുഹകൾ അങ്ങനെയുള്ളവയല്ല. ഏതാണ്ട് മുപ്പതോളം ഗുഹകൾ ഈ പാറമലയിലുണ്ട്. അവയെല്ലാംതന്നെ അക്കാലത്തെ ആരാധനാലയങ്ങൾ മാത്രമായിരുന്നു. ഓരോ ഗുഹയും അകത്തേക്ക് പാറമല തുരന്ന് നിർമ്മിച്ചിരിക്കുന്നു. ഇന്നത്തെ ആരാധനനാലയങ്ങൾപോലെ വിശാലമായ ഹാൾ, നിരപ്പായ തറ, ഇരുവശത്തും നിവർന്ന ചുവരുകൾ, ഇടയിലായി തൂണുകൾ, ഉള്ളിൽ ആരാധിക്കേണ്ട ശില്പം എന്നിങ്ങനെയാണ് ഓരോ ഗുഹയും. പല ഗുഹാക്ഷേത്രങ്ങൾക്കും ഉള്ളിൽ പുരോഹിതർക്ക് വിശ്രമിക്കാനോ ഉറങ്ങാനോ ഉള്ള വെവ്വേറെ മുറികളും കാണാം. തീർന്നില്ല, ചില ഗുഹകൾ ഇരുനില കെട്ടിടങ്ങൾപോലെ മുകളിൽ ഒരു നില കൂടി ഉള്ളവയാണ്. അവിടേക്ക് കയറിപ്പോകാൻ ഏണിപ്പടികളുമുണ്ട്. തൂണുകളും ഏണിപ്പടികളും മുറികളുമെല്ലാംതന്നെ പാറകൾ വെവ്വേറെ കൊണ്ടുവന്ന് ഉണ്ടാക്കിയവയല്ല. തൂണുകളും ഏണികളും മുറികളും ശില്പങ്ങളും ഒഴികെയുള്ള പാറ തുരന്നു കളഞ്ഞ് ഉണ്ടാക്കിയവയാണ്.

നൂറുകണക്കിന് ആളുകൾക്ക് ഒരുമിച്ച് ഇരിക്കാവുന്നത്ര വിശാലമായ ഹാളുകൾ പല ഗുഹകളിലുമുണ്ട്. ബുദ്ധമതത്തിലും ജൈനമതത്തിലും ഹിന്ദുമതത്തിലുമുള്ള വിവിധ ആരാധനാമൂർത്തികളുടെ ശില്പങ്ങളാണ് ഓരോ ഗുഹയിലുമുള്ളത്. ആരാധിക്കേണ്ട ശില്പത്തെക്കൂടാതെ ഗുഹാമുഖത്ത് മനോഹരമായ ശില്പങ്ങളും കാണാം.

അജന്താ ഗുഹകൾ ഭീമമായ ശില്പങ്ങളും ക്ഷേത്രങ്ങളും കൂടാതെ മറ്റൊന്നിനു കൂടി പേരുകേട്ടിട്ടുള്ളവയാണ്. മനോഹരമായ വർണ്ണചിത്രങ്ങൾ! അജന്താചിത്രങ്ങൾ എന്നാണ് ഇവ അറിയപ്പെടുന്നത്. ഗുഹകളിലെ ഭിത്തികളിലാണ് ഈ ചിത്രങ്ങൾ രചിച്ചിരിക്കുന്നത്. ഇലച്ചാറുകളും മൺപൊടികളും വിളക്കുകരിയും ചേർത്ത് നീല, പച്ച, ചുവപ്പ്, തവിട്ട്, വെള്ള, കറുപ്പ് തുടങ്ങിയ ബഹുവർണ്ണങ്ങൾകൊണ്ട് അതിശയിപ്പിക്കുന്ന ചിത്രങ്ങളാണ് ഒരുക്കിയിരിക്കുന്നത്. വരച്ചിരിക്കുന്ന രൂപങ്ങളും വരയിലെ വൈഭവവും അതിലും വിശിഷ്ടം. ഓരോ വിശ്വാസങ്ങളിലെയും കഥകളാണ് ഈ ചിത്രങ്ങളുടെ ഉള്ളടക്കം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പ്രാചീനചരിത്രത്തിൽ ഇതുപോലെ തിളക്കമാർന്ന ചിത്രകല വേറെയില്ല.

മഹാരാഷ്ട്രയുടെ കിഴക്ക് അജന്തയിൽനിന്ന് നൂറ് കിലോമീറ്റർ തെക്കുപടിഞ്ഞാറായാണ് എല്ലോറ ഗുഹകൾ. അജന്തയിലേതുപോലെ ഒരു വലിയ പാറമല തുരന്നു തന്നെയാണ് ഇതും നിർമ്മിച്ചിരിക്കുന്നത്, ഡെക്കാൻ പീഠഭൂമിയിലെ ചരനന്ദ്രി മലയുടെ ചെരുവിൽ. ഇന്നത്തെ മഹാരാഷ്ട്രയിലെ ഔറംഗാബാദിൽനിന്ന് 30 കിലോമീറ്റർ പടിഞ്ഞാറായിട്ടാണ് ഇത്.

എല്ലോറയിലെ 16-ാമത്തെ കൈലാസ ഗുഹാക്ഷേത്രമാണ് ഇവയിൽ ഏറ്റവും പ്രധാന ക്ഷേത്രമായി കണക്കാക്കുന്നത്. ഗുഹാക്ഷേത്രം എന്നു പറയാമോ എന്നത് സംശയമാണ്. കാരണം ഗുഹാക്ഷേത്രങ്ങളിൽ പാറയിലെ മേൽക്കൂര അതേപടിതന്നെ ഉണ്ടാവും. പാറ തുരന്ന് ഒരു ഉള്ള് സൃഷ്ടിക്കുകയാണ് എല്ലാ ഗുഹാക്ഷേത്രങ്ങളിലും കാണാനാവുന്നത്. അജന്താക്ഷേത്രങ്ങൾ അങ്ങനെ ഉള്ളവയാണല്ലോ. എന്നാൽ എല്ലോറയിലെ കൈലാസക്ഷേത്രത്തിൽ ഗുഹയുടെ മേൽക്കൂരയില്ല. പാറ തുരന്ന് ഇന്നത്തേതിനു സമാനമായ ക്ഷേത്രംതന്നെ ഉണ്ടാക്കിയിരിക്കുന്നു. അതിന്റെ മേൽക്കൂര ആകാശത്തിലേക്ക് തുറ



ഡെക്കാൻ ടാപ്പ് – പശ്ചിമഘട്ടത്തിലെ ഒരു ഭാഗം Photo: Nicholas (Nichalp)

സ്സായിട്ടാണ് നിൽക്കുന്നത്. ഇതാണ് കൈലാസക്ഷേത്രത്തിന്റെ നിർമ്മിതിയിലെ അത്ഭുതം.

വലിയ ഒരു പാറമലയായിരുന്നു ഇത്. അതിനു മുകളിൽ കയറിനിന്ന് പാറയിലെ ആവശ്യമില്ലാത്ത ഭാഗങ്ങൾ മാത്രം അടർത്തിമാറ്റിയാൽ ഒരു ക്ഷേത്രം നിർമ്മിക്കാനാവുമോ എന്നായിരുന്നു ചിന്ത. ചെറിയ ക്ഷേത്രമല്ല ഭാവനയിൽ. ഇരുനിലയുള്ള കെട്ടിടം. ചുറ്റിലും വരാന്ത. മധ്യഭാഗത്തായി പ്രധാന ക്ഷേത്രത്തിന്റെ പ്രതിഷ്ഠയും വിശാലമായ ഹാളും. ഇതിനു ചുറ്റും നടന്നുപോകാൻ കഴിയുന്ന തറഭാഗം. അവിടെ ഒരു മണ്ഡപവും രണ്ട് സ്തൂപങ്ങളും. ഇവയ്ക്കെല്ലാം ചുറ്റും രണ്ട് നിലകളുള്ള ഇടനാഴിയും മുറികളും. എല്ലാം ഒരൊറ്റ കല്ലുപോലും പുറത്തുനിന്ന് കൊണ്ടുവരാതെ, അവിടെ ഉണ്ടായിരുന്ന കൂറ്റൻ പാറയെ തുരന്നു മാത്രം ഉണ്ടാക്കുകയായിരുന്നു. ഒരല്പം തെറ്റിയാൽ, അതിന്റെ ആകൃതി മാറിയാൽ, മേൽക്കൂരയിൽ വിള്ളൽ വീണാൽ, ഒരു ശില്പത്തിന്റെ രൂപത്തിൽ മാറ്റമുണ്ടായാൽ, അത് ശരിപ്പെടുത്താനാവില്ല എന്നതാണ് വെല്ലുവിളി.

ഒരു വലിയ പാറയോ കല്ലോ കണ്ടാൽ ശില്പി അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സൗന്ദര്യത്തെ, അല്ലെങ്കിൽ രൂപത്തെ കണ്ടെത്തി പുറത്തെടുക്കും എന്നൊക്കെ നമ്മൾ പറയാറില്ലേ. അതു തന്നെയാണ് എല്ലോറയിൽ കാണാനാവുന്നത്. ഭാവന മാത്രം പോരല്ലോ. കല്ല് പൊട്ടിച്ച് മാറ്റണ്ടേ. എളുപ്പമല്ല. ഏതാണ്ട് സി ഇ 600 നും 1000 നും ഇടയിലായാണ് എല്ലോറ ക്ഷേത്രങ്ങളുടെ നിർമ്മിതി. കൈലാസക്ഷേത്രത്തിന്റെ നിർമ്മാണത്തിന് ഏതാണ്ട് 100 വർഷം തന്നെ വേണ്ടിവന്നിരിക്കാം. ഇന്നത്തെപ്പോലെ കല്ലുകൾ കാർവ് ചെയ്യുന്നതിനുള്ള മെഷീനുകൾ ഇല്ലാതിരുന്ന കാലമാണ്. ഉളികളും കൈയുംകൊണ്ട് ഈ കൂറ്റൻ പാറയിലെ മുഖ്യപങ്കും ചെത്തിമാറ്റണമെങ്കിൽ ഉണ്ടാകുന്ന അധ്വാനവും ചെലവും അതിഭീകരമായ ഒന്നായിരിക്കണം. ഇത്ര ചെലവുകൾ ചെയ്ത് ഇങ്ങനെയുള്ള നിർമ്മിതികൾ ഉണ്ടാക്കുന്നതിനു പിന്നിൽ മതവിശ്വാസം മാത്രമല്ല ഉള്ളത്.

ചെറിയ ആരാധനാലയങ്ങൾ മുതൽ വലിയ ആരാധനാലയങ്ങൾ വരെയുള്ളവയെല്ലാം ജനങ്ങൾ ഒത്തുചേരുന്ന ഇടങ്ങളാണ്. അവർ വെറുതെ ഒത്തുചേരുകയോ പ്രാർത്ഥിക്കുകയോ മാത്രമല്ല. ഒട്ടനവധി കച്ചവടങ്ങളുടെ കേന്ദ്രമാണ് ആരാധനാലയങ്ങൾ. ഒരു ക്ഷേത്രത്തിലെ ഉൽസവത്തിന്റെ കാര്യംതന്നെ എടുക്കാം. എത്രമാത്രം പണമാണ് അവിടെ കൈമാറ്റം ചെയ്യപ്പെടുന്നത്. ബലൂൺ കച്ചവടക്കാർ, കരി, കൺമഷി, വള, പൊട്ട്, മാല, ഭക്ഷണം, വസ്ത്രം തുടങ്ങി എല്ലാ തുറയിലെയും കച്ചവടം പൊടിപൊടിക്കുന്നത് ഉൽസവങ്ങളിൽ നമുക്കു കാണാം.



അജന്തയിലെ ഗുഹാചിത്രങ്ങൾ

ഉൽസവങ്ങളിൽ പ്രാർത്ഥനകളെക്കാൾ പ്രധാനമാണ് ഘോഷയാത്രയും നേർച്ചകളും കലാപരിപാടികളും. അങ്ങനെ ആ പ്രദേശം വലിയ വരുമാനകേന്ദ്രമായി മാറും. ആയിരം വർഷം മുൻപ് തഞ്ചാവൂരിൽ നിർമ്മിച്ച ബ്രഹദീശ്വര ക്ഷേത്രവും അക്കാലത്തെ പ്രധാന കച്ചവടകേന്ദ്രം തന്നെ ആയിരുന്നു. മക്കയും മദീനയുംപോലുള്ള ആരാധനാലയങ്ങളും ഭീമമായ ടൂറിസം വരുമാനകേന്ദ്രങ്ങളാണ്. എല്ലോറ ക്ഷേത്രങ്ങളിലെ അത്ഭുതം കാണുവാൻ ഇന്നത്തെപ്പോലെ അന്നും ധാരാളം ആളുകൾ ഒഴുകിയെത്തിയിരിക്കണം.

ഹംപിയും അജന്തയും എല്ലോറയുമെല്ലാം ഡെക്കാൻ പീഠഭൂമിയിലെ പാറകൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇവിടങ്ങളിലെ പാറകളിൽ ഇത്ര മനോഹരമായി ശില്പങ്ങളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും നിർമ്മിക്കാൻ കഴിയുന്നത് ഈ പാറകളുടെ പ്രത്യേകത കൊണ്ടുകൂടിയാണ്. ഡെക്കാൺ പീഠഭൂമിയിലേത് ഒരു സാധാരണ പാറക്കൂമ്പാരമല്ല. അവ സാധാരണ ഗ്രാനൈറ്റിനെക്കാളും മൃദുവായവയാണ്. അതിനാൽ അവയെ താരതമ്യേന വേഗത്തിൽ കൊത്തിയെടുക്കാനാവും. അതെന്തുകൊണ്ടായിരിക്കും എന്നത് കൗതുകമുള്ള കാര്യമാണ്. നമുക്ക് അതൊന്ന് അന്വേഷിച്ചാലോ?

പാറകൾ എങ്ങനെ ഉണ്ടായി? പാറകൾ ഉണ്ടാകേണ്ടതുണ്ടോ? അവ എന്നും അവിടെത്തന്നെ ഉണ്ടായിരുന്നവയല്ലേ? ഭൂമി എപ്പോഴാണോ ഉണ്ടായത്, അപ്പോൾ മുതൽ തന്നെ പാറയും ഉണ്ടായിരുന്നിരിക്കില്ലേ?

ലോകത്തിൽ നാം കാണുന്ന പാറകൾ പലതും ഒരേ കാലത്ത് ഉണ്ടായവയല്ല. എല്ലോറയിലെ പാറയും ഹിമാലയത്തിലെ പാറയുമൊക്കെ പല കാലങ്ങളിൽ പല കാരണങ്ങളാൽ പല രീതിയിൽ ഉണ്ടായവയാണ്. മാത്രമല്ല, എല്ലോറയിലെ പാറയിലെ അടരുകൾപോലും ഒരേ കാലത്ത് ഉണ്ടായവയല്ല. പാറയുടെ അടിത്തട്ടും മേൽത്തട്ടും ഉണ്ടായതിന്റെ വ്യത്യാസം നാല്പത് ലക്ഷം വർഷം വരെയാണ്. നാല്പതു ലക്ഷം എന്നത് നമ്മൾ വിചാരിക്കുന്നതിനെക്കാൾ വലിയ കാലമാണ്.

എല്ലോറയിലെ ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്ന പാറമലകൾ ഇല്ലാതിരുന്ന ഒരു കാലം ഭൂമിക്കുണ്ടായിരുന്നു. ഏതാണ്ട് 680 ലക്ഷം വർഷങ്ങൾക്കു മുൻപ്, ഹിമാലയപർവതം ഉണ്ടാകുന്നതിനു മുൻപ്, മനുഷ്യന്റെ ആദിപൂർവികർപോലും ഉണ്ടായിട്ടില്ലാത്ത കാലത്തു നടന്ന അഗ്നിപർവതസ്ഫോടനത്തിലാണ് എല്ലോറയിലെയും അജന്തയിലെയുമെല്ലാം പാറമലകൾ ഉണ്ടാകുന്നത്. ഈ അഗ്നിപർവതം നിസ്സാരമായിരുന്നില്ല. പത്തുലക്ഷം വർഷമാണ് ഇത് കത്തിക്കൊണ്ടിരുന്നത്. പത്ത് വർഷമല്ല. പത്തുലക്ഷം വർഷമാണു കേട്ടോ. അഗ്നിപർവതത്തിൽനിന്നുണ്ടായ ലാവ തണുത്തുറഞ്ഞതാണ് ഈ പാറകൾ. ഓരോ വർഷത്തെയും





കുതിരലാടത്തിന്റെ ആകൃതിയിൽ അജന്തയിലെ ഗുഹകൾ Photo: Ashok Prabhakaran

ലാവ അടിഞ്ഞ് തണുത്തുറഞ്ഞ അടരുകൾ നമുക്ക് ഇവിടെ കാണാനാവും.

സമുദ്രനിരപ്പിൽ ഉയർന്ന് ഏതാണ്ട് ഒരേ പൊക്കത്തിൽ ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്ത് തെക്കൻ കർണാടക മുതൽ മധ്യ ഇന്ത്യയിലെ വിന്ധ്യപർവതം വരെ നീണ്ടുകിടക്കുന്ന ഈ ലാവ മലയെയാണ് നാം ഡെക്കാൺ പീഠഭൂമിയെന്ന് വിളിക്കുന്നത്.

ഇതുണ്ടാകാൻ കാരണമായ അഗ്നിപർവതസ്ഫോടനങ്ങൾക്ക് ജൈവപരിണാമത്തിലും വലിയ സ്വാധീനമുണ്ട്. ഭൂമിയിൽ ഉണ്ടായിട്ടുള്ള ഏറ്റവും ഭീകരമായ സ്ഫോടനങ്ങളിൽ ഒന്നാണ് ഡെക്കാൻ വിസ്ഫോടനം. ഭൂമിയിലെ ഏറ്റവും ഭീമാകാരരായ ദിനോസറുകൾ നശിക്കുന്നതിന് ഒരു കാരണം ഈ സ്ഫോടനമാണെന്ന് കരുതുന്നു. ദിനോസറുകൾ മാത്രമല്ല, അന്ന് ഭൂമിയിൽ ജീവിച്ചിരുന്ന ഏതാണ്ട് എല്ലാ ജീവജാലങ്ങളും ഡെക്കാൻ സ്ഫോടനത്തോടെ കാലഹരണപ്പെട്ടു. ലക്ഷക്കണക്കിനു വർഷം തുടർച്ചയായി നീണ്ടുനിന്ന പൊടിപടലങ്ങൾ അന്തരീക്ഷത്തിലെ വാതകഘടനയെയെയും താപനിലയെയും മാറ്റിമറിച്ചു. പൊടിപടലങ്ങൾ മൂലം സൗരോർജം ലഭ്യമാകാതെ ഏറെക്കുറെ എല്ലാ സസ്യജാലങ്ങളും ഇല്ലാതായി.

ഇതേസമയത്ത് മെക്സിക്കോയിലെ ചിക്സുലുബിൽ പതിച്ച ഭീമാകാരമായ ഉൽക്കയും ഈ അന്തരീക്ഷമാറ്റത്തിനു കാരണമായി. ഇതിനു ശേഷം ലക്ഷക്കണക്കിനു വർഷം സെമിത്തേരിപോലെയായിരുന്നു ഭൂമി. വളരെക്കുറച്ച് ജീവികൾ എങ്ങനെയൊക്കെയോ ഈ കഠിനകാലത്തെ പിന്നിട്ടു.

പിന്നെയും ലക്ഷക്കണക്കിനു വർഷങ്ങൾക്കു ശേഷമാണ് മിച്ചമുണ്ടായിരുന്ന ജൈവരൂപങ്ങളിൽ ചിലത് അതിന്റെ പരിണാമങ്ങളിലേക്കു കടക്കുന്നത്. ഇന്നു കാണുന്ന ജൈവവൈവിധ്യങ്ങളെല്ലാം അവയിൽനിന്ന് ഉരുത്തിരിഞ്ഞവയാണ്. നമ്മൾ, മനുഷ്യരും അതിൽപ്പെടുന്നു.

നമ്മുടെ ഗ്രഹത്തിലെ ജീവജാലങ്ങളുടെ പരിണാമത്തെത്തന്നെ ബാധിച്ച വിസ്ഫോടനത്തിന്റെ ശേഷിപ്പാണ് അജന്തയിലും എല്ലോറയിലും ഉള്ള പാറക്കൂട്ടങ്ങളും പർവതങ്ങളും. ലാവയിൽ നിന്നുണ്ടായതിനാൽ അവ മറ്റു പാറകളെ അപേക്ഷിച്ച് മൃദുവായവയാണ്. ശില്പങ്ങളുണ്ടാക്കുവാൻ അവ കൂടുതൽ വഴങ്ങുന്നു. ഈ പാറയിലെ ചില അടരുകൾ ചീകിയെറിഞ്ഞാണ് അജന്താ, എല്ലോറ തുടങ്ങിയ വിശേഷ വാസ്തുനിർമ്മിതികൾ മനുഷ്യർ നിർമ്മിച്ചെടുത്തത്.

ഇവിടേക്ക് യാത്ര പോയി ഈ ലാവമലയിൽ അവയിൽത്തന്നെ തീർത്ത ശില്പഭംഗി ഇനിയും ആസ്വദിക്കണം. ഒപ്പം ദിനോസറുകളെയും ജീവനുകളെല്ലാം പൊലിഞ്ഞുപോയ ദുരന്തകാലത്തെയും കൂടി നമുക്ക് ഭാവനയിൽ ഓർത്തെടുക്കാം.

ഹംപിയിൽ കല്ലുകൾ തീർത്ത അത്ഭുതലോകം

Photo: Prashanth/Pixahive





വര: അരുൺ ഗോകുൽ

# പരോപകാരം

ബിൻസി ജെയിംസ്

ഇന്നലത്തെ ഇടിക്കു ശേഷമാണ് കൂണുകൾ മുളച്ചു പൊന്തിയത്. മൊട്ടു വിടർന്ന് ലോകം കണ്ട് കുഞ്ഞിക്കൂൺ അത്ഭുതം കൂറി.

“എന്തു രസാ അമ്മേ, ചുറ്റുമുള്ള കാഴ്ചകൾ കാണാൻ...”

അവൾ അമ്മയോടു ചേർന്നുനിന്ന് ചുറ്റുപാടും വീക്ഷിച്ചു. പെട്ടെന്ന് കാറ്റു വീശി... മഴ പെയ്തു തുടങ്ങി... തീറ്റ തേടി വരിവരിയായി പോകുകയായിരുന്ന ഉറുമ്പുകൾ മഴയിൽനിന്ന് രക്ഷനേടാൻ കൂണുകളുടെ കുടയ്ക്കു താഴെ അഭയം തേടി. കുഞ്ഞിക്കൂണിന് ഇത് തീരെ രസിച്ചില്ല.

“എന്തൊരു ശല്യമാ ഇവറ്റകളെക്കൊണ്ട്... നമ്മുടെ കുടക്കീഴിലാ ശല്യങ്ങൾ വന്നുനിൽക്കുന്നത്. നാണമില്ലേ ഈ ഉറുമ്പിൻ കൂട്ടത്തിന്?” കുഞ്ഞിക്കൂൺ അമ്മക്കൂണിനോടു പറഞ്ഞു.

“നമ്മുടെ കുടക്കീഴിൽ നിൽക്കണ്ട എന്ന് ഇവരോടു പറ.” അവൾ വാശി പിടിച്ചു.

“മോളേ, അങ്ങനെ പറയരുത്. നമുക്കു ചെയ്തുകൊടുക്കാൻ പറ്റുന്ന ഉപകാരങ്ങൾ മറ്റുള്ളവർക്കായി ചെയ്തുകൊടുക്കണം. സഹായം തേടിവരുന്നവരെ ഒരിക്കലും അപമാനിക്കാൻ പാടില്ല.”

അമ്മക്കൂൺ പറഞ്ഞുകൊണ്ടിരിക്കെ വിരിഞ്ഞുനിൽക്കുന്ന കൂണുകളെക്കണ്ട് രണ്ടു കുട്ടികൾ സന്തോഷത്തോടെ അവർക്കരികിൽ ഓടിയെത്തി. അമ്മക്കൂൺ നടുങ്ങിപ്പോയി!

“മോളേ, നമ്മുടെ കാര്യം തീർന്നെന്നാ തോന്നുന്നത്... ഇവർ നമ്മളെ പറിച്ചെടുത്ത് വീട്ടിൽ കൊണ്ടുപോയി വേവിച്ചുതിന്നും.” അമ്മ വിറയലോടെ പറഞ്ഞു.

കുഞ്ഞിക്കൂണും ആകെ വിറ കൊണ്ടു. എല്ലാം കണ്ടുകൊണ്ടു നിന്ന ഉറുമ്പിൻകൂട്ടം കുട്ടികളെ പൊതിരെ കടിച്ചു തുടങ്ങി.

“വേണ്ട... നമുക്ക് കൂണൊന്നും പറിക്കാൻ നിൽക്കണ്ട. വേഗം വീട്ടിൽ പോയേക്കാം.” അവർ അഭിപ്രായപ്പെട്ടു.

കുട്ടികൾ ഉറുമ്പിൻകൂട്ടത്തിൽനിന്ന് ഒരുവിധം രക്ഷപ്പെട്ട് തിരികെ യാത്രയായി.

“ഭാഗ്യം, ഈ ഉറുമ്പുകൾ ഉണ്ടായിരുന്നതുകൊണ്ടു മാത്രമാണ് നമ്മൾ രക്ഷപ്പെട്ടത്.” ശ്വാസം തിരികെവീണ കുഞ്ഞിക്കൂൺ അമ്മയോടായി പതിയെ പറഞ്ഞു.

“അതേ കുഞ്ഞേ, ആവതുള്ളപ്പോൾ നാം മറ്റുള്ളവരെ സഹായിച്ചാൽ നമുക്ക് അത്യാവശ്യം വരുമ്പോൾ ആരെങ്കിലുമൊക്കെ നമ്മെയും സഹായിക്കും.”

അമ്മ അവളെ ചേർത്തു നിർത്തി പറഞ്ഞു.




വര: ഡൂഡിൽ മാഷ്

# പവിത്രൻ മാഷും കുട്ടികളും

അഗസ്റ്റിൻ കുട്ടനെല്ലൂർ

കുട്ടിക്കാലത്ത് ഒരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു ഞാൻ. പഠനത്തിൽ അത്രയൊന്നും മികവു പുലർത്താൻ അക്കാലത്ത് കഴിഞ്ഞിരുന്നില്ല. ജീവിതസാഹചര്യങ്ങൾ അത്രമേൽ പ്രതികൂലമായിരുന്നു. ഗ്രാമത്തിന്റെ കിഴക്കേ ദിക്കിലുള്ള വനമേഖലയുടെ അല്പമാത്രം ജനവാസമുള്ള അടിവാരത്തിലെ കോളനിയിലായിരുന്നു എന്റെ കുട്ടിക്കാലം. അച്ഛനും അച്ഛന്റെ പൂർവികരും ആ കാടിനോട് ഇഴുകിച്ചേർന്നാണ് ജീവിച്ചിരുന്നത്.

ദാരിദ്ര്യത്തിന്റെ മടിയിൽ വിശന്നുറങ്ങാൻ മാത്രം വിധിയുണ്ടായിരുന്ന ആ ബാല്യകാലത്ത് പൂക്കളോ ശലഭങ്ങളോ പക്ഷികളോ ഒന്നും എന്നിൽ കൗതുകമുണർത്തിയിരുന്നില്ല. മിക്കപ്പോഴും തലതാഴ്ത്തി നടന്നിരുന്നതുകൊണ്ട് ആ കാലത്ത് ഒരു മഴവില്ലുപോലും ഞാൻ നോക്കിനിന്നിട്ടില്ല.

കാലവർഷത്തിലെ രാത്രികളിൽ ഓലമേഞ്ഞ പുരയ്ക്കു മീതെ സങ്കടപ്പെട്ടു പെയ്തു വീഴുന്ന മഴയുടെ തേങ്ങലിനൊപ്പം തവളകളുടെയും ചീവിടുകളുടെയും കരച്ചിൽ കുട്ടിക്കാലത്തെ സങ്കടങ്ങൾക്ക് ആഴം കൂട്ടിയിരുന്നു. പട്ടിണി നിത്യസന്ദർശനം നടത്തിയിരുന്നതുകൊണ്ട് അതായിരിക്കും മിക്കപ്പോഴും രാത്രികളിൽ ഉറക്കത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുക. സ്വന്തം ദുർവിധിയെ പഴിച്ചും ശപിച്ചും കഴിഞ്ഞി

രുന്ന ഞങ്ങളുടെ കുടുംബത്തെ വേനലിലും വർഷത്തിലും, ഒരു തള്ളക്കോഴി കുഞ്ഞുങ്ങളെ അതിന്റെ ചിറകിനടിയിലെന്നപോലെ, ഓലമേഞ്ഞ ആ കൂര ഞങ്ങളെ പൊതിഞ്ഞു നിന്നു.

ഹൈസ്കൂളിൽ എത്തിയപ്പോഴും എന്റെ അന്തർമുഖ സ്വഭാവത്തിന് വലിയ മാറ്റമൊന്നും വന്നിരുന്നില്ല. ഒരേ വസ്ത്രം തന്നെ ദിവസങ്ങളോളം ഇട്ടുകൊണ്ടാണ് ഞാൻ സ്കൂളിൽ പോയിരുന്നത്. കറുത്തുമെലിഞ്ഞ അനാകർഷകമായ അന്നത്തെ രൂപത്തെ കൂട്ടുകാർ അവരുടെ സൗഹൃദത്തിൽ ചേർത്തിരുന്നില്ല. എന്നെപ്പോലെ വേറെയും കുറച്ചുപേർ ക്ലാസിലുണ്ടായിരുന്നു.

ഉച്ചയ്ക്ക് ചോറ്റുപാത്രത്തിലെ ദാരിദ്ര്യം ആരും കാണാതിരിക്കാൻ ഒരേ ബഞ്ചിലിരിക്കുന്ന കുട്ടികളുടെ കൂട്ടത്തിൽനിന്ന് ഞാൻ അല്പം മാറിയിരിക്കും. അത് അവർക്കും സന്തോഷമായിരുന്നു. പഠനത്തിൽ വലിയ താത്പര്യമൊന്നും കാണിക്കാൻ മനസ്സ് കൂട്ടാക്കിയിരുന്നില്ല. എല്ലാ ക്ലാസുകളും ഏറെക്കുറെ വിരസമായാണ് എനിക്ക് അനുഭവപ്പെട്ടിരുന്നത്. പക്ഷേ, പവിത്രൻ മാഷുടെ ജീവശാസ്ത്രക്ലാസുകൾ മാത്രം എന്തുകൊണ്ടോ ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു.

മിക്ക ദിവസങ്ങളിലും മാഷുടെ കൈയിൽ ശാസ്ത്ര സംബന്ധിയായ ചില പുസ്തകങ്ങൾ കാണും. ജീവശാസ്ത്ര പാഠങ്ങൾ ഞങ്ങളെ പഠിപ്പിക്കുമ്പോൾ പവിത്രൻ മാഷ് പലപ്പോഴും പാഠത്തിനു വെളിയിലേക്ക് ഞങ്ങളുടെ മനസ്സിനെ കൂട്ടിക്കൊണ്ടുപോകുമായിരുന്നു. ശാസ്ത്രലോകത്തെ മഹാപ്രതിഭകളായ ശാസ്ത്രജ്ഞരുടെ സാഹസികവും ധീരവുമായ ജീവിതകഥകൾ അദ്ദേഹം ഞങ്ങൾക്കു പകർന്നുനൽകും. ചാൾസ് ഡാർവിന്റെ ജീവപരിണാമ സിദ്ധാന്തം പഠിപ്പിച്ചിരുന്ന നാളുകളിൽ മാഷ് ഞങ്ങളിൽ ജിജ്ഞാസ ഏറെയുണർത്തി. ജീവിവർഗത്തിന്റെ പരിണാമത്തിന് അടിസ്ഥാനമായ തെളിവുകൾക്കുവേണ്ടി ഡാർവിൻ നടത്തിയ സാഹസികമായ കപ്പൽയാത്ര പവിത്രൻ മാഷ് മനോഹരമായ കഥപോലെയാണ് ക്ലാസിൽ അവതരിപ്പിച്ചത്.

“എച്ച് എം എസ് ബീഗിൾ എന്ന പായക്കപ്പലിലാണ് ഡാർവിനും കൂട്ടരും യാത്ര പുറപ്പെട്ടത്.” മാഷ് ഒരു ദീർഘനിശ്വാസത്തിനുശേഷം കഥ തുടർന്നു.

“1831 ൽ ഇംഗ്ലണ്ടിലെ പ്ലിമത്തിൽനിന്ന് ആരംഭിച്ച ആ യാത്ര അവസാനിച്ചത് അഞ്ചു വർഷം കഴിഞ്ഞിട്ടാണ്. എവിടെയെല്ലാം അദ്ദേഹം ചുറ്റിക്കറങ്ങി എന്നറിയേണ്ടേ നിങ്ങൾക്ക്. തെക്കേ അമേരിക്ക, ആസ്ട്രേലിയ, ന്യൂസിലാൻഡ്, ആഫ്രിക്ക... പിന്നെ അറ്റ്ലാന്റിക്-പസഫിക് ദ്വീപുകൾ... ആലോചിച്ചു നോക്കൂ, ഇന്നത്തെപ്പോലെ ആധുനിക സൗകര്യങ്ങളുള്ള കപ്പലല്ല അത്. എതിർദിശയിലേക്ക് കാറ്റടിച്ചാൽ കപ്പൽ ദിശ തെറ്റും. കടൽച്ചൊരുക്കുപോലുള്ള ബുദ്ധിമുട്ടു വന്നാൽ ചികിത്സാസൗകര്യം അന്ന് തീരെയില്ലായിരിക്കാം. കാറ്റും തിരമാലകളുംകൊണ്ട് പ്രക്ഷുബ്ധമാകുന്ന കടലിൽ അക്കാലത്തെ യാത്ര എത്രത്തോളം ദുഷ്കരമായിരിക്കും.”

വൈകാരികമായ സന്ദർഭങ്ങൾക്കനുസരിച്ച് പവിത്രൻ മാഷ് തന്റെ ശബ്ദം തിരമാലയുടെ ഉയർച്ചതാഴ്ച കണക്കെ നിയന്ത്രിച്ചുകൊണ്ട് ഞങ്ങളെ ഉദ്വേഗഭരിതരാക്കി.

“കപ്പലിൽ ഭക്ഷണസാധനങ്ങൾ തീർന്നുപോയേക്കാം. സുദീർഘമായ യാത്രയിൽ ചിലർ മരണപ്പെട്ടു എന്നും വരാം. ഭൂഖണ്ഡങ്ങളിൽനിന്ന് ഭൂഖണ്ഡങ്ങളിലേക്കുള്ള ഡാർവിന്റെയും സംഘത്തിന്റെയും യാത്ര അത്രമാത്രം ദുർഘടം പിടിച്ചതായിരുന്നു.”

മാഷിന്റെ വിവരണത്തിൽ ഞങ്ങൾ ലയിച്ചിരുന്നു. ക്ലാസ് മുറി ഒരു പായക്കപ്പലായി. അതിന്റെ അമരത്തിരുന്ന് പവിത്രൻ മാഷ് തുടർന്നു;

“ഓരോ ഭൂഖണ്ഡത്തിൽ എത്തുമ്പോഴും കിട്ടാവുന്നത്ര ഫോസിലുകളെയും സസ്യങ്ങളെയും ജന്തുക്കളെയും അവർ ശേഖരിച്ചു. വൈവിദ്ധ്യമാർന്ന ജീവജാലങ്ങളെ ഡാർവിൻ നിരീക്ഷിച്ചു. നോഹയുടെ പെട്ടകംപോലെ ഒരു കപ്പലിൽ അനേകം ജീവിവർഗങ്ങളും ഫോസിലുകളുമായി 1836-ൽ അദ്ദേഹം തിരിച്ചെത്തി. പിന്നെ വിശ്രമമില്ലാതെ തന്റെ പഠനമുറിയിൽ ഇരുന്ന് നീണ്ട ഇരുപതു വർഷത്തെ പഠനത്തിനു ശേഷമാണ് ആ മഹാനായ ശാസ്ത്രജ്ഞൻ ‘ജീവിവർഗത്തിന്റെ ഉല്പത്തി’യെക്കുറിച്ചുള്ള സിദ്ധാന്തം ശാസ്ത്രലോകത്തിനു സമർപ്പിച്ചത്.

കുട്ടികളേ, നിങ്ങൾ പഠിക്കുന്ന ഓരോ ചെറിയ കാര്യത്തിനു പുറകിലും അനേകം ശാസ്ത്രജ്ഞരുടെ നീണ്ട പരിശ്രമങ്ങളുടെ സാഹസികകഥകളുണ്ട്. അവരോടുള്ള ബഹുമാനവും കടപ്പാടും നിങ്ങൾ പഠിച്ചുകൊണ്ട് തെളിയിക്കണം.”

എനിക്കു മാത്രമല്ല, പവിത്രൻമാഷ് സ്കൂളിൽ പലർക്കും പ്രിയപ്പെട്ട അധ്യാപകനാണ്.

സ്കൂളിന്റെ ഒഴിഞ്ഞ പറമ്പിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചതും മാഷാണ്. ഒഴിവുസമയങ്ങളിൽ തോട്ടം നനയ്ക്കാനും പുല്ലുപറിയ്ക്കാനും അദ്ദേഹം ഞങ്ങളെ ചില ചെറു ചെറു സംഘങ്ങളാക്കി. അവിടെ പാവയ്ക്കയും പയറും വെണ്ടയും ചീരയുമെല്ലാം ഞങ്ങൾ കൃഷി ചെയ്തു.

ചില ക്ലാസുകളിൽ മാഷ് ഞങ്ങളെ തോട്ടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഏകലിംഗ പുഷ്പങ്ങൾ, ദ്വിലിംഗ പുഷ്പങ്ങൾ, പരാഗണം തുടങ്ങിയവ എന്താണെന്ന് അദ്ദേഹം ഞങ്ങൾക്കു വിശദമായി കാണിച്ചുതന്നു.

മധ്യവേനലവധി കഴിഞ്ഞ് ഒരു ദിവസം പവിത്രൻ മാഷ് ക്ലാസിൽ പുതിയ പാഠം പഠിപ്പിക്കുകയായിരുന്നു. ജീവശരീരകോശങ്ങളിലെ അതീവ പ്രധാന ഘടകമായ ഡി എൻ എയുടെ ഘടനയെക്കുറിച്ചായിരുന്നു ക്ലാസ്. പാഠം വിശദമായി മാഷ് പറഞ്ഞുതന്നു.

"അമേരിക്കൻ ശാസ്ത്രജ്ഞൻ ജെയിംസ് ഡി വാട്സണും ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ക്രിക്കും ചേർന്നാണ് ഡി എൻ എയുടെ ചുറ്റുഗോവണി പോലുള്ള ഘടന കണ്ടെത്തിയത് എന്നു നമ്മൾ വിശദീകരിച്ചല്ലോ. ആ കണ്ടെത്തലിന് അവർക്ക് 1962 ൽ നൊബേൽ സമ്മാനം ലഭിക്കുകയുണ്ടായി.

**ആ മഹാനായ ശാസ്ത്രജ്ഞൻ, ജെയിംസ് വാട്സൺ, എത്രയോ അറിവുള്ളവൻ, ശാസ്ത്രകുതുകി, പക്ഷേ ആഫ്രിക്കക്കാർക്കും കറുത്തവർഗക്കാർക്കും ബുദ്ധിയില്ല എന്നും അവർ യഥാർത്ഥ മനുഷ്യരായി ഇനിയും വികസിച്ചിട്ടില്ല എന്നും നിരന്തരം എഴുതിക്കൊണ്ടിരുന്നു! വംശവെറിയുടെ അദ്ദേഹത്തിന്റെ പ്രചരണം അതിരുവിട്ടപ്പോൾ ന്യൂയോർക്ക് ലാബ് അദ്ദേഹത്തെ പുറത്താക്കി.**

"കുട്ടികളേ, മണ്ണിലിറങ്ങി കാര്യങ്ങൾ അനുഭവിച്ചു പഠിക്കുന്നതിനെക്കാൾ മറ്റൊരു പരീക്ഷണം വേറെയില്ല." അദ്ദേഹം ഞങ്ങളെ ഓർമ്മിപ്പിച്ചു.

പവിത്രൻ മാഷ് ക്ലാസു കഴിഞ്ഞു പോയാലും അദ്ദേഹം പറഞ്ഞ ശാസ്ത്രകഥകളിലൂടെ എന്റെ മനസ്സ് അപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കും. ഞാൻ പലപ്പോഴും മറ്റു ക്ലാസുകളിൽ ദിവാസ്വപ്നത്തിൽ മുഴുകിയായിരിക്കും ഇരിക്കുക. സ്വതവേ അന്തർമുഖത്വവും വിഷാദവും അപകർഷതാബോധവും എന്നെ ചൂഴ്ന്നു നിന്നിരുന്നു. പിന്നെ വനവാസിയെന്ന ഓമനപ്പേരിൽ ചിലരെങ്കിലും എന്നോടു കൂട്ടുകൂടാൻ മടിച്ചു.

ജനിതകശാസ്ത്രത്തിലെ വലിയ കുതിച്ചുചാട്ടങ്ങൾക്ക് വഴിയൊരുക്കിയതാണ് ഈ കണ്ടെത്തൽ. പക്ഷേ, പിന്നീട് ഒരു പ്രശ്നമുണ്ടായി..."

മാഷ് പറഞ്ഞുനിർത്തി.

ഞങ്ങൾ ആകാംക്ഷയോടെ മാഷിന്റെ മുഖത്തുനോക്കി. അദ്ദേഹം അല്പം ഗൗരവത്തിൽ സാവധാനം പറഞ്ഞു,

"ആ മഹാനായ ശാസ്ത്രജ്ഞൻ, ജെയിംസ് വാട്സൺ, എത്രയോ അറിവുള്ളവൻ, ശാസ്ത്രകുതുകി, പക്ഷേ ആഫ്രിക്കക്കാർക്കും കറുത്തവർഗക്കാർക്കും ബുദ്ധിയില്ല എന്നും അവർ യഥാർത്ഥ മനുഷ്യരായി ഇനിയും വികസിച്ചിട്ടില്ല എന്നും നിരന്തരം എഴുതിക്കൊണ്ടിരുന്നു! വംശവെറിയുടെ അദ്ദേഹത്തിന്റെ പ്രചരണം അതിരുവിട്ടപ്പോൾ ന്യൂയോർക്ക് ലാബ് അദ്ദേഹത്തെ പുറത്താക്കി. അദ്ദേഹത്തിനു നൽകിയ എല്ലാ ബഹുമതികളും എടുത്തുകളഞ്ഞു."

ഒന്നു നിർത്തിയശേഷം അതീവശാന്തതയിൽ പവിത്രൻ മാഷ് പറഞ്ഞു,

"കുട്ടികളേ, നിങ്ങൾ ഈ ജനൽ വഴി പുറത്തേക്കൊന്നു നോക്കൂ. നമ്മുടെ സ്കൂൾ മുറ്റത്തു നിൽക്കുന്ന ആ മുത്തശ്ശിമാവ് കണ്ടോ. അതിന്റെ ഇലകൾ നോക്കൂ. ഓരോ ഇലയും തമ്മിൽ വലിപ്പത്തിലേ വ്യത്യാസം കാണൂ. ഗുണങ്ങളിൽ, ഗന്ധത്തിൽ എല്ലാം ഒന്നു തന്നെ. മനുഷ്യവംശവും അങ്ങനെ തന്നെയാണ്. ഒരൊറ്റ വൃക്ഷത്തിന്റെ ഇലകൾപോലെ ഒരൊറ്റ വംശത്തിൽനിന്ന് വന്നവർ."

ക്ലാസിൽ കനത്ത നിശ്ശബ്ദത പടർന്നു. ഒരു നിമിഷത്തിനു ശേഷം മാഷ് തുടർന്നു:

"ആരെയും അകറ്റിനിർത്തരുത്. നമ്മുടെ വിശപ്പിന്, ദാഹത്തിന്, ശാരീരകവ്യവസ്ഥയ്ക്ക്... ഒന്നിനും ഏറ്റക്കുറച്ചിലില്ല. പഠനം നമ്മുടെ ചിന്തയെ നവീകരിക്കണം. കൂടുതൽ നല്ല മനുഷ്യരായി വളരാൻ പഠനം കൊണ്ട് നമുക്കു കഴിയണം."

മാഷ് ക്ലാസ് നിർത്തി നിശ്ശബ്ദനായി പുറത്തേക്കു നോക്കി നിന്നു. ഞാൻ മാഷെത്തന്നെ നോക്കിയിരിക്കവേ പെട്ടെന്ന് എന്റെ ചുമലിൽ ഒരു കൈത്തലം അമർന്നു. അടുത്തിരുന്ന പ്രശാന്തനാണ് എന്റെ ചുമലിലൂടെ കൈയിട്ടത്. തൊട്ടടുത്തിരുന്നവർ കൂടുതൽ ചേർന്നിരുന്ന് എന്നെ നോക്കി ചിരിച്ചു.

അവരെ ആദ്യമായി കാണുന്നതുപോലെ ഞാനും ചിരിച്ചു. പിറ്റേന്ന് ഞാൻ കൊണ്ടുവന്ന കാട്ടുഞാവൽച്ചെടി പച്ചക്കറിത്തോട്ടത്തിനരികിൽ ഞങ്ങൾ ഒന്നിച്ചു നട്ടു.

# നല്ല പാട്ടു വിരിയാൻ

സുരേന്ദ്രൻ കാടങ്കോട്

തെങ്ങോലത്തുമ്പത്തിരുന്ന്
തെല്ലുച്ചത്തിൽ പാടുന്നു തത്ത
അക്കുന്നിൻമേട്ടിലെ പൂക്കൾ
അയ്യോ വിരിഞ്ഞിടാതെന്തേ?

താളമില്ലാതെ, തനിച്ചാ തത്ത
തോറ്റൊരു പാട്ടുപോൽ വീണ്ടും
അക്കാവിൻ വള്ളിയിലാകെ
അണിഞ്ഞൊരാ പൂവുകളെന്തേ?

അക്കാണും വയലിലെ പച്ച
അതിൽ തുള്ളിക്കളിക്കും 'കുതിര'
ചെളിവെള്ളം തെറിപ്പിക്കും കാള
ചേറിൽ തൂവെള്ളചേലയായ് കൊറ്റി

അതൊന്നുമേ കാണായ്കയെന്നാൽ
അത്രയ്ക്കും ഉഷ്ണിക്കും ഭൂമി
വാനിലില്ലാ കരിമേഘമെങ്ങും
വന്നു നനയ്ക്കുവാൻ തെല്ലും!

തൂക്കണാംകൂടുകൾ ഞാന്നും
താഴെ പൂത്താലിത്തോടുകളത്രെ
തൊട്ടാൽ പിണങ്ങും പടർപ്പും
താളുമീ തുമ്പച്ചെടിയും

അതൊന്നുമേ ഇല്ലായ്കയെന്നാൽ
അത്രയ്ക്കും ശുഷ്കിക്കും ഭൂമി
മണ്ണിലില്ലാ മുളപൊട്ടൽ
മധുപൂണ്ടിടാൻ ഒട്ടുമേ വണ്ടും!

കുളക്കോഴി കൂവും തൊടികൾ
കീരാങ്കുടുക്ക*തൻ ഒച്ച
മൂങ്ങകൾ മൂളും ഇടവഴികൾ
മുത്തുമൊഴി നാട്ടുപാട്ടും

അതൊന്നുമേ കേൾക്കായ്കയെന്നാൽ
അത്രയ്ക്കും ശൂന്യമാം ഭൂമി
പാട്ടുതേനിറ്റും കുയിലിൻ
പാട്ടിനെതിർപ്പാട്ടൊട്ടുമേയില്ല!

പാടിത്തളർന്നൊരാ തത്ത
പാവം എങ്ങോ പറന്നങ്ങുപോയി
ചെയ്യുവാൻ ബാക്കിയായ് നമ്മൾ
ചെറുകൈകളാൽ വെക്കം തുടങ്ങാം

കുന്നുകൾ കാവുകൾ കുളിരാൻ
കൂട്ടരേ കൂട്ടമായ് പോരൂ
മണ്ണിനെ ചേർത്തുപിടിക്കൂ
മീതെ നല്ലൊരു പാട്ടു വിരിയാൻ.

*കീരാങ്കുടുക്ക – ചീവീട്



വര: സുധീർ പി വൈ






# പ്രൈം വോളിലീഗ്

**ഡോ. അജീഷ് പി ടി**

കേരളത്തിലെ ഗ്രാമീണ മേഖലയിലെ ആളുകൾക്കിടയിൽ ഏറ്റവും സ്വാധീനം ചെലുത്തിയിരുന്ന കളിയാണ് വോളിബോൾ. 1895 ൽ അമേരിക്കയിൽ രൂപംകൊണ്ട വോളിബോൾ 1921ൽ യങ് മെൻസ് ക്രിസ്ത്യൻ അസോസിയേഷന്റെ (YMCA) നിരന്തര ഇടപെടലിന്റെ ഭാഗമായാണ് മദ്രാസിലേക്കും തുടർന്ന് കേരളത്തിലേക്കും വ്യാപിക്കുവാൻ കാരണമായത്.

കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലും ഒഴിഞ്ഞ സ്ഥലങ്ങളിലും വോളിബോൾ കോർട്ടുകൾ സജീവമായിരുന്നു. ഇന്ന് അവയിൽ പലതും വിസ്മൃതിയിലേക്ക് മറഞ്ഞിരിക്കുകയാണ്. പ്രാദേശികമത്സരങ്ങളും ടൂർണമെന്റുകളും ഓരോ പ്രദേശത്തെയും സാമൂഹിക-സാംസ്കാരികത്തനിമയുടെ മുഖമായിരുന്നു. ഇതിനെല്ലാം നേതൃപരമായ ഇടപെടൽ നടത്തിയിരുന്ന പ്രാദേശിക കളിക്കൂട്ടായ്മകളും ക്ലബ്ബുകളും നാശത്തിന്റെ വക്കിലാണ്.

പരസ്പര സഹകരണത്തിന്റെയും ഒത്തൊരുമയുടെയും കേന്ദ്രീകൃത ഇടങ്ങളായ ഇവയെല്ലാം തിരികെക്കൊണ്ടുവരേണ്ടത് മാറിയ ലോകസാഹചര്യത്തിൽ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

### വിനോദത്തിൽനിന്ന് വിപുലമായ ഗെയിമിലേക്ക്

1891ൽ രൂപപ്പെട്ട ബാസ്കറ്റ്ബോളിനു സമാന്തരമായി മറ്റൊരു കായികയിനം രൂപപ്പെടുത്തുക എന്ന ആശയമാണ് വോളിബോളിന്റെ കടന്നുവരവിന് വഴിതെളിച്ചത്. ബാസ്കറ്റ്ബോൾ കളിയിൽ ശരീരസ്പർശം (Body Contact) കൂടുതലായി ഉണ്ടാകുന്നതിനാൽ തുടക്കക്കാരായ പല ആളുകൾക്കും അപകടങ്ങളും പരിക്കുകളും പതിവായിരുന്നു. അതിനാൽ മിക്കവരും ബാസ്കറ്റ്ബോൾ കളിയിൽ പങ്കെടുക്കുന്നതിൽനിന്നു പിന്മാറി.

ഇത്തരക്കാരെ മുഖ്യധാരയിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് വിനോദപരമായ കളിയായി വോളിബോളിന്റെ ആദ്യരൂപം ഉണ്ടായത്.

അന്ന് പ്രചാരത്തിലുണ്ടായിരുന്ന കളിയായിരുന്നു മിൻടെൻ. വലയ്ക്കു മുകളിൽക്കൂടി നൂൽപ്പന്തിനെ ബാറ്റുകൊണ്ട് അടിച്ചിരുന്ന ഈ കളിയുടെ മാതൃകയാണ് വോളിബോൾ രൂപപ്പെടുത്തുവാൻ സഹായകമായത്. ഒരു നെറ്റിന് ഇരുവശങ്ങളിലുമായിട്ടാണ് ഇതു കളിക്കുന്നത്. വനിതകൾ ഉൾപ്പെടെ നിരവധി ആളുകൾ പെട്ടെന്നുതന്നെ ഇതിൽ പങ്കാളികളാകുവാൻ തുടങ്ങി. വോളിബോൾ കളിക്ക് നൽകിയിരുന്ന ആദ്യകാല പേര് മിന്റോനെറ്റേ എന്നായിരുന്നു. ആദ്യകാലങ്ങളിൽ കളി പൊതുവേ സ്വീകാര്യത നേടിയെങ്കിലും പേര് പ്രചാരത്തിലേക്ക് ഉയർന്നില്ല. പിന്നീടാണ് എല്ലാവർക്കും സ്വീകാര്യമായ വോളിബോൾ എന്ന പേരു നേടി ജനകീയതലത്തിലേക്ക് വികാസം പ്രാപിച്ചത്.

1939ൽ അന്താരാഷ്ട്ര സർവകലാശാലകളുടെ മത്സരയിനങ്ങളിൽ വോളിബോൾ ഉൾപ്പെട്ടു. പുരുഷന്മാരുടെ ആദ്യ ലോക വോളിബോൾ ചാമ്പ്യൻഷിപ്പ് 1949ലും വനിതകളുടേത് 1952 ലും നടന്നു. 1964 ൽ ടോക്കിയോയിൽ നടന്ന ഒളിമ്പിക്സിൽ ആണ് ആദ്യമായി വോളിബോൾ വിശ്വ കായികമാമാങ്കത്തിന്റെ ഭാഗമായത്. വോളിബോളിന്റെ വകഭേദമായ ബീച്ച് വോളിബോൾ 1996 അറ്റ്ലാന്റ ഒളിമ്പിക്സിൽ മത്സരയിനമായി ഉൾപ്പെട്ടു.

ഇന്ത്യ ഒരുതവണ മാത്രമാണ് ലോക വോളിബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തിട്ടുള്ളത്. 1952ൽ മോസ്കോയിൽ നടന്ന ഈ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ എട്ടാം സ്ഥാനം നേടിയിരുന്നു.

### വോളിബോളിലും ആധുനികതയുടെ ചുവടുമാറ്റം

വോളിബോൾ കളി രൂപപ്പെട്ട് 125 വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്ത്യയിൽ ഇത് അത്രകണ്ട് പ്രചാരത്തിലേക്ക് ഉയർന്നിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.

ഉയർന്ന പ്രകടനമികവിലേക്ക് എത്തുന്നതിന് കാലതാമസം വരുമെന്നതിനാലും വളരെ ഉയരം കൂടിയവർക്കുമാത്രം കളിമികവ് കാട്ടുവാൻ കഴിയുന്നതിനാലും ഭൂരിപക്ഷം പേരും ഈ കളി ആസ്വദിക്കുക മാത്രമാണു ചെയ്തിരുന്നത്.

ഇന്ത്യയിൽ വോളിബോൾ കളിയുടെ വളർച്ചാവികാസത്തിനും പ്രൊഫഷണൽ മുഖം മെച്ചപ്പെടുത്തുന്നതിനുമായി രൂപംനൽകിയിട്ടുള്ള കളിമാമാങ്കമാണ് *പ്രൈം വോളിബോൾ ലീഗ്.*

രാജ്യത്തെ വിവിധ പ്രദേശങ്ങളെ പ്രതിനിധീകരിച്ച എട്ടു ടീമുകൾ പരസ്പരം മാറ്റുരച്ച 2023 ലെ പ്രൈം വോളിബോൾ ലീഗ് രണ്ടാമത്തെ സീസൺ ആണ്.

ഇതിൽ പങ്കെടുത്ത ആകെ താരങ്ങളിൽ മൂന്നിലൊന്നും മലയാളികൾ ആയിരുന്നുവെന്നതാണ് ഏറ്റവും കൗതുകകരമായ സംഗതി. കൂടാതെ മത്സരിച്ച ആകെ ടീമുകളിൽ രണ്ടെണ്ണം കേരളത്തിൽനിന്നുള്ളവ ആയിരുന്നു.



Photo: Ansel Adams

പ്രാഥമികഘട്ടത്തിൽ ഓരോ ടീമും മറ്റ് ഏഴു ടീമുകളുമായി കളിച്ച് ലീഗ് അടിസ്ഥാനത്തിൽ ആദ്യ നാല് സ്ഥാനങ്ങളിൽ എത്തിയവരായിരുന്നു സെമിഫൈനലിലേക്ക് യോഗ്യത നേടിയത്.

### ജിമ്മി ജോർജിലൂടെ കൈവന്ന പ്രൊഫഷണൽ പാരമ്പര്യം

ഇന്ത്യ ലോകത്തിനു സംഭാവന ചെയ്ത ഏറ്റവും മികച്ച വോളിബോൾ താരമാണ് ജിമ്മി ജോർജ്. ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷണൽ ക്ലബ്ബ് വോളിബോൾ താരവും ഏറ്റവും മികച്ച ലോകോത്തര അറ്റാക്കർമാരിൽ ഒരാളുമായിരുന്നു അദ്ദേഹം. വോളിബോൾ കളിയിലെ മാസ്മരികപ്രകടനത്തിന്റെ അടിസ്ഥാനത്തിൽ



രാജ്യം അർജുന അവാർഡ് നൽകുമ്പോൾ അദ്ദേഹത്തിന് കേവലം ഇരുപത്തിയൊന്നു വയസ്സു മാത്രമാണ് പ്രായം.

ഇന്ത്യയിൽ പ്രൊഫഷണൽ വോളിബോൾ ലീഗ് മത്സരങ്ങൾക്കുള്ള സാഹചര്യം അക്കാലത്ത് തീരെ ഇല്ലായിരുന്നു. എന്നാൽ പ്രകടനമികവ് പരിഗണിച്ച് വിദേശരാജ്യങ്ങളിലെ വിവിധ ക്ലബ്ബുകളിൽ കളിക്കുവാനുള്ള അവസരം ലഭ്യമായി.

1979 മുതൽ 1982 വരെ അബുദാബി സ്പോർട്ടിംഗ് ക്ലബ്ബിനുവേണ്ടി കളിക്കുകയും ഗൾഫിലെ ഏറ്റവും മികച്ച കളിക്കാരനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. തുടർന്ന് ഇറ്റലിയിലെ വിവിധ ക്ലബ്ബുകളിൽ പ്രൊഫഷണൽ ലീഗ് മത്സരങ്ങളിൽ പങ്കെടുത്തു. 1987-1988 സീസണിൽ ഇറ്റലിയിലെ ടോപ് ഡിവിഷൻ വോളിബോൾ ക്ലബ്ബായ യൂറോസ്റ്റൈൽ-യൂറോസിബക്ക് വേണ്ടി കളിക്കുന്നതിന് കരാർ ഒപ്പുവച്ചു. എന്നാൽ അപ്രതീക്ഷിതവും ആകസ്മികവുമായ ഒരു കാർ അപകടത്തിൽ അദ്ദേഹം മരണപ്പെടുകയായിരുന്നു.

എന്നാൽ ഇപ്പോഴും ജിമ്മി ജോർജിന്റെ തകർപ്പൻ സ്മാഷുകളുടെ വീഡിയോ കണ്ട് ഹരം കൊള്ളുന്ന ആരാധകർ നിരവധിയാണ്.

പ്രൊഫഷണൽ വോളിബോൾ കളിയുടെ സാധ്യത ഇന്ത്യയിലെത്തിച്ച മഹാനായ പ്രതിഭയുടെ പിൻഗാമികൾക്ക് പക്ഷേ ഉചിതമായ അവസരങ്ങൾ ലഭിച്ചില്ല എന്നുള്ളതും വാസ്തവമാണ്. അദ്ദേഹത്തിന്റെ സമകാലീനരായിരുന്ന ഉദയകുമാർ, സിറിൽ സി വള്ളൂർ, അബ്ദുൽ ബാസിത് തുടങ്ങിയവരെല്ലാം ലോകനിലവാരമുള്ള താരങ്ങളായിരുന്നു. പിൻഗാമികളായ ടോം ജോസഫ്, കിഷോർ കുമാർ തുടങ്ങിയവർക്ക് പ്രൊഫഷണൽ വോളിബോൾ മത്സരമേഖലയിൽ കളിക്കുവാൻ അർഹമായ അവസരം ലഭിച്ചില്ലെങ്കിലും പ്രൈം വോളിബോൾ ലീഗിൽ വിവിധ ടീമുകളുടെ പരിശീലകരുടെ വേഷത്തിൽ ശക്തമായ സാന്നിധ്യമറിയിക്കുന്നു.

### കളിനിയമങ്ങളിൽ ചില മാറ്റങ്ങൾ

അന്തർദേശീയ വോളിബോൾ ഫെഡറേഷൻ നിയമാവലിക്ക് അനുസൃതമായ രീതിയിലാണ് മത്സരങ്ങൾ എല്ലാം സംഘടിപ്പിച്ചത്. എന്നാൽ കാണികളെ പ്രകമ്പനം കൊള്ളിക്കുവാനും അവരിൽ ആവേശം നിറയ്ക്കുവാനുമായി കളിനിയമങ്ങളിൽ കേവലമായ മാറ്റങ്ങൾ ഉൾച്ചേർത്തു.

ഇതിൽ സൂപ്പർപോയിന്റും സൂപ്പർസെർവും ലീഗിലെ പ്രധാന സവിശേഷതയായിരുന്നു. ഒരു ടീമിന് ഓരോ സെറ്റിലും ഒരു തവണ വീതം സൂപ്പർപോയിന്റ് വിളിക്കാം. അത് വിജയിച്ചാൽ ഒരു പോയിന്റിന് പകരം രണ്ട് പോയിന്റ് അവർക്ക് ലഭിക്കും. പരാജയപ്പെടുകയാണെങ്കിൽ ഇരട്ടി പോയിന്റ് എതിരാളിക്കായിരിക്കും ലഭിക്കുന്നത്. ഓരോ




Photo: Henning Schlottmann

സെറ്റിലും 11 പോയിന്റ് എത്തുംമുമ്പ് സൂപ്പർപോയിന്റ് വിളിച്ചിരിക്കണമെന്ന നിബന്ധനയുണ്ട്.

ഒരു ടീം ചെയ്യുന്ന സെർവ് എതിർടീമിലെ ഒരു അംഗത്തിന്റെയും ശരീരത്തിൽ സ്പർശിക്കാതെ കോർട്ടിൽ ചെന്ന് നേരിട്ട് പതിക്കുമ്പോഴാണ് സൂപ്പർസെർവ് ആകുന്നത്. സൂപ്പർസെർവ് ചെയ്യുന്ന ടീമിന് ഒരു പോയിന്റിന് പകരം രണ്ട് പോയിന്റ് ലഭിക്കും.

രാജ്യത്തെ ഏറ്റവും മികച്ച പ്രൊഫഷണൽ ലീഗുകളായ ഐ പി എൽ, ഐ എസ് എൽ എന്നിവയിൽ താരങ്ങൾക്ക് നൽകുന്ന അടിസ്ഥാനവിലയെക്കാൾ കുറവാണ് പ്രൈം വോളിലീഗിലെ ഏറ്റവും വിലപിടിപ്പുള്ള താരത്തിന് ലഭിക്കുന്ന തുക. ഇത് കൂടുതൽ ജനകീയമാവുകയും വാണിജ്യസാധ്യതയിലേക്ക് ഉയരുകയും ചെയ്യുമ്പോൾ സാമ്പത്തികമായ നേട്ടം ഭാവിയിൽ താരങ്ങൾക്ക് പ്രതീക്ഷിക്കാം.

രാജ്യാന്തരനേട്ടങ്ങൾ വളരെ വിരളമായി മാത്രമാണ് നമ്മുടെ രാജ്യത്തിന് ഇതുവരെയും കൈവരിക്കുവാൻ സാധിച്ചത്. അതുകൊണ്ടുതന്നെ ലോക റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം വളരെ പിന്നിലാണ്. ഏഷ്യൻ നിലവാരത്തിനു മുകളിൽ മുന്നേറുവാൻ ഇനിയും ഏറെ ദൂരം സഞ്ചരിക്കണമെന്ന തിരിച്ചറിവ് വോളിബോൾ അധികാരികളുടെ മനസ്സിൽ ഉണ്ടാകണം. ദേശീയ വോളിബോൾ ടീമിൽ മലയാളികളുടെ സാന്നിധ്യം കൂടുതലാണെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ് എന്നു മാത്രം.

പ്രൈം വോളിലീഗ് പോലുള്ള ഇത്തരം സംരംഭങ്ങൾ യുവ കായിക പ്രതിഭകൾക്ക് വിദേശ താരങ്ങളുമായി കളിക്കുവാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്. ഇത്തരം അനുഭവങ്ങൾ താരങ്ങളുടെ കായികപ്രകടനത്തെ വളരെ അനുകൂലമായി സ്വാധീനിക്കുമെന്ന് ഉറപ്പാണ്.

ലോക ക്ലബ്ബ് വോളിബോൾ ചാമ്പ്യൻഷിപ്പ് ഇന്ത്യയിൽ എത്തുന്ന വർഷം കൂടിയാണിത്. പുരുഷ ലീഗിന് സമാനമായി വനിത ലീഗും ഭാവിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

വോളിബോൾ കളിയിലെ മാസ്മരികമായ സ്പൈക്കുകളും ബ്ലോക്കുകളും ജംപ് ആൻഡ് സെർവുകളും കോർട്ടുകളിൽ പ്രകമ്പനം തീർക്കുമ്പോൾ ആരാധകരുടെ മനവും താരങ്ങളുടെ മൂല്യവും ഇനിയും ഏറെയേറെ ഉയരുമെന്ന് പ്രതീക്ഷിക്കാം.



## സൃഷ്ടികൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ശാസ്ത്രലേഖനം, നാടകം, ചിത്രകഥ തുടങ്ങി വ്യത്യസ്തങ്ങളായ ആഖ്യാനരൂപങ്ങളിലുള്ള സൃഷ്ടികൾ അയക്കാം. പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് ഉതകുന്ന ആധുനികവും പുതുമയുള്ളതും വ്യത്യസ്തവുമായ സൃഷ്ടികളാണ് വേണ്ടത്. രചനകൾ thaliru@ksicl.org എന്ന ഇമെയിലിൽ യുണിക്കോഡിൽ ടൈപ്പു ചെയ്ത് അയക്കുന്നതാണ് അഭികാമ്യം.

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ
സൃഷ്ടികൾ അയക്കൂ. രചനകൾ
ചെറുതായിരിക്കണം. കുഞ്ഞുകഥയോ
കവിതയോ ലേഖനമോ ആകാം.
തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും
അയക്കാം.

## തളിരമ്മാവന്റെ കത്ത്

നിങ്ങൾ സ്വപ്നം കാണാറുണ്ടോ? ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കാറുണ്ടോ? ആശയ വിനിമയം നടത്തുന്നതിലൂടെ കൂടുതൽ അറിവു നേടാൻ കൂട്ടുകാർക്കു കഴിയും.

തുർക്കിയിലും സിറിയയിലും, ഭൂകമ്പംമൂലം പതിനായിരങ്ങൾ മരണമടഞ്ഞു. കൂടുതലും കുട്ടികളാണ് മരിച്ചത്. ഏറ്റവും വലിയ ദുഃഖം! പ്രകൃതിദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനുള്ള മനസ്സ് നമുക്കുണ്ടാകണം.

നാലാംക്ലാസ്സുകാരി ഭദ്രയുടെ 'ആനപ്പൂരം' എന്ന കവിത നന്നായി. നന്മ നേരുന്നു. സൂര്യകൃഷ്ണ ടി ആർ എഴുതിയ രാമുവും കൂട്ടുകാരും എന്ന കഥയിൽ നല്ലൊരു സന്ദേശമുണ്ട്.

'എന്റെ കുരുവി' ബൃന്ദയുടെ അനുഭവ കഥയാണോ?

ഹരിശങ്കർ വി ജിയുടെയും എസ് വിജയ് മാധവന്റേയും ചിത്രരചന നന്നായിട്ടുണ്ട്. അനഘ പി മനോജ്, ശ്രീനന്ദന ആർ, ആത്രേയ് ആർ സന്തോഷ് എന്നിവരുടെ വരകളും ആകർഷകമാണ്.

സ്നേഹത്തോടെ,
**സി ആർ ദാസ്**
**തളിരമ്മാവൻ**

## വര

**ഹരിശങ്കർ വി ജി**
ക്ലാസ് 5
ജി വി എച്ച് എസ് എസ് ഇരിങ്ങോൾ
എറണാകുളം



**ശ്രീനന്ദന ആർ**
ക്ലാസ് 8
എസ് വി ജി വി പി സ്കൂൾ
കിളിരൂർ, കോട്ടയം



# എന്റെ കുരുവി

**ബൃന്ദ ആർ**
ക്ലാസ് 5
ഭാരതീയ വിദ്യാഭവൻ, പൂച്ചട്ടി
തൃശ്ശൂർ

എന്നും രാവിലെ ഒരു കുരുവിയുടെ കരച്ചിൽ കേട്ടാണ് ഞാൻ ഉണരാറ്. ആദ്യം ഞങ്ങൾ അതിനെ ശ്രദ്ധിച്ചില്ല. ഒരു ദിവസം ഞാൻ അമ്മയോടു ചോദിച്ചു:

"കുരുവിക്ക് ഇത്തിരി വെള്ളം കൊടുക്കട്ടേ."

"ശരി." അമ്മ പറഞ്ഞു.

കുരുവി വരവു മുടക്കിയില്ല. ദിവസവും ഞാനതിന് വെള്ളം കൊടുക്കും. ഞങ്ങൾ കൂട്ടുകാരായി.

ഒരു ദിവസം ഞാൻ അച്ഛന്റെ വീട്ടിൽ പോയി. നാലു ദിവസം കഴിഞ്ഞാണു വന്നത്. എത്തിയപ്പോൾ രാത്രിയായിരുന്നു. പിറ്റേന്നു രാവിലെ എഴുന്നേറ്റപ്പോൾ പക്ഷേ കുരുവിയെ കണ്ടില്ല. എനിക്കു വിഷമമായി.

"അമ്മേ, കുരുവി എവിടെയാണ്?"

"അത് എവിടെയെങ്കിലും ഉണ്ടാവും. നീ സ്കൂളിൽ പോയിട്ടുവാ."

സ്കൂൾ വിട്ടു വന്ന് ഞാൻ കുരുവിയെ നോക്കിനടന്നു.

പക്ഷേ എവിടെയും കുരുവിയെ കണ്ടില്ല.

'എന്നെപ്പോലെ കുരുവിക്കു വെള്ളം കൊടുക്കുന്ന കൂട്ടുകാർ വേറെയുമുണ്ടാവുമല്ലോ.'

ആ ആശ്വാസത്തോടെ ഞാൻ കിടന്നുറങ്ങി.



വര: സചീന്ദ്രൻ കാറഡ്ക്ക

# വര



**വിജയ്മാധവ് എസ്**
ക്ലാസ് 5
എസ് എം ടി എച്ച് എസ് എസ്
ചേലക്കര
തൃശ്ശൂർ

**ആത്രേയ് ആർ സന്തോഷ്**
ക്ലാസ് 6
ജി എച്ച് എസ് എസ്
ചട്ടുകപ്പാറ, കണ്ണൂർ



# ആനച്ചന്തം

**ഭദ്ര എസ്**
ക്ലാസ് 4
ജി യു പി എസ് വരടിയം, തൃശ്ശൂർ



ആനയെക്കണ്ടോ കുട്ടാ?
എന്തൊരു ചന്തമതെന്തൊരു കേമം.
താളം പിടിക്കും വമ്പൻ ചെവികൾ
മിന്നിത്തിളങ്ങും നെറ്റിപ്പട്ടം
മുത്തുക്കുടയും വെഞ്ചാമരവും
എന്തൊരു ചന്തം, കേമം.

നെറ്റിമറച്ചിട്ടെന്തോ കോപ്പും
പിന്നെ മുതുകിൽ പെരുകും കനവും
ചെവി പൊട്ടുമാറുച്ചത്തിലതാ
മേളവും ഠോ ഠോ മുഴക്കവും
ഓടിയൊളിക്കുവാൻ ആകാത്തമട്ടിൽ
കാലിലുരയും ചങ്ങലപ്പൂട്ടും
എന്തൊരു നോവാണിതയ്യയ്യോ
എന്തൊരു കഷ്ടമിതയ്യയ്യോ

കണ്ടോ അച്ഛാ, ആനയെ കണ്ടോ?
എന്തോർത്തോ കരയും
ആനക്കണ്ണുകൾ കണ്ടോ?



**സൂര്യകൃഷ്ണ ടി ആർ**
ക്ലാസ് 9
ഗവ. എച്ച് എസ് എസ്
മുളന്തുരുത്തി, എറണാകുളം

# രാമുവും കൂട്ടുകാരും

രാമുവും കൂട്ടുകാരും വികൃതികൾ ആയിരുന്നു. അവർ സ്കൂളിലേക്കുള്ള വഴിയരികിലെ മാവുകളിൽ കല്ലെറിയുകയും, പ്രായമായവരെ കളിയാക്കിച്ചിരിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ വികൃതികളുമായി കഴിഞ്ഞു പോകുന്ന സമയത്ത്, ഒരു ദിവസം സ്കൂളിൽ വച്ച്, രണ്ട് പിരീഡ് കഴിഞ്ഞപ്പോൾ ഉള്ള ഇന്റർവെല്ലിന് രാമുവും കൂട്ടുകാരും പുറത്തിറങ്ങി.

ഇന്റർവെൽ കഴിഞ്ഞ് ബെല്ലടിച്ചത് അവർ അറിഞ്ഞില്ല. അതിനുശേഷമുള്ള മൂന്നാമത്തെ പിരീഡ് ഹിന്ദി ടീച്ചറിന്റേതായിരുന്നു. ടീച്ചർ നോക്കിയപ്പോൾ ക്ലാസ്സിലെ പുറകിലെ ബഞ്ചിൽ നാല് കുട്ടികളെ കാണുന്നില്ല.

“എവിടെ രാമുവും കൂട്ടുകാരും?” ടീച്ചർ ക്ലാസിലെ മറ്റു കുട്ടികളോടായി ചോദിച്ചു.

“ഞങ്ങൾക്കറിയില്ല ടീച്ചറേ...”

ഉടനെ ടീച്ചർ പ്യൂണിനെ വിളിച്ചു വരുത്തി കുട്ടികളെ അന്വേഷിക്കാൻ പറഞ്ഞു.

ഇന്റർവെൽ കഴിഞ്ഞ് ക്ലാസ് തുടങ്ങിയെന്ന് മനസ്സിലാക്കിയ രാമുവും കൂട്ടുകാരും ക്ലാസ്സിൽ കയറാതെ മാറിനിൽക്കുകയായിരുന്നു. തല്ലുമെന്ന് ഭയന്നായിരുന്നു അവർ അങ്ങനെ ചെയ്തത്. ഹിന്ദി പിരീഡ് കഴിയുന്നതുവരെ അവർ ആരും കാണാതെ സ്കൂളിന്റെ സ്റ്റേജിനു പുറകുവശത്ത് ഒളിച്ചിരുന്നു.

രാമുവിനെയും കൂട്ടുകാരെയും അന്വേഷിച്ചുവന്ന പ്യൂണാണ് സ്റ്റേജിനു പുറകിൽ പതുങ്ങിയിരിക്കുന്ന അവരെ കണ്ടത്.

“കുട്ടികളേ, നിങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്?” പ്യൂൺ സതീശൻ ചേട്ടൻ ചോദിച്ചു.

“ഞങ്ങൾ ബെല്ലടിച്ചത് കേട്ടില്ല ചേട്ടാ. ഇപ്പോൾ ഹിന്ദി ടീച്ചറിന്റേതാണ് ക്ലാസ്. പിരീഡ് പകുതി ആകുമ്പോൾ ചെന്നാൽ ടീച്ചർ തല്ലും.”

“ഇല്ല, ടീച്ചർ വഴക്കിടില്ല. നിങ്ങൾ വേഗം ചെല്ലൂ.”

പക്ഷേ എന്നിട്ടും രാമുവും കൂട്ടുകാരും ക്ലാസിൽ പോകാതെ സ്കൂളിന്റെ ബാത്റൂമിനുള്ളിൽ ഒളിച്ചിരുന്നു.

പിരീഡ് കഴിഞ്ഞിട്ടും കുട്ടികളെ കാണാതിരുന്ന ടീച്ചർ വീണ്ടും പ്യൂണിനെ വിളിച്ചു. ഇത്തവണ സതീശൻ ചേട്ടൻ അവരെ കൈയോടെതന്നെ ക്ലാസ് ടീച്ചറിന്റെ അടുക്കൽ എത്തിച്ചു.

സംശയത്തോടെയാണ് ടീച്ചർ ആദ്യം അവരെ നോക്കിയത്. പിന്നെ അവരെ സ്നേഹത്തോടെ അടുത്തുവിളിച്ചിട്ട് കാര്യം ചോദിച്ചു.

നടന്നതെല്ലാം രാമുവും കൂട്ടുകാരും പറഞ്ഞു.

“മക്കളേ... എത്ര വലിയ പ്രശ്നം ഉണ്ടായാലും ഒളിച്ചിരിക്കുകയല്ല, ധൈര്യപൂർവം നടന്നകാര്യങ്ങൾ വന്നുപറയണം. എന്നാലേ അതിനുള്ള പരിഹാരം ഉണ്ടാകൂ. അപ്പോൾത്തന്നെ ഓടിവന്ന്, ബെല്ലടിച്ചത് കേട്ടില്ലെന്ന് പറഞ്ഞാൽ ഈ പ്രശ്നങ്ങളൊന്നും ഉണ്ടാകില്ലായിരുന്നു.”

ടീച്ചർ പറയുന്നതു കേട്ട് രാമുവിനും കൂട്ടുകാർക്കും തങ്ങളുടെ തെറ്റ് മനസ്സിലായി. തങ്ങൾ ചെയ്തതു ശരിയായില്ല എന്നു തിരിച്ചറിഞ്ഞ അവർ മാപ്പു പറഞ്ഞു.

ആ സംഭവത്തിനുശേഷം രാമുവും കൂട്ടുകാരും നല്ല മിടുക്കൻമാരാകുകയും എല്ലാവർക്കും മാതൃകയായി മാറുകയും ചെയ്തു.

ഈ കഥയിൽനിന്ന് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് എന്താണ്? എന്തിനെയും ധൈര്യപൂർവം നേരിടാൻ നമുക്ക് സാധിക്കണം. ബുദ്ധിയും, ധൈര്യവും, ക്ഷമയും, സഹാനുഭൂതിയും എല്ലാം കുട്ടികൾക്ക് ആവശ്യമാണ്. അതെല്ലാം വേണ്ടിടത്ത് പ്രയോജനപ്പെടുത്തി നാം ജീവിക്കണം. എന്നാലേ സമൂഹത്തിൽ നല്ല പൗരരായി വളർന്നുവരാൻ സാധിക്കുകയുള്ളൂ.





# വര

**അനഘ പി മനോജ്**
ക്ലാസ് 3
എ എൽ പി എസ് പുത്തൻതെരു
താനൂർ, മലപ്പുറം



# ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സർക്കാർ സാംസ്കാരികവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മലയാള ബാലസാഹിത്യത്തിനു മികച്ച സംഭാവനകൾ നൽകുന്ന വിവിധ മേഖലകളിലുള്ളവരെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടാണ് പുരസ്കാരങ്ങൾ നൽകിവരുന്നത്. 20,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ. ■

**കഥ/നോവൽ വിഭാഗം**



ഇ എൻ ഷീജ
*(അമ്മ മണമുള്ള കനിവുകൾ)*

**കവിത വിഭാഗം**



മനോജ് മണിയൂർ
*(ചിമ്മിനിവെട്ടം)*

**വൈജ്ഞാനിക വിഭാഗം**



ഡോ. വി രാമൻകുട്ടി
*(എപ്പിഡമിയോളജി - രോഗവ്യാപനത്തിന്റെ ശാസ്ത്രം)*



**ശാസ്ത്ര വിഭാഗം**





ഡോ. മുഹമ്മദ് ജാഫർ പാലോട്, ജനു
*(കൊറോണക്കാലത്തെ ഒരു വവ്വാൽ)*

**ജീവചരിത്രം/ആത്മകഥ വിഭാഗം**



സുധീർ പൂച്ചാലി
*(മാർക്കോണി)*

**വിവർത്തനം/പുനരാഖ്യാനം വിഭാഗം**



ഡോ.അനിൽകുമാർ വടവാതൂർ
*(ഓസിലെ മഹാമാന്ത്രികൻ)*

**ചിത്രീകരണ വിഭാഗം**



സുധീർ പി വൈ
*(ഖസാക്കിലെ തുമ്പികൾ)*

**നാടക വിഭാഗം**



ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ
*(കായലമ്മ)*

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# ത്തകൾ

## ലോകമെമ്പാടും മാതൃഭാഷകൾ ഭീഷണി നേരിടുന്നു – കെ ജയകുമാർ



**ലോ**കമെമ്പാടും മാതൃഭാഷകൾ ഭീഷണി നേരിടുന്നുവെന്ന് കെ ജയകുമാർ ഐ എ എസ്. ലോകമാതൃഭാഷാദിനത്തോട് അനുബന്ധിച്ച് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും നീറമൺകര എൻ എസ് എസ് വനിതാകോളെജ് മലയാളവിഭാഗവുമായി ചേർന്ന് *മാതൃഭാഷയും ബാലസാഹിത്യവും* എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഐ എം ജി ഡയറക്ടറും എഴുത്തുകാരനും കവിയുമായ അദ്ദേഹം.

എല്ലാ ദിവസവും മാതൃഭാഷാദിനമായി ആചരിക്കേണ്ട സാഹചര്യമാണുള്ളത്. എൽ കെ ജി, യു കെ ജി കാലത്തുതന്നെ കുട്ടികൾ മാതൃഭാഷ പഠിക്കുന്നുവെന്ന് രക്ഷിതാക്കൾ ഉറപ്പുവരുത്തണം. കടം വാങ്ങിയ ഭാഷയിലൂടെ എന്തും നേടാമെന്നത് വ്യാമോഹം മാത്രമാണ്.

ഏതു ഭാഷയോടും കിടപിടിക്കുന്ന ഭാഷതന്നെയാണ് മലയാളം. മലയാളഭാഷയെ സംരക്ഷിക്കാൻ മലയാളിക്കുമാത്രമേ കഴിയൂ. ഭാഷ സമ്പന്നമാകുവാൻ അവരവർതന്നെ ശ്രമിക്കേണ്ടതുണ്ട് - അദ്ദേഹം പറഞ്ഞു.

കുട്ടികളോടു സംവദിക്കാൻ കഴിയുന്നതായിരിക്കണം ബാലസാഹിത്യമെന്നും അറിവിനോടാകണം പ്രണയമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എൻ എസ് എസ് വനിതാ കോളെജ് മലയാളവിഭാഗം മുൻ വകുപ്പ് അധ്യക്ഷ ഡോ. സി ആർ അനിത വിഷയാവതരണം നടത്തി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു.

അസിസ്റ്റന്റ് പ്രൊഫസർ ലക്ഷ്മി ദാസ് കവിതാലാപനം നടത്തി. മലയാളവിഭാഗം വകുപ്പ് അധ്യക്ഷ ഡോ. റീജ രവീന്ദ്രൻ, അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. വന്ദന ബി, ഡോ. ഐ ഷീജ എന്നിവർ സംസാരിച്ചു. ■



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 March 2023
Regd KL/TV (N)/399/2021-2023 Published on 28-02-2023 Vol:30, Issue:3, ₹25

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയക്കുക.**

**Account Number : 30583524448 | IFS Code : SBIN0004360**
**Bank: SBI - SPL PBB, Thiruvananthapuram**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org) കൂടി അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ആയും റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.



വര: വെങ്കി